
# വിദ്യാരംഗം

18234



18734


# വിദ്യാരംഗം

വാല്യം III | 1978 ആഗസ്റ്റ് 15 | നമ്പർ 8

## പത്രാധിപക്കുറിപ്പ്

### എല്ലാവരും സഹകരിച്ചെങ്കിൽ!

വിദ്യാർത്ഥികളിൽ കാണുന്ന ശിക്ഷണരാഹിത്യത്തിൽ മനം നൊന്തുകഴിയുന്ന സ്കൂളധികൃതർക്ക് തെല്ലൊരാശ്വാസമരുളുന്നതു് രക്ഷിതാക്കളുടെ സഹകരണം ഒന്നുമാത്രമാണു്. അവർ ഒരുമ്പെട്ടാൽ പലനേട്ടങ്ങളും കൈവരുത്താൻ കഴിയുമെന്നു് ചുറുചുറുക്കോടെ നടക്കുന്ന പല സംഘങ്ങളും വിളിച്ചുകാട്ടുന്നു. ചില സ്കൂളുകളിൽ ചുറുമതിൽ കെട്ടുന്നു. അത്യാവശ്യമുള്ള അകസാമാനങ്ങളും സമ്മാനിക്കുന്നു. കുട്ടികൾക്കു് ഇരിക്കാടം ഉണ്ടാക്കിക്കൊടുക്കുന്നു. വൻതുക സംഭരിച്ചു് സൗധങ്ങളും തന്നെ പടുത്തുയർത്തുന്നു. കഴിഞ്ഞവാരം തിരുവനന്തപുരം ഗവ: മോഡൽ ഹൈസ്കൂളിൽ നടന്ന ഒരു ചടങ്ങു് നമ്മുടെ ശ്രദ്ധയുടെ വിഷയീഭവിക്കേണ്ടതാണു്. ഒന്നരലക്ഷത്തിൽപരം രൂപ ചെലവു വരുന്ന ഒരു സ്കൂളും കെട്ടിടത്തിനു് കേരള ഗവണ്മെന്റ് തറക്കല്ലിട്ടു. പണം സർക്കാരിന്റേതല്ല. പൊതുജനങ്ങളുടെ പക്കൽനിന്നും പിരിച്ചെടുക്കപ്പെട്ടതാണു്. ഇതു് ഒറ്റപ്പെട്ട ഒരു സംഭവമല്ല. ഈ രാജ്യത്തുടനീളം സ്നേഹധനന്മാരും കുടികളോടു കൂറുള്ളവരുമായ രക്ഷിതാക്കളുള്ളിടത്തെല്ലാം പലതോതിലുള്ള പണികളും പൊതുജനങ്ങളുടെ പണം കൊണ്ടു നടത്തപ്പെടുന്നുണ്ടു്. ഇതിൽ നിന്നും മനസ്സിലാകുന്നതു് സ്കൂളുകൾക്കു് ആർക്കും വേണ്ടാത്തവയായി കണക്കാക്കപ്പെടുന്നില്ല എന്നതാണു്. എങ്കിലും വിദ്യാർത്ഥികളിൽ ചിലർക്കും അവർക്കു കൂട്ടായി നിലകൊള്ളുന്ന പലർക്കും സ്ഥാപനത്തോടു കൂറുള്ളതായികാണുന്നില്ല. ഉണ്ടായിരുന്നെങ്കിൽ വളരെ പ്രയത്നിച്ചുപടുത്തുയർത്തുന്ന കെട്ടിടങ്ങളും ഉദ്യാനങ്ങളും മുതലായവയും നശിപ്പിക്കുന്നതിനു് ആർക്കും മനസ്സുവരികയില്ലായിരുന്നു. ഇതിൽനിന്നെല്ലാം മനസ്സിലാകുന്നതു് നമ്മുടെ സമൂഹത്തിൽ എവിടെയോ എന്തൊക്കെയോ ദുഷ്ടു് അടിഞ്ഞുകൂടി കിടപ്പുണ്ടെന്നാണു്. അതെന്താണെന്നു് മനസ്സിലാക്കിഞ്ഞു് മറുവുചെയ്യുന്നതിൽ രക്ഷിതാക്കളും രാഷ്ട്രീയ കക്ഷികളും വിദ്യാർത്ഥിസംഘടനകളും സഹകരിച്ചാൽ എത്ര നന്നായിരുന്നു!



എം. പി. രാമൻ നായർ
പത്രാധിപർ

## ഈ ലക്കത്തിൽ


| | | പുറം |
|---|---|---|
| 1. | The End of the Road | 2 |
| 2. | Emulate the example of the Parent-Teacher Association of Govt: Model H. S. Trivandrum | 3 |
| 3. | വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണം | 6 |
| 4. | സ്വപ്നം | 11 |
| 5. | വിദ്യാഭ്യാസ പരിഷ്കാരങ്ങൾ | 12 |
| 6. | ആര്യന്മാർ അന്യരല്ല | 19 |
| 7. | കുഞ്ഞുണ്ണി | 25 |
| 8. | ആധുനികതയിലേയ്ക്കൊരു നടപ്പാത | 26 |
| 9. | വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ | 29 |
| 10. | സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമായി നടത്തണമെങ്കിൽ | 31 |
| 11. | ഇണയെത്തേടി | 33 |
| 12. | ശാസ്ത്രവും മതവും | 35 |
| 13. | കവിത, പ്രതിഭ, ജീവിതവീക്ഷണം | 39 |
| 14. | കരുണ—ആശാന്റെ കാവ്യസമ്പന്നത | 44 |
| 15. | ഉള്ളൂരിന്റെ കാവ്യകഥകൾ— (vii) മൃണാളിനി | 46 |
| 16. | ബാലംപെൻ | 51 |
| 17. | നമ്മുടെ വിദ്യാലയങ്ങൾ— ഗവ: ഹൈസ്കൂൾ, കാഞ്ഞിരപ്പള്ളി | 52 |
| 18. | തിലോദകം | 57 |
| 19. | ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകൾ ആർഡറുകൾ | 58 |




സഹപത്രാധിപർ: കെ. പി. കൃഷ്ണൻ നായർ

ചിത്രകാരൻ: ചിറയിൻകീഴ് ശ്രീകണ്ഠൻ നായർ


# THE END OF THE ROAD


**N. J. Joseph**
Retd. Headmaster

I've fulfilled my life's mission,
I haven't worked without a vision ;
when I left the portals of my school,
I felt my mind was never so cool.


To be a teacher and to be retired
Is the end of a mission, a service not hired;
Through thick and thin have I served
The youth of my land, ne'er unnerved.

I find before me the end of my road,
For a well-earned rest I put down my load,
Where shall be my haven if not my home ?
There shall I rest and no more roam.

To be with children–that was a pleasure,
To be with books—that was a treasure;
The thoughts of them will linger in my mind,
Nothing sad, nothing cruel will lurk behind.

O children, O brethren, adieu to you !
your company have I missed for nothing new;
Oft in vacant or in pensive mood
My soul will yearn to fill that solitude.

★



# EMULATE THE EXAMPLE OF THE PARENT-TEACHER ASSOCIATION OF GOVT: MODEL H. S. TRIVANDRUM

JOTHI VENCATACHELLUM

[Speech made by Her Excellency, the Governor of Kerala State, on the occasion of the laying of the foundation stone of the new building of the Government Model High School, Trivandrum on the 5th of August 1978.]

I am extremely happy to take part in this evening's proceedings and lay the foundation stone for the new building proposed for the Government Model High School —one of the premier educational institutions of Kerala. It is heartening to note that the building is to be constructed with the efforts of Parent-Teacher Association of this School.

Educational institutions should aim to equip students with knowledge and intellectual excellence that would help them to meet the challenges of life and equally advance social and cultural values. The students must be afforded adequate opportunities and scope for the fuller development of their personalities. The basic idea of education is to develop the faculties and broaden the vision of the youth and enlarge the horizons of knowledge and understanding so as to render the individual student a better and worthier citizen.

A good system of education essentially should aim at adequate facilities in the nature of school buildings, furniture, playgrounds, laboratory equipments and library facilities. In Kerala, in spite of financial stringency and other difficulties, the State has been spending a huge sum on education with a view to providing more and more facilities to students. But the sorry fact remains that in spite of the heavy expenditure on education we have not been able to provide all the facilities in adequate measure. I am told that most of the school buildings require repairs; a fair number are dilapidated and in some cases even insecure. In the matter of other facilities also, much more has to be achieved.

It is not as if the Government is not aware of these problems or that effort is wanting to solve them. It has been estimated that about Rs. 20 crores would be required to effect repairs and rebuild our school buildings. Within the meagre resources of the State, it is not possible to take up these repairs and constructions all on a sudden. A phased programme has to be chalked out to attend to these essential works.

Because of this situation, Government alone cannot undertake this burden on its own. The alternative is for the public, the




Her Excellency the Governor of Kerala Smt. Jothi Venkatachellum is addressing before laying the foundation stone of Rs. 1. 5 lakh building of Govt. Model High School. On the extreme right is Sri. K. Uppiliappan, Director of Public Instruction, Kerala State.

Parent-Teachers' Associations especially, to come forward and join hands willingly with the authorities in setting up new buildings, repairing old ones, providing furniture, laboratory equipments and so on. I am very happy to note that the enlightened people of Kerala have always been in the forefront in undertaking this burden and responsibility in ample measure. The various school buildings that have sprung up in many parts of the State as a result of the efforts of Parent-Teachers' Association over the past few years, is sufficient testimony for this.

I am particularly gratified to note the progressive role the Parent- Teacher Association of the Government Model High School has been playing in the welfare and development of this institution. It is only about eight years now that this Association was formed, and it has been working creditably for the proper functioning of this institution and the social, cultural and educational advancement of the students.

The activities of the Parent-Teachers' Association of this School are diversified indeed, ranging from arranging the repair of old furniture, installation of an inter-communication telephone system, a boarding for students and the running of a School bus. The latest endeavour





Photo taken soon after her Excellency the Governor of Kerala has laid the foundation Stone of the building worth for Rs. 1.5 lakh of Govt. Model High School, Trivandrum. On the extreme left is Sri. K Uppiliappan, Director of Public Instruction and at the extreme right is Sri. N. Madhavan Pillai, Headmaster of the School. Members of the Executive Committee of the Parent-Teacher Association of the School are also seen in the picture.

of the Association is to construct an additional building for the school with the help of the parents and teachers. The Parent–Teacher Associations can play a very useful role in the running of the school. It establishes a very useful and purposeful relationship among the students, the teachers and the parents and the public in general. The school can run on healthy lines if the parents take genuine interest in the welfare of the School and it will help also to develop a very healthy atmosphere in the school. I feel that many of the problems of indiscipline in schools can be effectively tackled by the healthy working of the Parent–Teacher Associations. I am happy that this school is having the advantage of a very active and enthusiastic Parent–Teacher Association. I congratulate the Parent–Teacher Association on their signal successes in the past in the service of this school and its students and wish them all success in their future endeavours. I would also call upon the Parent–Teacher Associations of other schools in the State to emulate the example of this Association.

With these few words I take great pleasure in laying the foundation stone of the new building and hope that the Association will spare no efforts to construct the building in minimum time.

[27-7-78 മുതൽ തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ വച്ചു നടന്ന മേഖലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറന്മാരുടെയും, ജില്ലാ വിദ്യാഭ്യാസ ആഫീസറന്മാരുടെയും ത്രിദിന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ജനാബ് യു. എ. ബീരാൻ ചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം]



# വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണം


യു. എ. ബീരാൻ


വിദ്യാഭ്യാസ വകുപ്പുമന്ത്രി


വളരെ വിപുലമായ ഒരു വകുപ്പാണ് വിദ്യാഭ്യാസ വകുപ്പ്; അതുകൊണ്ടു തന്നെ സംസ്ഥാനത്തിലെ മിക്കവാറും എല്ലാ ജനങ്ങളെയും ഒരു നിലയ്ക്കില്ലെങ്കിൽ മറെറാരു നിലയിൽ സ്പർശിക്കുന്ന ഒരു വകുപ്പാണ് ഇതു്. അതിനാൽ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാക്ക് വളരെ അധികം പ്രാധാന്യം ഉണ്ടു്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ അനുപേക്ഷണീയമായ മാറ്റങ്ങളാണെന്നു് എല്ലാവരും വാദിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ എല്ലാവരും അതീവ ശ്രദ്ധാലുക്കളായിരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ദേശീയതലത്തിൽത്തന്നെ ഇതു് ഒരു ചർച്ചാവിഷയമാണിന്നു്. വിദ്യാഭ്യാസത്തിന്റെ രൂപഭാവങ്ങളിൽ വരേണ്ട മാറ്റത്തെ സംബന്ധിച്ചു് ചർച്ചചെയ്യാൻ അഖിലേന്ത്യാ വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനം ഈ അടുത്തകാലത്തു കൂടുകയുണ്ടായി. എല്ലാ സംസ്ഥാനങ്ങളിലും എലിമെൻററി, സെക്കൻഡറി, ഹയർ സെക്കൻഡറി എന്നീതലങ്ങളിൽ വിദ്യാഭ്യാസം ഒരുപോലെ നടപ്പാക്കണമെന്നും, പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കണമെന്നും, പന്ത്രണ്ടുകൊല്ലക്കാലമായിരിക്കണം സ്കൂൾ വിദ്യാഭ്യാസമെന്നുമാണു് കേന്ദ്ര ഗവണ്മെൻറിന്റെ പരിഗണനയിലുള്ള നിർദ്ദേശം. നമ്മെ സംബന്ധിച്ചിടത്തോളം ഹൈസ്കൂൾ വിദ്യാഭ്യാസം 12 കൊല്ലമാക്കുന്നതിനു് ചില പ്രയാസങ്ങളുണ്ടു്. പത്തു വർഷത്തെ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞതിനുശേഷമുള്ള രണ്ടു കൊല്ലം വൊക്കേഷണലൈസേഷനു് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നിലയിൽ ഉന്നത വിദ്യാഭ്യാസം കുറെക്കൂടി പരിമിതമാക്കണമെന്നുള്ളതാണു്


ഇന്നത്തെ ദേശീയമായ കാഴ്ചപ്പാട്. ആ കാഴ്ചപ്പാട് എത്ര തന്നെയായിരുന്നാലും വിദ്യാഭ്യാസത്തിന്റെ ഗുണപരമായ നിലമെച്ചപ്പെടുത്തുന്നതിലായിരിക്കണം നാം പ്രധാനമായി ശ്രദ്ധിക്കേണ്ടതെന്ന് ഞാൻ ആവർത്തിച്ചു നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

എത്രതന്നെ ശ്രദ്ധിച്ചാലും വളരെയധികം വിമർശനങ്ങൾക്ക് വിധേയമാകുന്ന ഒന്നാണ് നിങ്ങൾ കൈകാര്യം ചെയ്യുന്ന ഈ വകുപ്പ്. പൊതുജനങ്ങൾ ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയധികം ജാഗരൂകരാണെന്നും, നമ്മുടെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾ വിലയിരുത്തുന്നുണ്ടെന്നുമുള്ള ബോധത്തോടെ വേണം നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന കാര്യം നിർവ്വഹിക്കേണ്ടതും എന്നകാര്യവും ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസ വകുപ്പ് പുനഃസംഘടന ആവശ്യമാണെന്നും എല്ലാവർക്കും അറിയാം. അതിനു പ്രധാനമായിട്ടുള്ള കാരണം ജില്ലാവിദ്യാഭ്യാസ ആഫീസറന്മാർ ഇന്നു നിർവ്വഹിക്കേണ്ടിവരുന്ന ഭാരിച്ച ചുമതലയാണല്ലോ. ഭരണപരമായ കാര്യ



മേഖലാ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറന്മാരുടെയും, ജില്ലാ വിദ്യാഭ്യാസ ആഫീസറന്മാരുടെയും ത്രിദിന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹു:വിദ്യാഭ്യാസ മന്ത്രി ജനാബ് യു. എ. ബീരാൻ പ്രസംഗിക്കുന്നു.



മേഖലാ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറന്മാരുടെയും, ജില്ലാ വിദ്യാഭ്യാസ ആഫീസറന്മാരുടെയും ത്രിദിനസമ്മേളനത്തിൽ പങ്കെടുത്തവർക്ക് വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. കെ. ഉപ്പിലിയപ്പൻ സ്വാഗതമരുളുന്നു.


ങ്ങളും, അക്കാഡമിക് കാര്യങ്ങളും, ഒന്നിച്ചുകൊണ്ടുപോകാൻ ഇന്നു് നിങ്ങളം ബുദ്ധിമുട്ടുന്നുണ്ടെന്നു് ഞാൻ കരുതുന്നു. പല സ്ഥലങ്ങളിൽ നിന്നും പലതരത്തിലുള്ള വിമർശനങ്ങളും ഉണ്ടാകുന്നതിനു് കാരണവും ഇതുതന്നെയാണു്. ഇപ്പോഴും സ്കൂളും പരിശോധനാ സമ്പ്രദായം വളരെയധികം ഫലപ്രദമല്ല. ഇതു് ഫലവത്താവണമെങ്കിൽ ഇൻസ്പെക്ഷൻ വിംഗ് കൂടുതൽ ശക്തിപ്പെടേണ്ടതായിട്ടുണ്ടു്. പക്ഷേ, അതു് എങ്ങനെ ചെയ്യണമെന്നു് നാം കാര്യമായി ചിന്തിക്കണം.

ജില്ലാ വിദ്യാഭ്യാസ ആഫീസറന്മാർക്കു് വളരെയധികം പരിമിതികളുണ്ടു്; ബുദ്ധിമുട്ടുകളുണ്ടു്. ചില ജില്ലാ വിദ്യാഭ്യാസ ആഫീസറന്മാർക്കു് വളരെ വ്യാപകമായിട്ടുള്ള പരിധിയുണ്ടു്. അവിടെയെല്ലാം എത്തിച്ചേരാൻ അവക്കു് സാധിക്കുന്നില്ല. എല്ലാ ഹൈസ്കൂളിലും വർഷത്തിൽ ഒരിക്കലെങ്കിലും എത്താൻ അവക്കു കഴിയുമോ എന്ന കാര്യവും സംശയഗ്രസ്തമാണു് ഇക്കാരണത്താലായിരിക്കാം പലപ്പോഴും പല പരാതികളും ഉണ്ടാകുന്നതു്. പരാതികളും കൂടുതൽ ഉണ്ടാകാതിരിക്കാൻ വേണ്ടി നമ്മളെല്ലാവരും കൂടുതൽ ശ്രദ്ധിക്കേണ്ട

തായിട്ടുണ്ട്. വിമർശനങ്ങളും കഴിയുന്നതും ഒഴിവാക്കത്തക്ക രീതിയിലുള്ള പ്രവർത്തന ശൈലി നിങ്ങളും ആവിഷ്കരിച്ചേ തീരൂ.

അധ്യാപകരുടെ സ്ഥലം മാറ്റ പ്രശ്നങ്ങളെ രാഷ്ട്രീയമായി കാണുന്നവരുണ്ട്, വിമർശിക്കുന്നവരുണ്ട്. ഈ പ്രശ്നത്തിനു മാനുഷികമായ വശങ്ങളുണ്ടെന്നു നാം ഓർക്കണം. ചില അധ്യാപകർക്കു അവർ ഇഷ്ടപ്പെടുന്ന സ്ഥലങ്ങളിൽ സ്ഥലംമാറ്റം കൊടുക്കാൻ സാധിച്ചെന്നു വരില്ല. പക്ഷേ, സാധ്യമാകുന്നിടത്തോളം സൗകര്യപ്രദമായി അവ ചെയ്തു കൊടുക്കേണ്ടതാണു്. മനുഷ്യത്വപരമായ കാര്യങ്ങളെയും മറ്റും കണക്കിലെടുത്തുകൊണ്ടു് സ്ഥലമാറ്റ ഉത്തരവുകളും നല്കുമ്പോൾ ആ ഉത്തരവുകളും പല പല ഡി. ഇ. ഓ. മാരുടെയും ആഫീസുകളിൽ ചർച്ചാവിഷയമാകുന്നതു് സുഖകരമായ ഒരു സംഗതിയാണെന്നു് എനിക്കു് തോന്നുന്നില്ല. സാധാരണഗതിയിൽ ഇത്തരം ഉത്തരവുകൾക്കു് ശരിയായ വിധത്തിൽ വ്യാഖ്യാനം നല്കിക്കൊണ്ടു് അവ നടപ്പാക്കാൻ ശ്രമിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.


വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാർ അവരുടെ പ്രമതലകളെ സംബന്ധിച്ചിടത്തോളം ശ്രദ്ധിക്കുന്നില്ല എന്ന തരത്തിൽ വിമർശനങ്ങളും വരുന്നുണ്ട്. അതുമുഴുവനും നിങ്ങളുടെ വീഴ്ച



ത്രിദിനസമ്മേളനത്തിൽ പങ്കെടുത്തിരുന്നവരുടെ ഒരു ദൃശ്യം

കൊണ്ടാണെന്നു് എനിക്കഭി പ്രായമില്ല. സ്ക്കൂൾ കെട്ടിടങ്ങളുടെ സൗകര്യങ്ങൾ ഇന്നു് വളരെയധികം പരിമിതമായിട്ടുള്ള ഒന്നാണു്. അതെല്ലാം പരിഹരിക്കുവാൻ നിങ്ങൾ മാത്രം വിചാരിച്ചാൽ സാദ്ധ്യമാവുകയില്ല എന്നും എനിക്കറിയാം. എന്നിരുന്നാലും ചെയ്യാൻ സാദ്ധ്യമാകുന്ന കാര്യങ്ങൾ കാലേകൂട്ടിത്തന്നെ ആലോചിച്ചു് വേണ്ടമാതിരി സന്ദർഭത്തിനനുസരിച്ചു് ചെയ്യാൻ ശ്രമിക്കണം. സ്ക്കൂളുകളുടെ പ്രവർത്തനം സുഗമമാക്കിത്തീർക്കാൻ നാട്ടുകാരുടെ സഹകരണം അത്യന്താപേക്ഷിതമാണു്. എല്ലാം ഗവണ്മെൻറുതന്നെ ചെയ്യണമെന്ന നില മാറി ജനങ്ങളുടെ സഹായസഹകരണങ്ങളോടെ സ്കൂളിനാവശ്യമായ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കണം. ജനങ്ങളുമായി ബന്ധപ്പെട്ടാലേ ഇതു് നടക്കൂ. പല സ്ഥലത്തും അധ്യാപക-രക്ഷാകർതൃ സമിതികൾ രൂപവത്ക്കരിച്ചിട്ടുണ്ടെങ്കിലും അവയെല്ലാംതന്നെ ഫലപ്രദമായി പ്രവത്തിക്കുന്നുണ്ടു് എന്നു ഞാൻ കരുതുന്നില്ല. അവയെ ഫലപ്രദമായി പ്രവത്തിപ്പിക്കണമെന്നും, കമ്മ്യൂണിറ്റിപാർട്ടിസിപ്പേഷൻ ഉണ്ടാക്കണമെന്നുമാണു് എനിക്കു് നിങ്ങളെ ഓർമ്മിപ്പിക്കുവാനുള്ളതു്.

ഗവണ്മെൻറിൻെറ വരുമാനത്തിൽ വളരെയധികം വിദ്യാ



വിദ്യാഭ്യാസ ജോയിൻറു് ഡയരക്ടരും വിദ്യാരംഗം ചീഫു് എഡിറ്ററുമായ ശ്രീ. കെ. ജേക്കബു് ചെറിയാൻ ത്രിദിനസമ്മേളനത്തിൽ പങ്കെടുത്തിരുന്നവർക്കു് നന്ദി രേഖപ്പെടുത്തുന്നു.

ഭ്യാസത്തിനുവേണ്ടി ചെലവഴിക്കുകയാണു്. ഇതുമായധികം ചെലവഴിക്കുന്ന സ്റ്റേറ്റുകളും വളരെ കുറവാണു്. എന്നിട്ടും നാം ഈ രംഗത്തു് വളരെയധികം കഷ്ടതയനുഭവിക്കുന്നുണ്ടു്. അവ എങ്ങനെ തരണം ചെയ്യാമെന്നു് നിങ്ങളാലോചിക്കണം. വിദ്യാഭ്യാസരംഗത്തെ ഭരണാധികാരികളെന്ന നിലയ്ക്കു് നിങ്ങൾക്കു് ഭാരിച്ച ഉത്തരവാദിത്വമുണ്ടു്. ആ ഉത്തരവാദിത്വം നിങ്ങൾ ശരിക്കു് നിർവ്വഹിക്കണമെന്നും നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസരംഗത്തു് ആജ്ഞിച്ചിട്ടുള്ള സദ്‌യശസ്സു് നിലനിറുത്തുന്നതിനുവേണ്ടി നിങ്ങളെല്ലാപേരും ആത്മാർത്ഥമായി പരിശ്രമിക്കണമെന്നും അഭ്യർത്ഥിച്ചു കൊള്ളുന്നു.

യഥാസമയം സ്‌കൂളുകളിൽ ആവശ്യമായത്ര അധ്യാപകരെ നിയമിക്കുന്നതു കാര്യത്തിലും ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ടു്. ഉത്തരകേരളത്തിന്റെ പല ഭാഗങ്ങളിലും ആ ബുദ്ധിമുട്ടുകൾ വളരെയധികം അനുഭവപ്പെടുന്നുണ്ടു്. ഫിക്‌സേഷൻ കഴിഞ്ഞാൽത്തന്നെയും വേണ്ടത്ര അധ്യാപകർ ഇല്ലാത്ത ബുദ്ധിമുട്ടുകൾ ധാരാളമുണ്ടു്. അവ പരിഹരിക്കുന്ന കാര്യത്തിലും നിങ്ങളുടെ സജീവ ശ്രദ്ധ പതിയണം. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഡയരക്ടർ തന്നിട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ താത്‌ക്കാലിക നിയമനം നടത്താനുള്ള അധികാരവും നല്‌കിയിട്ടുള്ളതായി അറിയുന്നു. ആ അധികാരം ശരിയായി ഉപയോഗിച്ചു് അധ്യാപകന്മാരില്ലാത്തതുകൊണ്ടു് കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുന്നില്ല എന്ന പരാതി കഴിയുന്നത്ര ഒഴിവാക്കാൻ നിങ്ങൾ ശ്രമിക്കണം. ഇതെല്ലാം വളരെ ചെറിയ കാര്യങ്ങളാണെന്നു് നിങ്ങൾക്കു തോന്നുമെങ്കിലും നാട്ടുകാരെ സംബന്ധിച്ചു് അവ അതി പ്രധാനങ്ങളാണെന്നു് നിങ്ങൾ ഓർക്കണം.

ഞാൻ പറഞ്ഞ കാര്യങ്ങളിലെല്ലാം ഊന്നൽ നല്‌കിക്കൊണ്ടു് ഫലപ്രദമായ ചർച്ചകൾ ഇവിടെ നടക്കുമെന്നു് ഞാൻ കരുതുന്നു. നിങ്ങളുടെ ഈ സമ്മേളനത്തിനു സകലവിധ വിജയങ്ങളുമാശംസിച്ചുകൊണ്ടു് ഈ യോഗം ഞാൻ ഔപചാരികമായി ഉദ്ഘാടനം ചെയ്തുകൊള്ളുന്നു. നിങ്ങൾക്കു് നന്ദി.

[റിപ്പോർട്ടു് തയാറാക്കിയതു്: ശ്രീ. കെ. പി. കൃഷ്ണൻ നായർ]

# സ്വപ്നം

വിദ്വാൻ പി. ബാലചന്ദ്രൻ നായർ
എ. യു. പി. എസ്സു്., കരുവെള്ളൂർ



മനോഹരീ നിൻ മരവുരി ചാർത്തിയ
മാറിൽ മലരുകൾ വിരിയുമ്പോൾ
മതിയിൽക്കാണും കലപോൽ മനസ്സിൽ
മധുമതിയിന്നു വിരുന്നെത്തി.

അമ്പിളി, പൊയ്കയിലായിരമായിര-
മാമ്പൽപ്പൂക്കൾ വിടർത്തുമ്പോൾ
അബലേ! നീയെന്നകതാരിലൊരു
അമ്പല ദീപവുമായെത്തി.

കണ്ണുമിഴികളിലിന്ദ്രധനസ്സിനെ
കണ്ണുമടിക്കും ഭാവങ്ങൾ
കല്പനയായു് ഞാൻ കല്പടവുകളിൽ
കമ്പിത ഗാത്രവുമായെത്തി.

# വിദ്യാഭ്യാസ പരിഷ്കാരങ്ങൾ



മേരിക്കുട്ടി എബ്രഹാം

ഡി. ബി. യു. പി. സ്കൂൾ, തലയോലപ്പറമ്പ്

[എൻ. സി. ഇ. ആർ. ടി. അധ്യാപകർക്കുവേണ്ടി നടത്തിയ പ്രബന്ധ മത്സരത്തിൽ പ്രൈമറിവിഭാഗത്തിൽ രണ്ടാം സമ്മാനാർഹമായ ലേഖനം.]

വിദ്യാർത്ഥിയുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകളെ വികസിപ്പിച്ച് ഏതു് അഗ്നിപരീക്ഷണ ഘട്ടത്തിലും മനസ്സിന്റെ സമതുലിതാവസ്ഥയ്ക്ക് ഭംഗം വരാതെ, വ്യക്തിയെ ധൈര്യവാനാക്കുകയും തന്റെ മനസ്സാക്ഷിയുടെ ശക്തി കേന്ദ്രങ്ങളിൽ കൂടുതൽ കരുത്തു് പകർന്നുകൊടുത്തു് തന്റെ സമൂഹത്തെ സേവിച്ചുകൊണ്ടു് പ്രകൃതിയുടെ മാറ്റങ്ങൾക്കനുസരണമായി ജീവിക്കുന്നതിനുമുള്ള ഒരുതയ്യാറെടുപ്പാണ വിദ്യാഭ്യാസം. മനുഷ്യനെ സത്യസന്ധനും ആരോഗ്യവാനും ധൈര്യശാലിയുമാക്കിത്തീർത്ത അവന്റെ വ്യക്തിത്വത്തെ വികസിപ്പിച്ച് സ്വയം തീരുമാനങ്ങളിലെത്തിച്ചേരുന്നതിനും സ്വയം ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനും അവനെ പ്രാപ്തനാക്കിത്തീർക്കുക എന്നതാണു് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

ഈ ലക്ഷ്യപ്രാപ്തിക്കു് ഉതകുന്നതാണോ ഇന്നത്തെ വിദ്യാഭ്യാസരീതി എന്നു് ആഴമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കൂടുതൽ അറിയുന്നതിനും പ്രവർത്തിക്കുന്നതിനും ജിജ്ഞാസ കൂടുതലുള്ളവരാണു് പ്രൈമറി ഘട്ടത്തിലെ വിദ്യാർത്ഥികൾ. ജിജ്ഞാസാരോഗിതമായ ഈ ഇളം മനസ്സുകളിലേക്കു് വിജ്ഞാനമാകുന്ന നല്ല വിത്തുകൾ വിതച്ചുകൊടുത്താൽ അവ വളർന്നു് പുഷ്ടിച്ചു് നല്ല ഫലങ്ങൾ രാഷ്ട്രത്തിനു് സംഭാവന ചെയ്യുമെന്നുള്ളതിനു് സംശയമില്ല. കുട്ടികളുടെ ശാസ്ത്രം വളരെ ലളിതമായിരിക്കണം. പ്രത്യേകിച്ചും ശാസ്ത്രവിഷയങ്ങളുമായി ആദ്യമായി പരിചയപ്പെടുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം. തികച്ചും വിരസവും മനസ്സിലാക്കാൻ പറ്റാത്തതുമാണു് ശാസ്ത്രവിഷയങ്ങളെന്ന തെറ്റിദ്ധാരണ ഇളം മനസ്സുകളിൽ കടന്നുകൂടിയാൽ അവർ ശാസ്ത്രവിരോധികളായി മാറും. അതിനാൽ കഠിനപദപ്രയോഗങ്ങളും കുറച്ച്, സാങ്കേതികതയേക്കാളും കഥാരൂപത്തിനു പ്രാധാന്യം നല്കണം.

പ്രൈമറി ഘട്ടത്തിന്റെ ഒടുവിൽ പഠിത്തം നിർത്തിയേക്കാവുന്ന ഒരു വിദ്യാർത്ഥി എന്തൊക്കെ കാര്യങ്ങളും ഏഴുവർഷം കൊണ്ടു് നേടിയിരിക്കണമെന്നും, ഹൈസ്കൂൾ പഠനത്തിനു് ഇതു് എത്രമാത്രം പ്രയോജനപ്പെടുന്നുവെന്നും മനസ്സിലാക്കി, കുട്ടികളുടെ പ്രായവും കഴിവും കണക്കിലെടുത്തുകൊണ്ടുവേണം സിലബസ്സു് നിർണ്ണയിക്കാൻ. കുട്ടികളിൽ ഒരുവലിയവിഭാഗം ദരിദ്രരാണെന്നും ആ ദരിദ്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ അനേകായിരം പേർ പ്രൈമറിക്ലാസ്സുകളിൽ വിദ്യാഭ്യാസം അവസാനിപ്പിക്കുകയും ചെയ്യുന്നുവെന്നുള്ളതു് ഒരു ദുഃഖ

സത്യമാണ്. ഇടയ്ക്ക് കൊഴിഞ്ഞുപോകുന്ന ഈ കുട്ടികൾക്ക് എഴുത്ത്, വായന, കണക്കുകൂട്ടൽ എന്നിവയിൽ സാമാന്യജ്ഞാനം നല്കാനും ചുറ്റുപാടുമുള്ള ലോകത്തെ സാമാന്യം മനസ്സിലാക്കി അതുമായി ബുദ്ധിപൂർവ്വം ബന്ധപ്പെടാനുമുള്ള കഴിവ് നേടാനും പ്രൈമറി വിദ്യാഭ്യാസത്തിന് കഴിയണം. അപ്രകാരംതന്നെ ഹൈസ്ക്കൂൾ വിദ്യാഭ്യാസംകഴിഞ്ഞ് പുറത്തുവരുന്ന ഒരു വിദ്യാർത്ഥിക്ക്, അവന് കോളേജ് പഠനത്തിനു സൗകര്യം ലഭിക്കുന്നില്ലെങ്കിൽത്തന്നെയും സ്വയം ഒരു തൊഴിൽ കണ്ടെത്താൻ അവനെ പ്രാപ്തനാക്കിത്തീർക്കത്തക്ക വിധത്തിലുള്ളതായിരിക്കണം ഹൈസ്കൂൾ വിദ്യാഭ്യാസം. കോളജ് വിദ്യാഭ്യാസത്തിന്റെ അർത്ഥം ഡിഗ്രി സമ്പാദനം മാത്രമല്ല, ഏതു ജോലിയും ചെയ്യാനുള്ള ആത്മവിശ്വാസം നേടുകയാണ് എന്ന തത്വം വിദ്യാർത്ഥികൾ മനസ്സിലാക്കണം.

നമ്മുടെ വിദ്യാഭ്യാസരംഗത്തു പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും അങ്ങനെ നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വേണ്ടി വളരെക്കാലങ്ങളായി നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വിദേശഭരണകാലത്തു ക്ലാർക്കുമാരെ വാർത്തെടുക്കാൻവേണ്ടി ആവിഷ്കരിച്ച വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അലകും പിടിയും മാറണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വിദ്യാഭ്യാസമന്ത്രിമാർ അതിനുവേണ്ടി പരിശ്രമിച്ചിട്ടുണ്ട്. പല വിദഗ്ദ്ധക്കമ്മിഷനുകളും വിദ്യാഭ്യാസപരിഷ്കരണത്തെപ്പറ്റി പഠനം നടത്തിക്കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന വിദ്യാഭ്യാസം, തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം എന്നിങ്ങനെ പല വിദ്യാഭ്യാസ പരിഷ്കാരങ്ങളും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പിലാക്കിയ പരിഷ്കാരങ്ങൾകൊണ്ട് വിദ്യാഭ്യാസരീതിയുടെ ഗുണവശം കാര്യമായി മെച്ചപ്പെട്ട എന്നു പറയുവാൻ സാദ്ധ്യമല്ല. മാറിവരുന്ന പരിതഃസ്ഥിതികളും ആവശ്യങ്ങളും കണക്കിലെടുത്തു വിദ്യാഭ്യാസരീതിയിലും ഉള്ളടക്കത്തിലും മാറ്റം വരുത്തേണ്ടതു ആവശ്യമാണ്. നിലവിലുള്ള സംവിധാനം ഇളക്കിമറിക്കാതെ പുതിയ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം ഭേദഗതി ചെയ്യണം.

സ്കൂൾ വിദ്യാഭ്യാസം എട്ട്+നാല് ആക്കി മാറ്റണമെന്നുള്ള കേന്ദ്ര വിദ്യാഭ്യാസമന്ത്രി ഡോ: പി.സി. ചുന്ദറുടെ അഭിപ്രായം നമുക്ക് സ്വീകാര്യമല്ല. ആറാം പദ്ധതിയുടെ അവസാനത്തിനു മുമ്പ് പത്ത് + രണ്ട് വർഷ സ്കൂൾ വിദ്യാഭ്യാസരീതി രാജ്യവ്യാപകമായി നടപ്പിലാക്കാൻ, കഴിഞ്ഞ ആഗസ്റ്റിൽ നടന്ന വിദ്യാഭ്യാസമന്ത്രിമാരുടെ സമ്മേളനം തീരുമാനിച്ചതാണ്. പല സംസ്ഥാനങ്ങളും പത്ത് + രണ്ട് വർഷ വിദ്യാഭ്യാസരീതി നടപ്പിലാക്കാൻ വേണ്ട നടപടികളും നടത്തിക്കഴിഞ്ഞു. ഇൻഡ്യയിൽ സ്കൂൾ വിദ്യാഭ്യാസരീതിക്ക് ഒരു പൊതുസ്വഭാവം ആവിഷ്കരിക്കേണ്ടതു അത്യാവശ്യമാണ്. പഞ്ചാബ്, ബംഗാൾ, യു.പി. തുടങ്ങിയ സംസ്ഥാനങ്ങളിൽ 10 വർഷസ്കൂൾ വിദ്യാഭ്യാസമാണ് നിലവിലുള്ളത്. മദ്രാസ്, ബീഹാർ, ബോംബെ ഒറീസ്സാ എന്നീ സംസ്ഥാനങ്ങളിൽ 11 വർഷ സ്കൂൾ വിദ്യാഭ്യാസവും നിലനിന്നിരുന്നു. ആസ്സാമിൽ അത് 12 വർഷവുമായിരുന്ന സെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസ കമ്മിഷൻ ഈ പ്രശ്നം മൊത്തത്തിൽ പുനഃപരിശോധിക്കുകയും 10+2+3 എന്ന വിദ്യാഭ്യാസരീതി നിർദ്ദേശിക്കുകയും ചെയ്തു. 10-ാം സ്റ്റാൻഡാർഡിൽ പൊതുപരീക്ഷ എന്നതാണ് ആ പദ്ധതിയുടെ ഉള്ളടക്കം. ഈ പദ്ധതി തന്നെ പല സംസ്ഥാനങ്ങളും നടപ്പിലാക്കിയിട്ടില്ല. ഈ പരിതഃസ്ഥിതിയിൽ എട്ട്+നാല് വിദ്യാഭ്യാസരീതി നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതു ഒട്ടുംതന്നെ ഉചിതമല്ല. എട്ട്+നാല് വിദ്യാഭ്യാസ സംവിധാനത്തെ ഉലയ്ക്കുമെന്നതു തീർച്ചയാണ്. പ്രത്യേകിച്ച് കേരളം പോലെ 10+2 വർഷപദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനങ്ങളിൽ പുതിയ പദ്ധതി വളരെ പ്രായോഗിക വിഷമതകൾ സൃഷ്ടിക്കും.

ഇന്ന് നമ്മുടെ രാജ്യത്ത് അഞ്ചാം സ്റ്റാൻഡാഡുവരെയുള്ള 5 ലക്ഷം പ്രൈമറി സ്കൂളുകളും, എട്ടാം സ്റ്റാൻഡാർഡുവരെയുള്ള ഒരു ലക്ഷം മിഡിൽ സ്കൂളുകളുമുണ്ട്. അവ 10+2 വർഷ സ്കൂളുകളായി ഉയർത്തണമെങ്കിൽ അനേകായിരം കോടിരൂപ അധികച്ചെലവു വരുമെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ഭരണഘടന നല്കുന്ന മാർഗ്ഗനിർദ്ദേശം വിദ്യാഭ്യാസം ആഗ്രഹിക്കുന്ന ലക്ഷോപലക്ഷം കുട്ടികളുടെ ഭാവിയെ ലക്ഷ്യമാക്കിയിട്ടുള്ളതാണു്. സാമ്പത്തികബുദ്ധിമുട്ടുകൊണ്ടു് സ്റ്റാൻഡാർഡുകളുടെ എണ്ണം കുറയ്ക്കുന്നതു് ശരിയല്ല. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടു് ലക്ഷ്യം ഉടനടി നേടാൻ സാധിച്ചില്ലെങ്കിൽത്തന്നെയും ഘട്ടം ഘട്ടമായി ലക്ഷ്യം നേടുന്നതിനു ശ്രമിക്കുകയാണു് വേണ്ടതു്. ദീർഘകാലത്തെ പരീക്ഷണങ്ങളുടെയും പഠനങ്ങളുടെയും ഫലമായിരൂപംകൊടുത്ത 10+2 വർഷ സ്കൂൾ വിദ്യാഭ്യാസ രീതിക്കു് മാറ്റം വരുത്തുന്നതു് നന്നല്ല. അതു് നമ്മുടെ വിദ്യാഭ്യാസനിലവാരത്തെ ദോഷകരമായി ബാധിക്കും.

ഓരോ സംസ്ഥാനത്തിനും നിലവിലുള്ള പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുത്തു് ആ സംസ്ഥാനത്തെ ജനങ്ങൾക്കു് പരമാവധി പ്രയോജനപ്പെടുന്ന രീതിയിൽ ഒരു വിദ്യാഭ്യാസസംവിധാനം ഏർപ്പെടുത്തുന്നതു് നന്നായിരിക്കും. എന്നാൽ ഏതു വിദ്യാഭ്യാസ പരിഷ്കാരം നടപ്പിലാക്കുമ്പോഴും രാജ്യത്തിന്റെ അടിസ്ഥാനപരമായ ഐക്യം നിലനിറുത്തേണ്ടതത്യാവശ്യമാണു്. ഈ ഉദ്ദേശ്യം സാധിക്കണമെങ്കിൽ വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തണം. ഭിന്ന ഭാഷകളും ആചാരങ്ങളും സംസ്കാരങ്ങളും നിലനിൽക്കുന്ന ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്തു് ഒരു ഏകീകൃത വിദ്യാഭ്യാസം നടപ്പിലാക്കുക അപ്രായോഗികമാണു്. സംസ്ഥാനങ്ങളുടെ പൂർണ്ണ സ്വാതന്ത്ര്യത്തിലിരിക്കുന്ന വിദ്യാഭ്യാസം, കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒപ്പം അധികാരമുള്ള കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു് നന്നായിരിക്കും.

വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ പേരിൽ ഇംഗ്ലീഷ് ഭാഷ വിദ്യാഭ്യാസ രംഗത്തു നിന്നും തുടച്ചുമാറ്റാൻ ശ്രമിക്കുന്നതു് അപകടകരമാണു്. ദീർഘകാലത്തെ വിവാദത്തിനു ശേഷം ഇൻഡ്യ ഒരു ത്രിഭാഷാപദ്ധതിയാണു് വിദ്യാഭ്യാസരംഗത്തു് അംഗീകരിച്ചിട്ടുള്ളതു്. മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി അടക്കം മറേറതെങ്കിലും ഒരു ഭാഷ എന്നതാണു് ആ പദ്ധതിയുടെ കാതൽ. ഈ പദ്ധതിതന്നെ തുടരുന്നതാണു് നന്നു്. ഭാഷയുടെ പേരിൽ സംഘർഷം സൃഷ്ടിക്കുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കാതിരിക്കുന്നതാണു് ഉത്തമമായിട്ടുള്ളതു്.

നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഇന്നു വിദ്യാഭ്യാസരംഗത്തുകാണപ്പെടുന്ന പല അസ്വസ്ഥതകളും നീക്കുന്നതിനുമായി എന്തെല്ലാം പരിഷ്കാരങ്ങൾ നമുക്കു് സ്വീകരിക്കാം എന്നുനോക്കാം. ആദ്യമായി നമ്മുടെ വിദ്യാഭ്യാസനിലവാരത്തെപ്പററി ചിന്തിക്കാം. നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയർന്നതാണെന്നു പറയുവാൻ നിവൃത്തിയില്ല. സിലബസ്സിനു് ഉൾക്കനവും പരപ്പും പൊതുവെ കൂടുതലാണു്. അതുയും പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർക്കാൻ അദ്ധ്യാപകർക്കു വേണ്ടത്ര സമയം ലഭിക്കുന്നില്ല. നിശ്ചിത ശതമാനം വിദ്യാർത്ഥികളെ വിജയിപ്പിക്കണമെന്നുള്ള ഗവണ്മെൻറിന്റെ തീരുമാനവും വിദ്യാഭ്യാസ നിലവാരത്തെ തരം താഴ്ത്തുന്നു. അർഹതയില്ലാത്ത വിദ്യാർത്ഥികൾക്കും പ്രൊമോഷൻ ലഭിക്കുന്നു. വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം കാര്യങ്ങൾ നമുക്കു ചെയ്യാൻസാധിക്കുമെന്നു നോക്കാം:

ഒന്നാമതായി നമ്മുടെ സിലബസ്സു് പരിഷ്കരണം. സിലബസ്സു് പരിഷ്കരണത്തിനു മുമ്പു് അതിന്റെ രൂപരേഖ അതാതുവിഷയം പഠിപ്പിക്കുന്ന അധ്യാപകർക്കു നല്കുക; അധ്യാപകർ അതു നന്നായി പഠിച്ചു് ചർച്ച ചെയ്തു്

ഭേദഗതികളും നിർണ്ണയിക്കാൻ വേണ്ട സമയം കിട്ടണം. സിലബസ്സിന്റെ ലക്ഷ്യങ്ങൾക്ക് കുട്ടികളുടെ കഴിവും, അധ്യാപകരുടെ കഴിവും, സ്കൂളിന്റെ സൗകര്യങ്ങളുമായുള്ള ബന്ധം എന്നിവ മറ്റാരേക്കാളുമറിയാവുന്നത് അധ്യാപകർക്കാണ്. അധ്യാപകരുടെ വിശദമായ നിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ടുവേണം സിലബസ്സ് (നിർണ്ണയിക്കാൻ) പരിഷ്കരിക്കുവാൻ. പുസ്തക ജ്ഞാനത്തെക്കാളും പ്രായോഗിക ജ്ഞാനത്തിനു പ്രാമുഖ്യമുള്ള ഒരു പാഠപദ്ധതിയുണ്ടാക്കണം. സ്കൂൾ തലത്തിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അദ്ധ്വാനഭാരം കൂടുതലാണ്. സ്കൂളുകളിലെ പഠനസമയം കുറച്ച്, സ്കൂൾ സമയത്തിന്റെ 20 ശതമാനം സൃഷ്ടിപരമായ സാമൂഹ്യപ്രവർത്തനത്തിനു നീക്കിവയ്ക്കണം. സ്കൂളുകളിലെ സേവനവാരം ഇന്നത്തെ രീതിയിൽ അത്ര പ്രായോഗികമല്ല. ജോലിയുടെയും സേവനത്തിന്റെയും ശീലം ഒരാഴ്ചത്തെ പ്രവർത്തനംകൊണ്ട് ലഭിക്കുകയില്ല. അതിനാൽ ഒന്നോ രണ്ടോ പ്രോജക്റ്റുകൾ സ്കൂളിനോ നാടിനോ ആവശ്യമുള്ളവ ഗാന്ധിജയന്തി ദിനത്തിൽ ഉദ്ഘാടനം ചെയ്ത് ദിവസവും അരമണിക്കൂർ സമയം ഓരോസംഘം കുട്ടികൾ അവയിൽ ജോലിചെയ്യുന്നതിനുള്ള ടൈം ടേബിൾ ഉണ്ടാക്കി ഒരു സ്കൂൾവർഷം മുഴുവൻ പ്രവർത്തിക്കുക. ഇതു് സേവനത്തിന്റെയും അദ്ധ്വാനത്തിന്റെയും ശീലങ്ങൾ ഉറപ്പിക്കുന്നതിനും ക്ലേശം കുറയ്ക്കുന്നതിനും സഹായിക്കും.

സ്പോർട്സിനും ഒഴിവിനും ഇപ്പോഴുള്ളതിൽ കൂടുതൽ സമയം അനുവദിക്കണം. സിലബസ്സ് കുറെക്കൂടി വെട്ടിച്ചുരുക്കണം. വെട്ടിച്ചുരുക്കിയ സിലബസ്സ് അതേപടി പഠിപ്പിക്കാൻ അധ്യാപകർക്കു നിർദ്ദേശം നൽകണം. വീണ്ടും അധ്യാപകർ സിലബസ്സ് വെട്ടിച്ചുരുക്കിയാൽ നിർദ്ദിഷ്ട വിദ്യാഭ്യാസനിലവാരം നേടുന്നതിനു് തടസ്സമായി ഭവിക്കും.

അഭ്യസ്ത വിദ്യരുടെയിടയിലെ തൊഴിലില്ലായ്മയ്ക്കു് പ്രധാന കാരണം വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ന്യൂനതയാണ്. നമ്മുടെ വിദ്യാഭ്യാസരംഗത്തെ അസ്വസ്ഥതകൾക്കു് പ്രധാന കാരണം അഭ്യസ്തവിദ്യരുടെ ഇടയിലെ തൊഴിലില്ലായ്മയാണ്. ലക്ഷ്യബോധമില്ലാത്ത വിദ്യാഭ്യാസം തൊഴിലില്ലായ്മയ്ക്കു വഴി തെളിക്കുന്നു. തൊഴിലുമായി വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തിയാൽ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും. യുവജനങ്ങളിൽ തൊഴിലിനെപ്പറ്റി കൂടുതൽ അഭിമാനബോധം വളർത്താൻ സഹായകമായ രീതിയിൽ വിദ്യാഭ്യാസം സമഗ്രമായി ഉടച്ചുവാർക്കണം. എല്ലാ തൊഴിലിലും വിദ്യാർത്ഥികൾ ആഭിമുഖ്യം പുലർത്തണം. വെള്ളക്കോളർ ഉദ്യോഗങ്ങൾ മാത്രമായിരിക്കരുതു് അവരുടെ ലക്ഷ്യം. ഒരു തൊഴിൽ കൃത്യമായി ചെയ്യാൻ കഴിയുമെന്ന വിശ്വാസം ജനിപ്പിക്കാത്ത രീതിയിലുള്ളതാണ് ഇന്നത്തെ വിദ്യാഭ്യാസം. ജീവിതായോധനത്തിനു സഹായിക്കുന്ന ഏതെങ്കിലും ഒരു തൊഴിൽ സെക്കൻഡറി തലത്തിൽ വിദ്യാർത്ഥികളെ പഠിപ്പിക്കണം. പിന്നീടു് പ്രയോജനപ്പെടുന്ന തൊഴിലിൽ പരിശീലനം നൽകുക എന്നതു് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ജീവിതത്തിനു് ആവശ്യമായ തൊഴിലിനു് വിദ്യാർത്ഥികളെ ശക്തരാക്കുന്ന രീതിയിലുള്ളതായിരിക്കണം വിദ്യാഭ്യാസം. ഇന്നത്തെ വിദ്യാഭ്യാസരീതി പരമ്പരാഗത തൊഴിലുകളോടു് വൈമുഖ്യം വളർത്താൻ സഹായിക്കുന്ന രീതിയിലുള്ളതാണ്. മെച്ചപ്പെട്ട തൊഴിലിനു് അതു പലപ്പോഴും അവസരം നൽകുന്നുമില്ല.

വിദ്യാർത്ഥികൾ നേരത്തെതന്നെ അവരുടെ അഭിരുചിക്കനുസരിച്ചു് താൻ ഏതു കോഴ്സിനാണു പോകുന്നതെന്നു പ്ലാൻ ചെയ്യണം. മാർഗ്ഗനിർദ്ദേശം നൽകാൻ കരിയർഗൈഡൻസ് തുടങ്ങിയ ഏജൻസികൾ ഉണ്ടാക്കണം. മിഡിൽ സ്കൂൾ കഴിയുമ്പോഴേക്കുതന്നെ ഓരോ വിദ്യാർത്ഥിയെയും അവരുടെ അഭിരുചിക്കനുസരിച്ചു തിരിച്ചുവിടണം. വിദ്യാഭ്യാസത്തിന്റെ

എല്ലാഘട്ടങ്ങളും തൊഴിൽ ലഭിക്കുന്നതിനനുസരിച്ച് ആസൂത്രണം ചെയ്യണം. 80 ശതമാനം കർഷകരും 80 ശതമാനം ഗ്രാമങ്ങളുമുള്ള ഭാരതത്തിനു് അതിനനുയോജ്യമായ വിദ്യാഭ്യാസസംവിധാനം ഉണ്ടാകണം. അവസരങ്ങൾക്കനുപാതികമായി വേണം ഓരോ രംഗത്തുമുള്ള പരിശീലനം ഏർപ്പെടുത്താൻ. അതിനായി നമ്മുടെ ആസൂത്രണ വിദഗ്ദ്ധന്മാരുടെ ശ്രദ്ധ ഈ രംഗത്തേയ്ക്ക് തിരിച്ചുവിടണം. വളരെ വ്യയഹേതുകമായ കോഴ്സുകൾക്കെങ്കിലും ആ വിഷയവുമായി ബന്ധപ്പെട്ട തലങ്ങളിലെ തൊഴിൽ സാദ്ധ്യത കണക്കിലെടുത്തേ പ്രവേശനം നല്കാവൂ. രസതന്ത്രത്തിൽ എം.എസ്സ്സി. നേടിയ ഒരാൾ വെറും ക്ലാർക്കായി മാറുമ്പോൾ അയാളുടെ സിദ്ധികളെ രാജ്യം ഉപയോഗപ്പെടുത്തുന്നില്ല. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി വിഭാവനംചെയ്ത വിദ്യാഭ്യാസപദ്ധതിയുടെ അടിസ്ഥാനതത്വങ്ങൾ മുറുകെപിടിക്കേണ്ടതു് ആവശ്യമാണു്. രാജ്യത്തിന്റെ വികസനാവശ്യങ്ങളുമായി ബന്ധമുള്ള ഉത്പാദനോന്മുഖമായ പരിശീലനപരിപാടികളും വിദ്യാഭ്യാസവുമായി കൂട്ടിയിണക്കി പഠനത്തിന്റെ 40 ശതമാനം സമയംവരെ ഇത്തരം പരിപാടികൾക്കായി നീക്കിവയ്ക്കണം. നിർബന്ധമായും രണ്ടുകൈത്തൊഴിലുകളിൽ സ്കൂൾ വിദ്യാഭ്യാസകാലത്തു് പരിശീലനം നല്കണം. വീട്ടുപകരണങ്ങൾ, സോപ്പു് മുതലായ സൗന്ദര്യസംവർദ്ധക വിഭവങ്ങൾ ഇവ നിർമ്മിക്കുന്നതിൽ പരിശീലനം നല്കണം. ഫോട്ടോഗ്രാഫി, ജേർണലിസം, ബേക്കിംഗ്, കേറ്ററിംഗ്, ഹെയർ ഡ്രസ്സിംഗ്, മോഡലിംഗ്, ടെയിലറിംഗ്, സെയിൽസ്മെൻ മുതലായവയിൽ കോളേജുകളിലും പരിശീലനം നല്കണം.

വിദ്യാഭ്യാസരംഗത്തു് തൊഴിൽപരിശീലനപരിപാടി നടപ്പിലാക്കുന്നതിനു് കാര്യമായ വിഭവശേഷിയും പരിചയസമ്പന്നരായ അദ്ധ്യാപകരും ആവശ്യമാണു്. ഭീമമായ ഒരു തുക ഇതിനായി ചെലവഴിക്കേണ്ടിവരും. അതിനാൽ ഒറ്റയടിക്കു്, ഒരുമിച്ചു് ഈ പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പാക്കുക ബുദ്ധിമുട്ടാണു്. അതിനാൽ ഏറെക്കുറെ സൗകര്യങ്ങളുള്ള ഏതാനും ചില സ്കൂളുകൾ തിരഞ്ഞെടുത്തു് ഈ പദ്ധതി നടപ്പിലാക്കി ഗുണദോഷങ്ങൾ വിലയിരുത്തിയശേഷം എല്ലാ സ്കൂളുകളിലേക്കും ഈ പരിഷ്കരിച്ച പദ്ധതി വ്യാപിപ്പിക്കണം. പുതിയ കോളേജുകൾ ആരംഭിക്കുന്നതിനുപകരം അനൗപചാരിക വിദ്യാഭ്യാസത്തിനു് മുൻതൂക്കം നല്കി കറസ്പോണ്ടൻസ് കോഴ്സുകളും മറ്റുമാരംഭിക്കുക. ഇങ്ങനെ യുവജനങ്ങൾക്കു കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനംചെയ്യുന്ന, രാജ്യത്തിന്റെ വികസനാവശ്യങ്ങൾക്കുപകരിക്കുന്ന വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കി നമ്മുടെ വിദ്യാഭ്യാസത്തെ പരിഷ്കരിക്കണം.

ഒരു രാജ്യത്തിന്റെ പുരോഗതിക്കു് ഭരണരംഗത്തും തൊഴിൽരംഗത്തും എന്നപോലെതന്നെ വിദ്യാഭ്യാസരംഗത്തും അച്ചടക്കം നിലനില്ക്കണം. എന്നാൽ ഇന്നു നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അച്ചടക്കരാഹിത്യം അസഹനീയമായിത്തീർന്നിരിക്കുന്നു. നിയമനിർമ്മാണങ്ങൾക്കും സാമൂഹികമര്യാദകൾക്കും മനുഷ്യനെ പൂർണ്ണമായും അച്ചടക്കമുള്ളവനാക്കാൻ കഴിയുകയില്ല. നിയന്ത്രണത്തിനും, അല്പം ഭയത്തിനും വിധേയമായ ഒരു സമൂഹത്തിലെ അച്ചടക്കം നിലനില്ക്കൂ. തൊട്ടതിനെല്ലാം സമരവും ഹർത്താലുമായും നശീകരണമാർഗ്ഗങ്ങളും പ്രയോഗിക്കുന്ന വിദ്യാർത്ഥികളുടെയിടയിലെകടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യം ഒട്ടും ഭൂഷണമല്ല. ഇതിനു് ചില പരിഷ്കാരങ്ങളും വരുത്തേണ്ടതു് അത്യാവശ്യം തന്നെയാണു്. അല്ലെങ്കിൽ നമ്മുടെ രാഷ്ട്രം നാശത്തിന്റെ വക്കിലേക്കായിരിക്കും നീങ്ങുന്നതു്. വിദ്യാർത്ഥികളുടെയിടയിലെ അച്ചടക്കരാഹിത്യത്തിനു് പ്രധാനകാരണം അവരുടെയിടയിലെ അതിരുകടന്ന രാഷ്ട്രീയമാണു്. വിദ്യാർത്ഥികളും രാജ്യത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക കാര്യങ്ങ

ങ്ങളിൽ തത്പരരായിരിക്കേണ്ടതു് ആവശ്യമാണെങ്കിലും സജീവ രാഷ്ട്രീയത്തിൽ നിന്നും വിദ്യാർത്ഥികളെ അകറ്റിനിർത്തണം. രാഷ്ട്രീയത്തിലുള്ള താത്പര്യം അവരെ തെരുവുകളിലേക്കു് നയിക്കാൻ അനുവദിച്ചുകൂടാത്തതാണു്. രാഷ്ട്രീയാടിസ്ഥാനത്തിൽ സ്ഥാനാർത്ഥികളെ നിർത്തി തിരഞ്ഞെടുപ്പിൽ മത്സരിപ്പിക്കുന്ന ഇന്നത്തെ രീതിയാണു് കോളേജന്തരീക്ഷം പ്രക്ഷുബ്ധമാക്കുന്നതു്. അതുകൊണ്ടു് രാഷ്ട്രീയാടിസ്ഥാനത്തിലുള്ള കോളേജു് യൂണിയൻ തിരഞ്ഞെടുപ്പുകൾ അവസാനിപ്പിക്കണം. രാഷ്ട്രീയ പ്രവർത്തനത്തിനു് വിദ്യാർത്ഥികളെ ഉപയോഗിക്കുന്ന രീതി എല്ലാ പാർട്ടിക്കാരും ഉപേക്ഷിക്കണം. അതിനായ നിയമങ്ങൾ തന്നെ നടപ്പിലാക്കണം. ക്ലാസ്സു് ബഹിഷ്കരണം മാത്രമല്ല വിവിധ വിദ്യാർത്ഥിസംഘടനകളിൽ പ്പെട്ടവർ ചേരിതിരിഞ്ഞു നടത്തുന്ന ഏറ്റുമുട്ടലുകളും നമ്മുടെ കലാലയാന്തരീക്ഷത്തെ അസ്വസ്ഥമാക്കുന്നു. രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹിക കാര്യങ്ങളിൽ തത്പരരായിരിക്കേണ്ടവരും നാളത്തെ രാഷ്ട്രത്തെ നയിക്കാൻ തയ്യാറെടുക്കുന്നവരുമായ വിദ്യാർത്ഥികളും ലക്ഷക്കണക്കിനു രൂപ മുടക്കുള്ള ട്രാൻസ്പോർട്ട് ബസ്സുകളും, മറ്റും നശിപ്പിക്കുന്നതു് ഒരിക്കലും അഭിലഷണീയമല്ല. നല്ല ശീലം തഴച്ചു വളരേണ്ട വിദ്യാർത്ഥികളിൽ അക്രമവാസനകുത്തിച്ചെലുത്തി അവരുടെ ഭാവിയെ നാശോന്മുഖമായ പാതയിലേക്കു് നയിക്കുന്ന ക്രൂരവിനോദത്തിനു് വിദ്യാർത്ഥികളെ ഒരിക്കലും അനുവദിച്ചുകൂടാത്തതാണു്. അതിനാൽ ഗവണ്മെൻറ് കർശനമായ നിയമത്തിലൂടെയും നിയന്ത്രണത്തിലൂടെയും നിർഭയം സമാധാനാന്തരീക്ഷം വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കണം. വിദ്യാർത്ഥികളെ സംഘടിപ്പിച്ചു് സമരവിരുദ്ധ അസോസിയേഷനകം രൂപീകരിക്കുകയും ഗവണ്മെൻറിന്റെയും കലാലയാധികൃതരുടെയും സമ്പൂർണ്ണ പിന്തുണ ഇവക്കു നല്കുകയും ചെയ്യണം. ഇങ്ങനെ സമരങ്ങൾ ഒഴിവാക്കി തുടച്ചയായി ക്ലാസ്സുകൾ നടക്കാനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം.

സർവകലാശാലാ പ്രവർത്തനങ്ങൾക്കു് മാർഗ്ഗനിർദ്ദേശം നല്കുന്നതിനു് സർവ്വകലാശാലാവിദ്യാഭ്യാസ ബോർഡുകൾ രൂപീകരിക്കണം. വിദ്യാർത്ഥി പ്രവേശനത്തിലുള്ള അഴിമതി തടയുന്നതിനു് കോളേജുകളുടെമേൽ സാമൂഹ്യനിയന്ത്രണം ഏർപ്പെടുത്തണം. വിദ്യാലയങ്ങൾക്കുവേണ്ട പുസ്തകങ്ങളും നോട്ടുബുക്കുകളും യഥാസമയം അച്ചടിച്ചു് ജില്ലാഡിപ്പോകളിൽ എത്തിക്കുകയും സ്കൂൾ സഹകരണ സംഘങ്ങൾക്കും ബുക്ക്ബാങ്കുകൾക്കും അവ വിതരണം ചെയ്യുകയും ചെയ്യണം. ഇതു് വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കു് അത്യാവശ്യമാണു്.

അധ്യാപക – രക്ഷാകർത്തൃ സംഘടനകളുടെ പ്രവർത്തനത്തിനാവശ്യമായ പരിഷ്കാരങ്ങൾ വരുത്തണം. വിദ്യാർത്ഥികളുടെയിടയിലുണ്ടാകുന്ന പ്രശ്നങ്ങളും, അവയ്ക്കു് എങ്ങനെ പരിഹാരം കാണാമെന്നും അധ്യാപകരും രക്ഷാകർത്താക്കളും ഒന്നിച്ചിരുന്നു് ചിന്തിച്ചു് പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കാൻ സാധിക്കണം. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെയിടയിൽ സ്വസ്ഥതയും സമാധാനവും സൃഷ്ടിക്കുന്നതിനും വളരെയധികം സ്വാധീനം ചെലുത്താവുന്ന മഹത്തായ ഒരു വൻശക്തിയാണു് അധ്യാപകർ. അധ്യാപകർ കർമ്മശേഷിയുള്ളവരും സേവനസന്നദ്ധരുമായിരിക്കണം. കാലാനുസൃതമായ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കനുസരണമായി അധ്യാപകരെ സജ്ജരാക്കുവാൻ മാതൃകാ ക്ലാസ്സുകളും, സെമിനാറുകളും ഇവ സംഘടിപ്പിക്കുവാൻ ഗവണ്മെൻറ് ശ്രദ്ധചെലുത്തണം. അധ്യാപക പ്രതിനിധികളും ഗവണ്മെൻറുമായി തുറന്ന ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഉണ്ടായിരിക്കണം.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു സഹായിക്കുന്ന മറ്റൊരു ഘടകമാണു് സ്കൂളുകളിൽ പൊതുപരീക്ഷാ സമ്പ്രദായം ഏർപ്പെടുത്തുക


എന്നുള്ളതു്. അധ്യാപകർക്കു് അധ്യാപനത്തിലും വിദ്യാർത്ഥികൾക്കു് അദ്ധ്യയനത്തിലും താത്പര്യവും ലക്ഷ്യബോധവും ഉത്തരവാദിത്വവും ഉളവാക്കുന്നതിനു് ഇതു് സഹായിക്കും. വർഷാരംഭത്തിൽത്തന്നെ പാഠ്യഭാഗങ്ങളുടെ 'Scheme of work' തയ്യാറാക്കുക. അതനുസരിച്ചു് അദ്ധ്യാപനം നടത്തണം. വിദ്യാർത്ഥികൾക്കുള്ള പരീക്ഷയുടെ ചോദ്യക്കടലാസുകൾ ഇതനുസരിച്ചു് തയ്യാറാക്കുക. വിദ്യാർത്ഥികൾക്കു് കൂടുതൽ പ്രോത്സാഹനം നല്കുന്നതിനായി മത്സരപ്പരീക്ഷകൾ സംഘടിപ്പിക്കണം.

വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഭാഗമായി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നിറുത്തലാക്കണമെന്നും, സ്കൂളുകളിലെ ബോധനമാദ്ധ്യമം മാതൃഭാഷയായിരിക്കണമെന്നും മറ്റു ഭാഷകൾ നിർബന്ധമായി പഠിപ്പിക്കേണ്ടതില്ലെന്നും അഭിപ്രായപ്പെടുന്നവരുണ്ടു്. ഈ അഭിപ്രായത്തോടു് യോജിക്കാൻ സാധിക്കുകയില്ല. കാരണം പബ്ലിക് പരീക്ഷകളിൽ മെച്ചപ്പെട്ട പരീക്ഷാഫലം സംഭാവനചെയ്യുന്നതു് ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണു്. നാം മാതൃഭാഷമാത്രം പഠിച്ചിരുന്നാൽ ഉണ്ടാകുന്ന പ്രധാനപ്പെട്ട വിപത്തു് നമുക്കു് പുറംരാജ്യങ്ങളിൽ ജോലി നിഷേധിക്കപ്പെടും എന്നുള്ളതാണു്. പബ്ലിക് സ്കൂളിൽ മാതൃഭാഷ ഒരു വിഷയമായി പഠിക്കുന്നതിനുപുറമെ മറ്റു വിഷയങ്ങളും ഇംഗ്ലീഷിൽത്തന്നെ പഠിക്കുന്നതാണതുത്തമം. കാരണം സമർത്ഥന്മാരും ഉപരിപഠനം നടത്തണമെന്നാഗ്രഹിക്കുന്നവരുമായ കുട്ടികളാണു് ഇത്തരം പബ്ലിക് സ്കൂളുകളിൽ പഠിക്കുന്നതു്. ഉപരിപഠനാർത്ഥവും, ജോലി തേടിയും വിദേശങ്ങളിലേക്കു് പോകുന്ന നമ്മുടെ വിദ്യാർത്ഥികളും മാതൃഭാഷമാത്രം മനസ്സിലാക്കിയിരുന്നാൽ പ്രശ്നം ഇവിടെ ഉദിക്കുന്നു. നമ്മുടെ standard വളരെ മോശമായിട്ടാണു് വിദേശീയരുടെ കണക്കുകൂട്ടൽ ഇംഗ്ലീഷ് സംസാരിക്കാൻ നാം വളരെ പിന്നാക്കമാണു്. അപ്പോഴും മാതൃഭാഷമാത്രം വശമാക്കുന്ന ഇൻഡ്യാക്കാരനു വിദേശജോലി നിഷേധിക്കപ്പെടുമ്പോഴും തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ഇൻഡ്യയുടെ പ്രശ്നം അതു് ഒന്നുകൂടി വർദ്ധിപ്പിക്കുന്നു. എൻജിനീയറിംഗ്, മെഡിക്കൽ, കാർഷികവിദ്യാഭ്യാസം ഇവ മാതൃഭാഷയിലാക്കണമെന്ന അഭിപ്രായക്കാരുമുണ്ടു്. പുറംരാജ്യങ്ങളിൽ പോകേണ്ടിവരുന്ന ഡോക്ടർമാരും എൻജിനീയർമാരും പിന്നെന്തു ചെയ്യും? ഈ പ്രശ്നം വളരെ ഗൗരവാവഹമായി ചിന്തിച്ചിട്ടവേണം വിദ്യാഭ്യാസപരിഷ്കർത്താക്കൾ ഭാഷാപരമായ ഇത്തരം പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ.

പബ്ലിക് സ്കൂളുകൾ സമ്പന്നരുടെ മക്കൾക്കു വേണ്ടി മാത്രമുള്ളതാകാതിരിക്കാൻ ഗവണ്മെന്റു് ശ്രദ്ധ ചെലുത്തണം. സമർത്ഥരായ, ദുർബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി 50 ശതമാനം സീറ്റുകൾ നീക്കിവയ്ക്കണം.


ഇങ്ങനെ നിർദ്ദിഷ്ടലക്ഷ്യങ്ങൾ നേടുന്നതിനു് സാധിക്കത്തക്കവിധത്തിൽ വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കണം. വിദ്യാഭ്യാസപരിഷ്കരണം ഗവണ്മെന്റിന്റെ പ്രാഥമികപരിഗണനകളിൽ ഉൾപ്പെട്ടുമെങ്കിലും അതു കാര്യക്ഷമമായി നടപ്പിലാക്കാൻ വിദ്യാഭ്യാസപ്രവർത്തകരുടെയും മറ്റും ആത്മാർത്ഥമായ സഹകരണം ആവശ്യമാണു്. വിദ്യാഭ്യാസപരിഷ്കരണം പ്രായോഗികവിദ്യാഭ്യാസപ്രവർത്തകരുടെ പരിപൂർണ്ണമേൽനോട്ടത്തിലാണു് നടക്കേണ്ടതു്. സർവ്വകലാശാലാ ധനസഹായകമ്മീഷനും വൈസ്ചാൻസലർമാർക്കും ഈ രംഗത്തു് അതിപ്രധാനമായ പങ്കാണുള്ളതു്. വിദ്യാർത്ഥിയുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകളെ വികസിപ്പിക്കുന്നതോടൊപ്പം അവന്റെ ശാരീരികവും മാനസികവുമായ വ്യാപാരങ്ങളെ നിയന്ത്രിക്കുന്നതിനും സ്വയം തീരുമാനങ്ങളിലെത്തിച്ചേരുന്നതിനും സ്വയം ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനും അവനെ പ്രാപ്തനാക്കിത്തീർക്കുന്നതിനു് സാധിക്കത്തക്കവിധത്തിൽ നമ്മുടെ വിദ്യാഭ്യാസത്തെ പരിഷ്കരിക്കണം. അപ്പോഴും യഥാർത്ഥ വിദ്യാഭ്യാസം പൂർത്തീകരിക്കപ്പെടും.

# ആര്യന്മാർ അന്യരല്ല



[ഭാരതചരിത്രത്തിന്റെ യഥാർത്ഥ വശത്തെ തെളിവുസഹിതം ചൂണ്ടിയരുപത്തിൽ എടുത്തു കാട്ടുകയാണീ ലേഖനപരമ്പരയിൽ. ഈ വിഷയത്തെക്കുറിച്ച് കൂടുതൽ പഠനം നടത്തുന്നവർക്ക് ഇതൊരു പ്രാഥമികം മാത്രം.

പത്രാധിപർ]



കെ. വി. മണലിക്കര

## പ്രാചീനവൈദിക സംസ്കാരം അഥവാ ഭാരതത്തിൽ ആര്യാഗമനം

രണ്ടാം ലോകമഹായുദ്ധകാലം. ചില യൂറോപ്യൻടേന്മാർ ഒരാഫീസിലിരുന്നു ചർച്ച നടത്തുകയാണ്. ഭാരത സംസ്കാരത്തെയും ഹിന്ദുമതത്തെയും കുറിച്ച് അപലപിക്കുകയാണ് —"ഹിന്ദുക്കൾ എന്നെങ്കിലും സ്വതന്ത്രരായിരുന്നോ ? അടിമകളായിട്ടേ ചരിത്രം രേഖപ്പെടുത്തുന്നുള്ളൂ. ബുദ്ധിയുണ്ടെങ്കിലും വിഡ്ഢികളുടെ അനുഭവം. അതിബുദ്ധികൊണ്ടുള്ള അപകടക്കാരാണ് അധികവും." അവിടെയുണ്ടായിരുന്ന ചില ഹിന്ദുക്കൾ മൗനം ദീക്ഷിച്ചു ! ചിലർ കേൾക്കണ്ടെന്നു കരുതി പുറത്തിറങ്ങി. സ്വതന്ത്രനായ ഒരാൾ എണീറ്റു പറഞ്ഞു— "ഹിന്ദുക്കൾ സ്വതന്ത്രരായിരുന്നു, ഇപ്പോഴും സ്വതന്ത്രരാണ്. ബ്രിട്ടീഷുകാരാണ് അടിമകൾ!" അയാൾ കാര്യകാരണ സഹിതംഅവരെ പറഞ്ഞു ധരിപ്പിച്ചു. ആ ടേന്മാർ മൂകരായി.

പക്ഷേ, സത്യം മൂടിവയ്ക്കുന്നില്ല. എല്ലാ വൈദിക ജാതികളും —ഭാരതീയ [1] ജാതി അഥവാ ഹിന്ദുജാതി — യഥാർത്ഥത്തിൽ ആത്മവിസ്മൃതമാണിന്നും. നാടിന്റെ ചരിത്രസത്യമുൾക്കൊള്ളുന്നവർ എത്രയുണ്ട്? കൂടാതെ പ്രാചീന സംസ്കാരത്തോടും ഭാവപ്രവാഹത്തോടും പുലബന്ധംപോലും അധികമാരിലും കാണുന്നില്ല. മാത്രമോ, ജാത്യഭിമാനത്തെയും കളഞ്ഞുകുളിച്ചിരിക്കുന്നു.

ഭാരതവും ഭാരതീയ (ഹിന്ദു) ജാതിയും അന്നും ഇന്നും എന്നും സ്വതന്ത്രമാണ്. അതു നാം അറിയുന്നില്ല, മാനിക്കുന്നില്ല. "ലോകത്തു് ഏറ്റവും അഗ്രഗണ്യമാണ്, ശ്രേഷ്ഠമാണ് വൈദികജാതി"— ഈ മനോഭാവംപോലും തേഞ്ഞുമാഞ്ഞുകൊണ്ടിരിക്കുന്നു. അതിനു പ്രധാനകാരണം പാശ്ചാത്യവിദ്യാഭ്യാസം; അതിൽനിന്നുടലെടുത്ത പാശ്ചാത്യ സംസ്കാരം; സമുദായത്തോടും രാജ്യഭരണതന്ത്രത്തോടും അതിരുകവിഞ്ഞ അന്ധാനുരാഗവും ശ്രദ്ധയും; തങ്ങളുടെ പൂർവ്വീകരോടുള്ള അവഹേളനം — എന്നിവയാണ്.

ഭാരതം സ്വതന്ത്രമായിരുന്നിട്ടേയുള്ളൂ. ഈ യുക്തിക്ക് ഒരു കാര്യം സ്ഥിരപ്പെടുത്തേണ്ടതുണ്ട്— വൈദികജാതി വിദേശത്തുനിന്നു ഭാരതത്തിൽ കുടിയേറിപ്പാർത്തതാണോ ? ചരിത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അതിനെക്കുറിച്ചു ചിന്തിക്കുന്നതു് കൗതുകകരമായിരിക്കും.

### വൈദികജാതി—

തനിഭാരതീയമാണ്, ഒരിറക്കുമതിച്ചുരക്കല്ല! ആധുനിക

1. "ഭാരതീ യത്ര സന്തതിഃ" — വിഷ്ണുപുരാണം 2. 3. 1.

പാശ്ചാത്യമതപ്രകാരം ഭാരത ചരിത്രാരംഭം നിർദ്ദിഷ്ടരൂപത്തിൽ 330 ക്രി.മു. അതായത്ു് ദിഗ്വിജയിയായ സിക്കന്ദറുടെ ഭാരതാക്രമണം മുതലാണു്. ഇതിനുമുമ്പുള്ള അറിവുകൾ യഥാർത്ഥ ചരിത്രത്തിന്റെ പേരിനർഹമല്ലെന്നു പറയപ്പെടുന്നു.

## മെഗസ്തനീസു്

സിക്കന്ദർ മരിച്ചശേഷം സേനാനായകനായ സെല്യൂക്കസു് പശ്ചിമേഷ്യയിൽ സാമ്രാജ്യം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ രാജദൂതനായ മെഗസ്തനീസു് ഏതാണ്ടു് 304 ക്രി.മു. മൗര്യ സമ്രാട്ടായ ചന്ദ്രഗുപ്തന്റെ രാജസഭയിൽ കുറെക്കാലമുണ്ടായിരുന്നു. അദ്ദേഹം ഒരു യാത്രാവിവരണം എഴുതിയിട്ടുണ്ടു്. പക്ഷേ, അതു് പുസ്തകരൂപേണ നമുക്കിന്നു കിട്ടുന്നില്ലെന്ന കാര്യം ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. എങ്കിലും അതിലെ ചില ഭാഗങ്ങൾ വിവർത്തകനായ ഷ്വാൻബോ "ആര്യൻ" തുടങ്ങിയ പുസ്തകങ്ങളിൽ അടിക്കുറിപ്പായി ചേർത്തിട്ടുണ്ടു്.

ഇതിൽ ഒരിടത്തു് മെഗസ്തനീസു് എഴുതുന്നു –

[1] ഭാരതം ഒരു വിശാലദേശമാണു്. അതിൽ വളരെയധികം വിഭിന്ന ജാതിയിൽപ്പെട്ട ജനങ്ങൾ പാർക്കുന്നു. അവരിൽ ഒരാൾപോലും വിദേശിയായിട്ടു് ഇല്ല. സകലരും ഈ ഭാരതത്തിലെ തന്നെ ആദിമനിവാസികളുടെ വംശജരാണെന്നു സ്പഷ്ടമായി മനസ്സിലാക്കാം. കൂടാതെ ഭാരതത്തിൽ വിദേശികളുടെയാതൊരുപനിവേശവും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഭാരതം അന്യദേശത്തുചെന്നു് ഉപനിവേശം സ്ഥാപിക്കാൻ ഒരുമ്പെട്ടിട്ടുമില്ല; തീർച്ച.

ആധുനിക പാശ്ചാത്യ ചരിത്രകാരന്മാരുടെയും പുരാതത്വഗവേഷകരുടെയും അഭിപ്രായം "ഉദ്ദേശം 2500—1500 ക്രി. മു. ഇടയ്ക്കു് ആര്യന്മാർ സംഘമായി ഉത്തര-പശ്ചിമാതിർത്തികളിലൂടെ ഭാരതത്തിൽ പ്രവേശിച്ചു് ആദിമനിവാസികളായ ദ്രാവിഡരെയും ഗിരിവർഗ്ഗക്കാരെയും പരാജയപ്പെടുത്തി ഉപനിവേശം സ്ഥാപിച്ചു" എന്നാണു്. "ഈ ആര്യന്മാർ ഹിന്ദു-പാർസി-കാക്കസീയർ-ഗ്രീക്കു് എന്നീ മറ്റു പല യൂറോപ്യൻ ജാതിക്കാരുടെ പൂർവ്വീകന്മാരാണു്. ഭാരതത്തിനുപുറത്തു് ചില സ്ഥലങ്ങളിൽ ഇവരുടെ പ്രാചീന നിവാസ കേന്ദ്രങ്ങളുണ്ടായിരുന്നു."

ഇതു സത്യമാണോ? എങ്കിൽ ഭാരതത്തിൽ ആര്യാഗമനം മെഗസ്തനീസു് ഭാരതത്തിൽ വരുന്നതിനു് 1200 കൊല്ലം മുമ്പു് ആയിരിക്കാം. പക്ഷേ, മെഗസ്തനീസു് തറപ്പിച്ചു പറയുന്നു—"ഭാരതത്തിലെ ഒരൊറ്റ മനുഷ്യന്റെയും മുൻഗാമി പുറത്തു നിന്നു വന്നിട്ടില്ല; ഭാരതത്തിൽ വിദേശീയരുടെ ഉപനിവേശം ഒരിക്കലും സ്ഥാപിക്കപ്പെട്ടിട്ടില്ല".

ബുദ്ധിമാനും അഭിജ്ഞനും സ്വതന്ത്രനും ഉന്നതപദവിയലങ്കരിച്ചിരുന്നയാളുമാണു് മെഗസ്തനീസു്. അദ്ദേഹത്തിന്റെ അഭിപ്രായം കാരണത്തു പറത്താനാവില്ല. ലേഖനത്തിലെ മറ്റു പലഭാഗങ്ങളും പരിശോധിക്കുമ്പോഴും അദ്ദേഹം കുറെക്കാലം ഭാരതത്തിൽ പാർത്തിരുന്നതായി തെളിയുന്നു. പല വിവരണങ്ങളും വളരെയധികം വിശ്വസനീയമാണു്, അസത്യം തീണ്ടിയിട്ടില്ലാത്തതാണു്. അത്രയധികം തെളിവുകൾ ആ ലേഖനങ്ങളിൽ നിന്നും ലഭിക്കുന്നു.

1. ഇന്നേക്കു് 2300 കൊല്ലം മുമ്പു് "ഭാരതീയർ (ആര്യ അല്ലെങ്കിൽ വൈദികജാതി) പുറം നാടുകളിൽ നിന്നും ഭാരതത്തിൽ കുടിയേറിപ്പാർത്തവരാണെന്നു്" ഉള്ള കാര്യം ഭാരതത്തിലാർക്കും അറിവില്ലായിരുന്നു. നേരെ മറിച്ചു് ഓരോ ഭാരതീയനും ഭാരതത്തിലെ ആദിമ അധിവാസികളുടെ വംശജരാണെന്നു എല്ലാവരും ധരിച്ചിരുന്നു.

2. ഭാരതത്തിനു പുറത്തുള്ള ഒരു ജാതിയും ഒരിക്കലും ഭാരത

1. It is said that India, being of enormous size, when taken as a whole, is peopled by races both numerous and diverse, of which not even one was originally of foreign descent, but all were evidently indigenous; and moreover that India neither received a colony from abroad, nor sent out a colony to any other nation.

...MacCrindle: "Ancient India, Megasthnese" P. 341.

ത്തിൽ ഉപനിവേശമുറപ്പിച്ചില്ല. അതായത് ഭാരതം വിദേശീയരാൽ ഒരിക്കലും പരാജയപ്പെട്ടടക്കപ്പെട്ടിട്ടില്ല. അത് സ്വതന്ത്രമായിരുന്നു.

3. ഭാരതം ഉപനിവേശം തേടി മറുനാട്ടുകളിൽ പോയിട്ടില്ല. മറ്റൊരുവന്റെ നാട് പിടിച്ചു പറ്റാൻ ഒരുങ്ങിയിട്ടില്ല. ഇത് ഭാരതത്തിന്റെ ഭരണതന്ത്രപ്രവാഹത്തിന് അനുരൂപമായിരുന്നു എന്നതിൽ സന്ദേഹമില്ല. കൂടാതെ, ഭാരതത്തിനു പുറത്തുള്ള സമീപപ്രദേശങ്ങളിൽ വൈദിക ജാതിയും സംസ്കാരവും ആ കാലംവരെ ഉണ്ടായിരുന്നു എന്നത് ചരിത്രം പരിശോധിക്കുമ്പോൾ അറിയാവുന്നതുമാണ്.

ഭാരതീയ വൈദികജാതി ഈ നാട്ടിൽത്തന്നെ ജനിച്ചു എന്നത് സത്യമാണെങ്കിൽ മുമ്പു പറഞ്ഞ ആര്യാഗമനം ഉണ്ടായിട്ടേയില്ലെന്നത് നിശ്ചയം. അല്ലെങ്കിൽ ഒരായിരം കൊല്ലങ്ങൾക്കുള്ളിലെ ആര്യാഗമന ചരിത്രം ജനങ്ങൾ (അഗസ്ത്യനീസിന്റെ കാലത്ത്) അപ്പാടെ വിസ്മരിക്കുമായിരുന്നില്ല


വൈദേശികരായ പ്രതിപക്ഷക്കാർക്ക് ആക്ഷേപത്തെ നിഷേധിക്കാനാവാത്ത ഒന്നാണ് ഭാരതീയരുടെ ഓർമ്മശക്തി. അത് ദുർബ്ബലമല്ല. ആയിരമായിരം വർഷങ്ങളായി പരമ്പരയാ സകല വേദശാസ്ത്രങ്ങളും യാതൊരു തെറ്റുംകൂടാതെ കണ്ഠസ്ഥമാക്കിയിരുന്ന അവരുടെ ഓർമ്മശക്തി എത്രമാത്രം പ്രശംസാർഹമാണെന്നു നോക്കുക! അത്തരം പണ്ഡിതന്മാർ ഇന്നും ഒട്ടും വിരളമല്ലതന്നെ. വളരെക്കാലമൊന്നും ആയിട്ടില്ല, ഒരു പണ്ഡിത രാജനായ ജഗന്നാഥ തർക്കപഞ്ചാനനൻ ഉണ്ടായിരുന്നു. അദ്ദേഹം ഗംഗാതീരത്തിരുന്നു സ്വാധ്യായം നടത്തുകയായിരുന്നു. രണ്ടു യൂറോപ്യന്മാർ തമ്മിൽ വാഗ്വാദം നടന്നു. അവരുടെ ദോഷ അദ്ദേഹത്തിനു വശമില്ല. എന്നിട്ടും കോടതിയിൽ സാക്ഷിപറയേണ്ടിവന്നപ്പോഴും അവരിരുവരുടെയും വാദമുഖങ്ങൾ അപ്പടി ആവർത്തിച്ചു. വളരെ പ്രസിദ്ധമാണ് ഈ സംഭവം. ഇനി മറ്റൊരു സംഭവം – വളരെ അടുത്തകാലത്തു നടന്നതാണ്. വളരെ പണ്ഡിതന്മാരും കവികളും പങ്കെടുത്ത നടത്തുന്ന അക്ഷരശ്ലോകമത്സരം. മത്സരം കഴിഞ്ഞു, "വിയർത്തുകുളിച്ചല്ലോ തമ്പുരാനെ!" ഒരാൾ പറഞ്ഞു. "അല്പം മനസ്സിരുത്തേണ്ടിവന്നു" മറുപടി. "ഊം?" ചോദ്യം. "നിങ്ങളെല്ലാവരും ചൊല്ലിയതു ധരിക്കയും, ഞാൻ ചൊല്ലുന്നതു പുതിയൊരു ഖണ്ഡകാവ്യത്തിന്റെ ക്രമബദ്ധമായ രൂപത്തിലുമായിരുന്നു. അതാണിത്ര ക്ഷീണിക്കാൻ കാരണം. നിങ്ങളെല്ലാവരും ശ്ലോകം ചൊല്ലിയല്ലോ. ആരേതു പറഞ്ഞെന്നു ഉടൻ പറയാം." ആ സദസ്സാകെ തലകുനിച്ചു. ഇതു മറ്റാരുമല്ല, സാക്ഷാത് കൊട്ടങ്ങല്പുർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ അവർകളാണ്. ശതാവധാനികളായവർ ഇന്നും ഭാരതത്തിൽ കുറവല്ല.

വിശേഷിച്ചും പണ്ടുകാലത്തു ദേവകാര്യത്തിനു തുല്യം പിതൃകാര്യവും കരുതിയിരുന്നു. ഈയിടെയായി വളരെപ്പേർ അമ്മ നമ്മമാരുടെ വാർഷികശ്രാദ്ധം പോലും നടത്താറില്ല. എന്നാൽ 100–200 കൊല്ലം മുമ്പ് അമാവാസിതോറും വളരെപ്പേർ നടത്തിയിരുന്നു. തർപ്പണം നിത്യകർമ്മം തന്നെയാണ്. അതു കൊണ്ട് പൂർവ്വികരുടെ പേരും നാളും മറ്റു കാര്യങ്ങളും ഓർമ്മിച്ചിരുന്നു. അശ്വമേധയാഗത്തിൽ ഋത്വിക്കിനു പതിന്നാലു തലമുറ മുമ്പുള്ള പൂർവ്വ പുരുഷന്മാരുടെ പേരുപോലും ഓമ്മിക്കേണ്ടതോയുണ്ട്. ഒരു പുരുഷനും സവർണ്ണ ഭാര്യയെ അല്ലാതെ സ്വീകരിക്കാൻ നിയമമില്ലായിരുന്നു. അതിനു വിപരീതമായി ആചരിക്കുന്ന ബ്രാഹ്മണൻ അശ്വമേധയജ്ഞത്തിൽ യാജനത്തിനർഹനല്ല. ഈ അടുത്തകാലംവരെ ഘടക (വിവാഹം കഴിക്കുന്നവർ) ബ്രാഹ്മണൻ പതിന്നാലു തലമുറവരെയുള്ള വംശാവലി ശരിയാക്കിയിരുന്നു. രാജപുട്ടാണയിലെ വിവാഹാവസരങ്ങളിൽ ഇരുപക്ഷത്തേയും പുരോഹിതന്മാർ ഇന്നും പതിന്നാലല്ല, ചിലയിടങ്ങളിൽ, മുപ്പതും നാല്പതും തലമുറകൾ—പൂർവ്വസൂരികളുടെ നാമങ്ങളും അവ

രുടെ നേട്ടങ്ങളും — വണ്ണിച്ചു കാണുന്നു. ഇതിനെ ശാഖോച്ചാര[1]ണമെന്നുപറയുന്നു. സാധാരണക്കാർ അനേകശതം വർഷത്തെ കുടുംബചരിത്രം മുഖത്തോടുമുഖം നോക്കി തോരാതെ പറയാറുണ്ട്. പാത്തിരുന്ന സ്ഥലങ്ങളെപ്പറ്റിയും അതതുകാലത്തെ പരിതഃസ്ഥിതികളെപ്പോലും വണ്ണനയിൽ വിട്ടുപോകാറില്ല.

"ബംഗാളിലെ രാഢീവാരേന്ദ്ര ബ്രാഹ്മണരുടെ പൂർവ്വപുരുഷനായ ഭട്ടനാരായണൻ തുടങ്ങി അഞ്ചു ബ്രാഹ്മണരെ ബംഗാളം രാജാവായ ആദിസൂരൻ ക്ഷണിക്കുകയും അവർ കാന്യകുബ്ജത്തിൽ വരികയുമുണ്ടായി. ഉത്തരപ്രദേശിലെ കനോജിയാ ബ്രാഹ്മണരുടെ ഗോത്രപ്രവരൻ ബംഗാളം ബ്രാഹ്മണരുമായി സന്ധിച്ചിരുന്നു." അപ്പോഴാണ് ഈ കിംവദന്തി കൂടെക്കൂടി പുഷ്ടിപ്പെട്ട ആദിപുരുഷൻ ഭട്ടനാരായണന്റെ ദ്വിവേദി, ത്രിവേദി ഇത്യാദി സ്ഥാനപ്പേരു് മുതലായവയിൽനിന്നു് മിക്കവാറും എല്ലാപര്യായങ്ങളുടെയും വംശാവലി ഇന്നും ശരിയായ രീതിയിൽ കിട്ടുന്നുണ്ട്. ബംഗാളിൽ വന്നശേഷം മിക്കവാറും മുപ്പതു തലമുറ കഴിഞ്ഞപ്പോഴാണ്, മൂന്നു പുരുഷന്മാർ ഓരോ നൂറുവർഷക്കണക്കിൽ, ആദിസൂരന്റെ യജ്ഞശേഷം, ഇന്നേതാണ്ടു് ആയിരം വർഷം കഴിഞ്ഞിരിക്കുന്നു.

ഇതുകൂടാതെ, കഴിഞ്ഞ എത്രയോ ശതാബ്ദങ്ങളും ഭാരത ചരിത്രത്തിൽ ശപിക്കപ്പെട്ടതും അന്ധകാരമയവുമായ യുഗങ്ങളുടെ രൂപത്തിലുള്ളവയായിരുന്നു. മുസ്ലീങ്ങളും, പട്ടാണികളും, മുഗളന്മാർ പിന്നെ ഇംഗ്ലീഷുകാർ എന്നിവരുടെ പരാധീനതയും അപമാനവും ഭാരതത്തിനു സഹിക്കേണ്ടിവന്നു. തുടർച്ചയായ ഈ ആക്രമങ്ങളുടെയും സംഘട്ടനങ്ങളുടെയും നടുവിൽ നാരകീയ വിധ്വംസക പ്രവർത്തനങ്ങളുടെ, അരാജകത്വത്തിന്റെ, നിരങ്കുശഭരണങ്ങളുടെ ഭീകരാവസ്ഥനിമിത്തം വൈദിക സംസ്കാരത്തിന്റെ വേരു തന്നെ ഇളകിപ്പോയി. ദേവാലയങ്ങളും തകർക്കപ്പെട്ട, ശാസ്ത്രഗ്രന്ഥങ്ങളും അഗ്നിക്കിരയാക്കപ്പെട്ട, കുടുംബങ്ങളും നാമാവശേഷമാക്കപ്പെട്ട, അഥവാ മതം മാറ്റപ്പെട്ട. എന്നിട്ടും ആയിരത്തോളം വർഷം പഴക്കമാർന്ന കുലക്കൂടസ്ഥരുടെ പേരും അവർ മറ്റു പ്രദേശങ്ങളിൽനിന്നുംവന്ന കൂടിയേറിപ്പാർത്ത കഥകളും അവരനുഭവിച്ച ദുരിതങ്ങളുടെ ചരിത്രവും ഇന്നും വിസ്മൃതിയുടെ അടിത്തട്ടിൽ മൂടപ്പെട്ടില്ല.



എത്രായിരം കൊല്ലക്കാലം കഴിഞ്ഞാലും സജ്ജനങ്ങൾ തങ്ങളുടെ സ്വദേശ ചരിത്രം മറക്കാറില്ല. ഇതിനുത്തമോദാഹരണം യഹൂദികളാണു്. ഇന്നവരുടെ എണ്ണം ഒരു കോടിയിൽ താഴെ മാത്രം. അവർ കഴിഞ്ഞ രണ്ടായിരം വർഷംകൊണ്ടു് സ്വദേശംവിട്ടു് ലോകമെമ്പാടും പരന്നു. പക്ഷേ, അവർ ഒരു ദിവസമെങ്കിലും തങ്ങളുടെ സ്വദേശത്തെ (Promised land-ZION) പാലസ്തീനിനെ മറന്നോ? സ്വധർമ്മത്തിന്റെയും സ്വദേശനിഷ്ഠയുടെയും ഫലമായി ഒന്നാം മഹായുദ്ധശേഷവും അവക്കു് പാലസ്തീൻ കൈവശമായി. നാടുവിട്ടവർ പലരും സ്വന്തം നാട്ടിൽ തിരിച്ചെത്തി.

വൈദിക (ആര്യ) ജാതി വാസ്തവത്തിൽ 2500–1500 ക്രി. മു. മദ്ധ്യത്തിൽ പുറത്തുനിന്നും ഭാരതത്തിൽ വന്നെങ്കിൽ ജനങ്ങളിടയിൽ അതൊരു കിംവദന്തിയെങ്കിലുമാകുമായിരുന്നു. ഒരു സംഭാഷണവിഷയമെങ്കിലും ആയെന്നു പറയാമായിരുന്നു. 1000–1200 വർഷംകൊണ്ടു് അക്കാര്യം മറന്നുപോകാൻ യാതൊരു കാരണവും കാണുന്നില്ല.

---

1. വിവാഹമണ്ഡപത്തിൽവച്ചു് പാണിഗ്രഹണസമയത്തു് വധുവിന്റെയും വരന്റെയും പക്ഷക്കാരായ പണ്ഡിത പുരോഹിതന്മാർ തങ്ങളുടെയജമാനന്മാരുടെ കുലമഹിമയും വംശപാരമ്പര്യവും പ്രകടിപ്പിച്ചുകൊണ്ടു നടത്തുന്ന വർണ്ണനയെ ശാഖോച്ചാരണമെന്നു പറയുന്നു.

ഒരു നൂറുകൊല്ലം മുമ്പ് എൽഫിൻസ്റ്റൺ തന്റെ ഇൻഡ്യാചരിത്രത്തിൽ[1] മെഗസ്തനീസിന്റെ യാത്രാവിവരണത്തെ ഉദ്ധരിച്ചുകൊണ്ട് എഴുതി— "ഭാരതീയ ഹിന്ദുക്കളുടെ പൂർവപുരുഷന്മാർ ഒരിക്കലും തങ്ങളുടെ ആധുനിക നിവാസ സ്ഥാനമായ ഭാരതത്തിലല്ലാതെ മറെറാരിടത്തും ഉള്ളവരായികരുതാൻ യാതൊരു കാരണവും കാണുന്നില്ല. വേദം, മനുസ്മൃതി അഥവാ മനുവിനു മുമ്പുള്ള ഗ്രന്ഥങ്ങം ഇവയിൽ ഹിന്ദുജാതിയുടെ പൂർവ്വനിവാസ സ്ഥാനത്തെക്കുറിച്ച് യാതൊരു സൂചനയുമില്ല."

എൽഫിൻസ്റ്റൺ ഇതെഴുതുന്നതുവരെ ഇൻഡ്യയിലെ ആര്യാഗമനകഥ കെട്ടിച്ചമച്ചിരുന്നില്ല. മാക്സ് മൂള്ളർ മുതലായവരുടെ ഗവേഷണം ആരംഭിക്കാൻ വൈകിയിരുന്നതാനും.

ആധുനിക ചരിത്രപുസ്തകത്തിൽ മെഗസ്തനീസിന്റെ ഈ പ്രസ്താവനയേ ഇല്ല. ആര്യന്മാർ പുറമേനിന്നു ഭാരതത്തിൽവന്നു കുടിയേറിപ്പാർത്തു എന്ന കഥയുടെ കടകവിരുദ്ധമായതിനാലാണ്

**വേദത്തിൽ അഥവാ വൈദ്യശാസ്ത്രങ്ങളിൽ ആര്യന്മാരുടെ ആക്രമണപ്രസ്താവനയില്ലാത്തതു്.**

വേദസംഹിത ആദ്ധ്യാത്മികോപാസനയുടെ മന്ത്രങ്ങളാണ്. അതുകൊണ്ട് ബ്രഹ്മം എന്നാണതിന്റെ പേരും. പിന്നെങ്ങനെ അതു് ചരിത്രത്തിന്റെ പര്യായത്തിൽ കൊള്ളിച്ചു?

ഇന്നു കിട്ടിയിട്ടുള്ള ഋഗ്വേദഭാഗങ്ങളിൽ 1017 മന്ത്രങ്ങളുണ്ട്. ഇതിൽ കേവലം നാല്പതു മന്ത്രങ്ങളിൽ ഭൂമിയെ സംബന്ധിച്ചും സാംസ്കാരിക വിഷയമായും അല്പം ചില സങ്കേതങ്ങളുണ്ടെന്നു അനുമാനിക്കാം. എന്നാൽ ഈ നാല്പതു മന്ത്രങ്ങളെ ചരിത്രപര ഗവേഷണത്തിന്റെ ഭൂമികയായി ഗണിച്ചാലും ഇൻഡ്യയിൽ ആര്യന്മാരുടെ ആക്രമണത്തെ സമർത്ഥിക്കുന്ന യുക്തികളൊന്നും ലഭിക്കുന്നില്ല. ഭാരതീയ ഐതിഹ്യങ്ങളിൽ ഗവേഷണം നടത്തിയ വേദങ്ങളിൽ ചികഞ്ഞു പരിശോധിച്ച ഒരു മഹാപണ്ഡിതനാണ് ഡോക്ടർ കീത്ത്. അദ്ദേഹം ഈ വിഷയത്തിൽ പ്രവർത്തിച്ചിട്ടുള്ളതു വളരെ ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു — ഈ വിഷയത്തിനടിസ്ഥാനമായ ഗ്രന്ഥങ്ങം പലതുണ്ട്. അവയിൽനിന്നു് ഒരു മൂലതത്ത്വം വളരെ ശ്രദ്ധിച്ചും ആലോചിച്ചും സ്വീകരിക്കേണ്ടതാണ്. പക്ഷേ, ഒരുകാര്യം തീർച്ചപ്പെട്ട ഒന്നാണ്—വൈദികഭാരതീയർ എങ്ങനെ ഭാരതത്തിൽ പ്രവേശിച്ചു, ഇതു സ്ഥാപിക്കാൻ ഋഗ്വേദം ഒട്ടുംതന്നെ നമ്മെസഹായിക്കുന്നില്ല. ആര്യന്മാരുടെ ആക്രമണസംഘം വേണമെങ്കിൽ ഹിന്ദുക്കുഷ് പുരങ്ങളിൽക്കൂടി ഭാരതത്തിൽ കടന്നിരിക്കാം, പഞ്ചാബിൽക്കൂടി പൂർവ്വദേശങ്ങളിൽ വ്യാപിച്ചിരിക്കാം. ഒരുപക്ഷേ, അങ്ങനെ സംഭവിച്ചിരുന്ന എങ്കിൽക്കൂടി ഈ ആക്രമണകഥയുടെ ലാഞ്ഛനപോലും ഋഗ്വേദത്തിലില്ല.'[2]

ഉത്സാഹശീലരായ പാശ്ചാത്യ ഗവേഷകരിലധികംപേരും ഭാരതത്തിൽ കാലുകുത്തിയിട്ടപോലുമില്ല. കോശഗ്രന്ഥങ്ങളുടെ സഹായത്താൽ വേദങ്ങം പഠിച്ചു. അവരിൽ ചിലർ ആക്രമണകാരികളായ ആര്യന്മാരുടെക്കുടെ ഭാരതത്തിലെ ആദിമനിവാസികളായ അനാര്യജാതിയുമായുള്ള സമരചരിത്രം വേദത്തിൽ നിന്നും തോണ്ടിയെടുത്തു. ഇതുവരെ, അതായതു്, പ്രസിദ്ധമായ ആചമന മന്ത്രംവരെ,— "തദ്വിഷ്ണോഃ പരമം പദം സദാ പശ്യന്തിസൂരയഃ, ദിവീവ ചക്ഷുരാതതം". ഇതു് ഭാരതത്തിലെ കോടാനുകോടി

---

1. It is opposed to the foreign origin that neither in the code nor, i believe, in the Vedas, nor in any book that is certainly older than the code is there any allusion to a prior residence or a Knowledge of more than the name of any country out of India"...Elphinstone-"History of India".

2. "From these materials conclusions can be drawn only with much caution. It is, however certain that the Rgveda offers no assistance in determining the mode in which the Vedic Indians entered India. If, as may be the case, the Aryan invaders of India entered by the passes of the Hindu kush and proceeded thence through the Punjab to the east still that advance is not reflected in the Rgveda,"...Keith: Cambridge History of India' I. P. 78-9.

ബ്രാഹ്മണസന്താനങ്ങളും ആയിരമായിരം വർഷങ്ങളായി പ്രതിദിനം ഒട്ടേറെ പ്രാവശ്യം ആവർത്തിച്ചിട്ടും യാതൊരു ചരിത്രസത്യവും കണ്ടെത്താൻ കഴിഞ്ഞാലും, അഥവാ ശ്രാദ്ധമന്ത്രമായ "ഇദം വിഷ്ണുർവിചക്രമേ ത്രേധാ നിദധേ പദം"--ൽ നിന്നും ഒരു ഗവേഷകനും ആര്യജാതിയുടെ ആദിമനിവാസവും അവരുടെ നേതാവിന്റെ ഊരും പേരും എന്നല്ല ഭാരതാഗമനമാർഗ്ഗത്തിലെ താവളങ്ങളുടെ സങ്കേതംപോലും വളരെ പണിപ്പെട്ട് നിശ്ചയിച്ചു തന്റെ ഗവേഷണം വഴി ഭാരതസന്താനങ്ങളെ അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്കു കൊണ്ടുവരാൻ സമർത്ഥനായില്ല.

ഈ അടിസ്ഥാനത്തിൽ, ദുരവഗാഹമായ വൈദിക സാഹിത്യവിഷയത്തിൽ ശ്രദ്ധേയമായ ലേഖനം അനായാസമെഴുതുന്നവർ ചിന്തകനായ ഡോക്ടർ കീഥിന്റെ പ്രസ്താവനയെ ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

ഋഗ്വേദത്തിൽ മൂന്നു സ്ഥലത്തു് ആര്യശബ്ദത്തിന്റെ ഉല്ലേഖനം കിട്ടുന്നു. പക്ഷേ, അതിന്റെ അർത്ഥം ഒരിടത്തും ജാതിവാചകമായിട്ടില്ല. (1. 103. 3; 6. 25. 2; 60-11)

ശ്രീ. യോഗത്രയാനന്ദൻ പറയുന്നു— "ഇതുകൂടാതെ, വേദത്തിൽ എന്തുണ്ട് അല്ലെങ്കിൽ എന്തില്ല, ഇതു കാണാനുള്ള കണ്ണുവേണം. വേദത്തിൽ വസ്തുതപം ബീജഭാവത്തിൽ വർത്തിക്കുകയും അതു് യോഗദൃഷ്ടി കൂടാതെ വേദത്തിന്റെ വാസ്തവിക രൂപം കാണാനാഗ്രഹിക്കുന്നതു് അനുചിതവുമാണു്"— ഉത്സവ്. 1340. 520. p.

ഈ വിഷയത്തിൽ വളരെ വിശാലമായി ചിന്തിക്കാൻ കഴിയും. എന്നാൽ ഒന്നു നിശ്ചയമാണു്, വൈദികശാസ്ത്രത്തിലോ മഹത്സംസ്കൃത സാഹിത്യങ്ങളിലോ ഒരിടത്തും പുറമേനിന്നു് "ആര്യനോ" അന്യജാതിയോ വന്നു അഥവാ ആദിമ-ആര്യന്മാരുടെ നിവാസസ്ഥാനത്തെ വിവരിച്ചിരിക്കുന്നുഎന്ന സൂചനയില്ല.

പ്രസ്തരപ്രമാണം (ശിലാരേഖ)

ഹഡപ്പാ-മോഹൻ ജോ ദരോ.

സുപ്രസിദ്ധ പുരാവസ്തുഗവേഷണ വിദഗ്ദ്ധനായ രാഖാൽ ദാസ് വന്ദോപാദ്ധ്യായയുടെ പരിശ്രമത്തിൽ ഉദ്ദേശം 38 കൊല്ലം മുമ്പു് ബൃഹത്തായ ഒരു ഗവേഷണംനടന്നു. തത്ഫലമായി സിന്ധുദേശത്തു മോഹൻജോദരോവിലും ഹഡപ്പായിലും അതിപ്രാചീന സംസ്കാരത്തിന്റെ വിവരം ലഭിച്ചു. ഈ ഇടിഞ്ഞു പൊളിഞ്ഞ അവശിഷ്ടങ്ങൾ 2000 ക്രി. മു. അഥവാ അതിലുമധികം പഴക്കം ചെന്നതാണെന്നു പുരാവസ്തുശാസ്ത്രജ്ഞർ കരുതുന്നു. വളരെ ആഴത്തിൽ നിന്നു കിട്ടിയവയും പരിശോധനാവിഷയമായി. ഒന്നിനൊന്നു് വ്യത്യസ്തമായിരുന്നു. അതുകൊണ്ടു് അവയെല്ലാം തന്നെ ഏതാണ്ടു് ക്രി. മു. 3000 കൊല്ലത്തെ പഴക്കമുള്ളവയാണെന്ന തീരുമാനത്തിലെത്തി.


ചരിത്രകാരന്മാരും പുരാവസ്തുശാസ്ത്രജ്ഞന്മാരും എടുത്ത തീരുമാനം, ഭാരതത്തിൽ ആദ്യമായി ആര്യന്മാർ ആക്രമിച്ചതു് 2500 കൊല്ലം മുമ്പല്ലായിരുന്നു എന്നാണു്. എന്നാൽ ഈ ഗവേഷണഫലമായി മറെറാന്നാണു് മുമ്പിലെത്തിയതു്. മോഹൻ ജോ ദരോവിലെയും ഹഡപ്പായിലെയും ഗവേഷണത്തെ ആര്യസംസ്കാരചിഹ്നമായി കരുതുകയാണെങ്കിൽ ഈ ആക്രമണത്തിന്റെ നിശ്ചിതകാലം തെറെറായി വരുന്നു. ആക്രമണകഥയും നിഷ്പ്രമോയിത്തീരുന്നു. കാരണം, പാശ്ചാത്യ മതപ്രകാരം 2500 കൊല്ലം മുമ്പേ ഭാരതത്തിന്റെ അധികാരിവർഗ്ഗം അസംസ്കൃത (വേടൻ, കാട്ടാളൻ, പാണൻ ഇത്യാദി) ജാതിക്കാരായിരുന്നു എന്നു വരും.

വാസ്തവത്തിൽ ഇക്കാരണത്താൽ ഈ സംസ്കാരത്തെ "സിന്ധുതടസംസ്കാര" (Indus Valley Civilization) മെന്ന പേരുകൊടുത്തു് പൃഥക്കരിച്ചു. ഇതു് "ആര്യസംസ്കാര"മല്ല. ആര്യന്മാരുടെ ആക്രമണത്തിനു മുമ്പുള്ള ഏതെങ്കിലും അനാര്യന്മാരുമായി, പക്ഷേ, നവർണ്ണരുമായി, ഇതിനെ കൂട്ടിച്ചേർക്കാനുള്ള പ്രയത്നം ചെയ്തിട്ടുണ്ടു്.

# കുഞ്ഞുണ്ണി

കെ. ഭാസ്കരൻ

ഉപജില്ലാ വിദ്യാഭ്യാസ ആഫീസ്
കുത്തുപറമ്പ്



കുഞ്ഞു, കുഞ്ഞുന്നാളിലുണ്ണി,
കുഞ്ഞിക്കിണ്ണത്തിൽ കുഞ്ഞിവെച്ചു
കുഞ്ഞിക്കോരിയരിക്കഞ്ഞിവെച്ചു
കുഞ്ഞും കുറിഞ്ഞിയും കൂടുവെച്ചു.
കുഞ്ഞുണ്ണികിന്നരിപ്പാവുവെച്ചു
കുന്നായ കുന്നെല്ലാം കേറിവന്നു,
കുഞ്ഞൊന്നു കൊഞ്ഞിച്ചു കൊഞ്ചിപ്പാടി,
കിന്നാരഭാഷയിൽ 'കാകാ' പാടി.
കുഞ്ഞായ കുഞ്ഞെല്ലാമേറുപാടി
കുഞ്ഞും കുറിഞ്ഞിയും കുഞ്ഞുണ്ണിയും

---


ഗോർഡൻ ചൈൽഡിന്റെ അഭിപ്രായം "ഇതു് 'ആര്യ' നല്ല", പക്ഷേ, ഭാരതത്തിലെ ഏതോ പൂർവ്വ "ആര്യ" ജാതിയുമായി ബന്ധപ്പെട്ടതാണു്"[1] എന്നാകുന്നു. എന്നാൽ മോഹൻജോദരോവിൽ നിന്നു മൂന്നു മൈല കലെയാണു് ഹഡപ്പാ. പിന്നെ ബഹുദൂരം പെന്നു് പശ്ചിമ ബലൂചിസ്ഥാനിൽ ഇതിനനുരൂപമായ കുറെ അവശിഷ്ടങ്ങളും കണ്ടുകിട്ടിയിട്ടുണ്ടു്. അതുകൊണ്ടു് ഈ സംസ്കാരത്തെ "ആര്യ" (വൈദിക) സംസ്കാരം എന്നല്ല, "സിന്ധുനദീതട സംസ്കാരം" എന്ന പേരിടാൻ എത്രത്തോളം സാദ്ധ്യതയുണ്ടെന്നു പറയുക വയ്യ.

കൂടാതെ മദ്ധ്യഭാരതത്തിൽ മഹേശ്വര (പ്രാചീന മാഹിഷ്മതി) ത്തിലും മറ്റു പല സ്ഥലങ്ങളിലും പ്രാചീനാവശിഷ്ടങ്ങളുടെ ഗവേഷണം നടന്നുകൊണ്ടിരിക്കുന്നു; ഇനിയും നടക്കേ തന്നെ ചെയ്യും. ഈ എല്ലാ സ്ഥലത്തെയും സംസ്കാരത്തെ "ആര്യ" (വൈദിക) സംസ്കാരത്തിൽ നിന്നു പൃഥക് രൂപത്തിൽ എടുത്തുകാട്ടാനായി ഭാവിയിൽ "നർമ്മദാ നദീതട സംസ്കാരം", "ഗംഗാ നദീതട സംസ്കാരം' എന്നൊക്കെ പേരിടേണ്ടിവരും. ★

[തുടരും]

1. "Not Aryans but connected with one of the pre-Aryan races of India". —GORDON CHILDE: 'ARYAN' P. 35

# 'ആധുനികതയിലേക്കൊരു നടപ്പാത'



പി. ശിവശങ്കരപ്പിള്ള
എച്ച്. എസ്സ്., മുഖത്തല

ഇന്നത്തെ ആനുകാലിക പ്രസിദ്ധീകരണങ്ങളൊക്കെ, ആധുനിക കഥയോ, കവിതയോ ഇല്ലാതെ പുറത്തിറങ്ങാറില്ല. എങ്ങും ചൂടുപിടിച്ച സാഹിത്യ ചർച്ചയാണ്. ഇന്നു സാഹിത്യചർച്ചയെന്നു പറഞ്ഞാൽ ആധുനിക സാഹിത്യത്തെക്കുറിച്ചുള്ള ചർച്ച എന്നായിരിക്കുന്നു വിവക്ഷ. ഇത്രയേറെ വാദകോലാഹലങ്ങൾ ഉയർത്തിവിട്ട ഈ ആധുനികത എന്താണ്? ശരിയായ ഒരു നിർവചനം പറയാൻ സാദ്ധ്യമല്ല.

'അധുനാ' എന്ന സംസ്കൃത പദത്തിൽ നിന്നു രൂപം പൂണ്ട ആധുനികത എന്ന ശബ്ദത്തിനു വർത്തമാനകാലത്തിന്റെ സവിശേഷത എന്നാണ് അർത്ഥം... എന്നാൽ ആധുനികസാഹിത്യം എന്നു പറയുമ്പോൾ, വർത്തമാനകാലസാഹിത്യം എന്നു ഒരിക്കലും വിവക്ഷിച്ചിട്ടില്ല. ചില സവിശേഷഭാവങ്ങളുള്ള ഒരു പ്രത്യേക സരണി എന്ന സാങ്കേതികാർത്ഥത്തിലാണു ആധുനിക സാഹിത്യം എന്നു പ്രയോഗിക്കുന്നതു്. ആധുനിക കാലത്തു് രചിക്കപ്പെടുന്ന എല്ലാ കൃതികളും ആധുനിക സാഹിത്യമാകുന്നില്ല. അടുത്തകാലത്തായി മനുഷ്യജീവിതത്തിൽ ഉണ്ടായ ചില സമൂലപരിവർത്തനങ്ങളാണ് ആധുനികതയുടെ വിത്തു കാം. കലയുടെ രൂപധർമ്മാദികളെക്കുറിച്ചുള്ള ഒരു നിത്യനൂതന സങ്കല്പമാണു് നമുക്കു് ആധുനികതയിൽ ദർശിക്കാൻ കഴിയുന്നതു്. 'ആത്മീയമോ ഭൗതികമോ ആയ ഹിപ്പോക്രസിക്കു് എതിരായി കലയിലോ സാഹിത്യത്തിലോ തത്വശാസ്ത്രത്തിലോ സംഭവിക്കുന്ന പ്രക്ഷോഭമാണു് പ്രധാനമായും 'ആധുനികത' എന്നു് എം. മുകുന്ദൻ അഭിപ്രായപ്പെടുന്നു.

## പശ്ചാത്തലം

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പാശ്ചാത്യരുടെ ജീവിതത്തിനുസംഭവി

ച്ചു വൻപിച്ച പരിവർത്തനമാണ് ആധുനികസാഹിത്യം മുളച്ചു പൊന്താൻ കാരണമാക്കിയത്തു്. ദിനേദിനേ ശാസ്ത്രത്തിന്റെ ചക്രവാളങ്ങൾ വളർന്നു പന്തലിച്ചു് നവംനവങ്ങളായ കാര്യകാരണബന്ധങ്ങളും ചിന്തകളും മനുഷ്യമനസ്സിനെ അസ്വസ്ഥമാക്കി. പരിണാമവാദം മനുഷ്യന്റെ പ്രത്യേകപാരമ്പര്യത്തെ കടപുഴക്കിയെറിഞ്ഞു. പരിണാമവാദത്തിനു സമാന്തരമായി പ്രകൃതി നിയമങ്ങളുടെ പദവി അവകാശപ്പെടുന്ന സാമ്പത്തിക തത്വങ്ങളും സമ്പദ് വ്യവസ്ഥയും കൂടി ഉടലെടുത്തു അധഃപതനോന്മുഖമായ ഒരു സദാചാര വ്യവസ്ഥയുള്ളിൽ, ജന സാമാന്യത്തിൽ നിന്നു, തങ്ങൾ ഒറ്റപ്പെട്ട നില്ക്കുകയാണെന്നുപ്രതിഭാശാലികൾക്കു തോന്നി. അത്തരം പ്രതിഭാശാലികളിൽ നിന്നാണു ചില ആധുനിക സാഹിത്യകാരന്മാർ രംഗ പ്രവേശം ചെയ്തതു് എന്നു വിചാരിക്കുന്നതാണു ശരി.

ധാർമ്മികമായ അനിശ്ചിതാവസ്ഥ ഇരുപതാം നൂറ്റാണ്ടിന്റെ പ്രത്യേകതയാണു്. ശാസ്ത്രത്തിന്റെ ദ്രുതഗതിയിലുള്ള വികാസ പരിണാമങ്ങൾ എന്തിനെയും ചോദ്യം ചെയ്യാം എന്ന അവസ്ഥ സംജാതമാക്കി. വിശ്വാസത്തിന്റെ സ്ഥാനം സംശയം കൈയടക്കി. സ്ത്രീ പുരുഷ ബന്ധത്തെക്കുറിച്ചുള്ള പഴയ സങ്കല്പങ്ങൾ പൊളിഞ്ഞു വീഴാൻ തുടങ്ങി. ദാമ്പത്യ ബന്ധത്തിൽ സ്ത്രീ പുരുഷനെ അനുസരിക്കുന്നതു് ഒരു മാതിരി പഴഞ്ചൻ സിദ്ധാന്തമാണെന്ന നിലവന്നു ജീവിതത്തിന്റെ അടിയൊഴുക്കു് ലൈംഗിക വികാരമാണെന്നു തെളിഞ്ഞതോടുകൂടി വിശുദ്ധ പ്രണയം ഓടിയൊളിച്ചു. മാർക്സിസം പുളിച്ചു നാറിയ സാമ്പത്തിക സംവിധാനത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു ഈ സാഹചര്യത്തിൽ വികാര ജീവിയായ സാഹിത്യകാരൻ എങ്ങനെ ഒഴിഞ്ഞു നില്ക്കും ?

## ജീവിതദർശനം

പലായനവാദിയല്ല ആധുനിക സാഹിത്യകാരൻ. തങ്ങളുടെ ചുറ്റും കാണുന്ന മനം മടുപ്പിക്കുന്ന യാഥാർത്ഥ്യങ്ങളെ സമഗ്രമായി ആവിഷ്കരിക്കാൻ ആധുനിക സാഹിത്യകാരൻ ശ്രമിക്കുന്നു യഥാതഥമായ വീക്ഷണഗതിയോടു സന്ധിചെയ്യാൻ ആധുനിക സാഹിത്യകാരൻ ഒരുക്കമല്ല. ഹിപ്പോക്രസിയുടെ മൂടുപടം ആധുനിക സാഹിത്യകാരൻ ചീന്തിയെറിഞ്ഞിരിക്കുന്നു. "ദൈവം മരിച്ചതിനാൽ മനുഷ്യൻ സ്വതന്ത്രനാണു്" എന്നു ഡോസ്റ്റോവ്സ്കി ഉദ്ഘോഷിച്ചപ്പോഴും, "എന്റെ ജന്മത്തോടെയാണു് ദുഃഖങ്ങൾ തുടങ്ങുന്നതു്" എന്നു ഫ്രഞ്ചു സാഹിത്യകാരനായ 'റൂസ്സോ' പ്രഖ്യാപിച്ചപ്പോഴും ആധുനിക സാഹിത്യകാരന്റെ ശബ്ദമാണു നമ്മൾ കേട്ടതു്. മരിക്കാൻ വിധിക്കപ്പെട്ട മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവത്തിനു യാതൊരു പ്രാധാന്യവുമില്ലെന്നു ആധുനിക സാഹിത്യകാരൻ പറയുമ്പോൾ നാം എന്തിനു മുഖം തിരിച്ചുനില്ക്കണം. തങ്ങളുടെ ചുറ്റും കാണുന്ന മനം മടുപ്പിക്കുന്ന യാഥാർത്ഥ്യങ്ങളെ സമഗ്രമായി ആവിഷ്കരിക്കാൻ അയാൾ ശ്രമിക്കുന്നു എന്നതു് നേരാണു്.

തികച്ചും വ്യക്തിഗതവും നൈമിഷികവുമായ ബോധപരമ്പരയാണു് ആധുനികൻ പ്രദർശിപ്പിക്കുന്നതെങ്കിലും നൈസർഗ്ഗിക വികാരാവിഷ്കാരമാണു സാഹിത്യമെന്നു അവർ കരുതുന്നില്ല. അനുഭൂതികളെ മൂർത്തവത്കരിക്കുന്നു എന്നു നിലയ്ക്കു് ദർശിക്കുമ്പോഴാണു് സാഹിത്യം ഉടലെടുക്കുന്നതു്. ഇക്കാര്യത്തിൽ ക്ലാസ്സിക് മാതൃകയെ കാലോചിതമായി പരിഷ്കരിക്കുകയാണു തങ്ങൾ ചെയ്യുന്നതെന്നു് അവർ അവകാശപ്പെടുന്നു. വൈചിത്ര്യം നിറഞ്ഞ ജീവിതത്തെ സങ്കീർണ്ണതയോടെ ചിത്രീകരിക്കുന്നതിനും അവർ ഈ മാർഗ്ഗം പിൻതുടരുന്നു.

ശ്ലഥബദ്ധങ്ങളായ ബിംബകങ്ങളുടെ പരമ്പരയിലൂടെ സത്തയുടെ വിഭിന്നഭാവങ്ങളും ബോധത്തിന്റെ ഭിന്നതലങ്ങളും അവർ കൂട്ടിയിണക്കുന്നു. യുക്തിപരമായ ബാഹ്യബന്ധം അവയ്ക്കില്ലാത്തതുകൊണ്ടു് ആധുനിക

സാഹിത്യം ദുർഗ്രഹമാകുന്നു. ജർമ്മൻ നാടകകൃത്തായ 'ബോംഫ് ഗാംഗ് ബോർഷർട്ട്' പറയുന്നു, "ഒറ്റപ്പെട്ടതും അടിത്തറയില്ലാത്തതുമായ ഒരു തലമുറയാണ് ഞങ്ങളുടേത്. ഞങ്ങളുടെ സൂര്യന്മാർ വിളറിയതാണ്. ഞങ്ങളുടെ സ്നേഹം ക്രൂരമാണ്. ഞങ്ങളുടെ യുവത്വം വാർദ്ധക്യമാണ്. ഞങ്ങളുടെ തലമുറ സീമാതീതവും അനിയന്ത്രിതവും അനാഥവുമാണ്."

## ആധുനികതയുടെ പ്രസക്തി

യുദ്ധം കൊണ്ട് താറുമാറായ ജർമ്മനിയിൽ ഭൂതകാലത്തിന്റെ ഭാരത്തിൽനിന്നു പുതിയ മനുഷ്യനെ സൃഷ്ടിക്കാനാണ് ആധുനികത വന്നുപിറന്നത്. ആധുനിക ജർമ്മൻ സാഹിത്യകാരന്മാരിൽ പലരും യുദ്ധത്തിന്റെ സാക്ഷികളാണ്. ഭൗതിക പുരോഗതിക്കും സമൃദ്ധിക്കുമെതിരായുള്ള കഥയാണ് അമേരിക്കയിലെയും ഫ്രാൻസ്സിലെയും ആധുനികർക്കു പറയാനുള്ളത്. നിറഞ്ഞ തീൻമേശ അവരുടെ വിശപ്പിനെ വർദ്ധിപ്പിക്കുന്നു. പുഷ്ടാലംകൃതമായ മനോഹരശയ്യ അവരുടെ നിദ്രയെ അപഹരിക്കുന്നു. സുന്ദരികളും അവരെ ഷണ്ഡന്മാരാക്കുന്നു. ഇതൊക്കെയാണ് സമ്പൽസമൃദ്ധമായ രാജ്യങ്ങളുടെ കഥ. എന്നാൽ നമ്മുടെ രാജ്യത്തിന്റെ കഥയോ? റേഷൻ ഷോപ്പിലെ അവസാനിക്കാത്ത പട്ടിണിപാവങ്ങളുടെ "ക്യൂ" അല്ലേ നമ്മുടെ സമ്പൽസമൃദ്ധി. അതുമാത്രമല്ല; അമേരിക്കൻ 'കെയറിന്റെ' മുമ്പിൽ ചത്രം പടഞ്ഞിരിക്കുന്ന പിഞ്ചോമനകളും. അപ്പോഴും പാശ്ചാത്യരാജ്യങ്ങളിൽ സമ്പൽസമൃദ്ധിയെ പ്രതിനിധാനം ചെയ്യുന്ന ആധുനിക സാഹിത്യത്തിനു ഭാരതരാജ്യത്തിൽ എന്തു പ്രസക്തി എന്ന ചോദ്യം വീണ്ടും പൊന്തിവരുന്നു.

ഭാവിയെക്കുറിച്ചുള്ള ഭയാനക സ്വപ്നങ്ങളിൽനിന്നു രക്ഷപ്രാപിക്കുന്നതിനുവേണ്ടി, കഞ്ചാവുമാടങ്ങളിൽ അഭയം തേടുന്ന ഒരു പുതിയ തലമുറ രൂപപ്പെട്ടുവരുന്നകാര്യം നമ്മുടെ യാഥാസ്ഥിതിക സാഹിത്യകാരന്മാർ അറിഞ്ഞില്ലെന്നുണ്ടോ?

## മരക്കുതിരയും ആധുനികതയും.

കലയ്ക്ക് എതിരായ കലയെന്നു വിശേഷിപ്പിക്കപ്പെടുന്ന ഒരു ആധുനികത പ്രവണതയാണ് "ദാദായിസം". ഒന്നാം ലോകമഹായുദ്ധത്തിൽ മനുഷ്യൻ മനുഷ്യനോടു കാണിച്ച ക്രൂരതയാണു ദാദായിസത്തിൽ പ്രതിഫലിക്കുന്നത്. എല്ലാം ഇല്ലായ്മയാണെന്നു ദാദായിസ്റ്റുകൾ വിശ്വസിക്കുന്നു. അവരുടെ കൈയിൽ കിട്ടുന്നതെന്തും ചിത്രം വരയ്ക്കാൻ അവർ ഉപയോഗിക്കും. 1916-ൽ ഒന്നാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോൾ "സാറ", ആർപ് എന്നീകലാകാരന്മാർ സൂറിച്ചിലെ ഒരു ക്ഷേണശാലയിൻ ഇരുന്നു രൂപം നല്കിയതാണ് ഈ പ്രസ്ഥാനം. അതിനൊരു പേരിടുന്നതിനു നിഘണ്ടുവിൽനിന്നുപ്പോൾ തുറന്നുവന്ന പുറത്തു വിരൽ തൊട്ടു നോക്കി കിട്ടിയ പദമാണ് ഫ്രഞ്ചുഭാഷയിൽ കുട്ടികൾ കയറി കളിക്കുന്ന മരക്കുതിര എന്നർത്ഥമുള്ള 'ദാദാ' എന്നപദം. ഈ വിധമാണ് ഈ നൂറ്റാണ്ടിലെ വലിയൊരു കലാപ്രസ്ഥാനം ജന്മം കൊണ്ടത്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഇതിന്റെ സംഘാടകർ പ്രദർശനങ്ങളും സംഘടിപ്പിച്ചു. കൂട്ടത്തിൽ സഹൃദയനായ ഒരു കലാകാരൻ 'ഡാവിഞ്ചി'യുടെ വിശ്വപ്രസിദ്ധമായ 'മോണോലിസ്സ'യ്ക്ക് ഒരു മേൽമീശകൂടി വരച്ചുചേർത്തു. ആധുനികതയുടെ ശൈലി എന്തെന്നു കാട്ടാൻ ഇത്രയും പറഞ്ഞെന്നു മാത്രം.

★



വിദ്യാരംഗത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളും ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായമല്ല.

പത്രാധിപർ


# വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

സി. വി. പൈലി, എറ്റർ
സെൻറ് റീത്താസ് ഹൈസ്കൂൾ, കൊച്ചിൻ

മറെന്നത്തെക്കാളും കൂടുതലായി ഇന്ന് വിദ്യാലയാന്തരീക്ഷം കലങ്ങി മറിഞ്ഞതായിരിക്കുന്നു. ഇതിനുള്ള പ്രധാന കാരണം ലക്ഷ്യബോധമുള്ള ഒരു വിദ്യാഭ്യാസം നമുക്കിപ്പോഴുള്ളതാണ്. ഇംഗ്ലീഷുകാർ ഇവിടെ നിന്നും പോയെങ്കിലും അവർ തുടങ്ങിവച്ചതുതന്നെ പിൻതുടരുകയാണ് നമ്മുടെ അവസ്ഥ. ഇൻഡ്യയുടെ മണ്ണിനും പറ്റുന്നതായ ഒരു വിദ്യാഭ്യാസ സമ്പ്രദായം നമുക്കു ഉണ്ടാവേണ്ടിയിരിക്കുന്നു ഇതിനും, ഈ രംഗത്തു സമൂലമായ ഒരു പൊളിച്ചു പണിതന്നെ ആവശ്യമാണ്.

പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടി കടന്നു വരുന്നവരിൽ തന്നെ, അതു മുഴുമിപ്പിക്കാതെ 40% ഇവിടെ കൊഴിഞ്ഞു പോകുന്നു. ഇപ്രകാരം കൊഴിഞ്ഞുപോകുന്നവർക്കു വേണ്ട അറിവുകൊടുക്കാൻ നമ്മുടെ രാജ്യത്തു മറെറാരു ഏജൻസി കാര്യമായി പ്രവർത്തിക്കുന്നില്ല. കൊഴിഞ്ഞു പോകാത്ത 60% ത്തിൻെറ അവസ്ഥയും ശോചനീയം തന്നെയാണ്. വിദ്യാലയത്തിലേക്കു ആവശ്യമുള്ള പുസ്തകച്ചുമട്ടുകാരായി ഇവർ അധഃപതിക്കുന്നു. മനസ്സിലോ ബുദ്ധിയിലോ ഒതുങ്ങാത്ത പുതിയ വിജ്ഞാനത്തിൻെറ അനേകം പുസ്തകങ്ങളുമായി അവർ വിദ്യാലയത്തിലെത്തുന്നു. അവിടെയും അവക്കു പ്രശ്നങ്ങളുണ്ട്, സംഘടനകളുണ്ട്, സമരമുണ്ട്.

ഏറെറവും കൂടിയാൽ ഇരുനൂറു ഇരുന്നൂറിപ്പത്തു പ്രവൃത്തിദിവസങ്ങളാണ് ഒരു വിദ്യാലയവർഷത്തിൽ കുട്ടിയുടെ മുമ്പിലുള്ളതു. ഇതിൽ നാലിൽ ഒരു ഭാഗമെങ്കിലും സമരസന്നാഹങ്ങൾക്കായി നീക്കിവയ്ക്കുണം. ബാക്കിയുള്ളതിൽ ഒരു



ഭാഗം അധ്യാപകരുടെ സമർ
സന്നാഹങ്ങൾക്കും മാറിവച്ച
കഴിഞ്ഞാൽ നമ്മുടെ മുമ്പിലു
ള്ളതു് ഏറ്റവും ചുരുങ്ങിയ
ദിവസങ്ങളാണു്.

ഇതിൽ, കുട്ടികളുടെ കലാപ
രവും കായികവുമായ വളർച്ചയ്ക്കു
വേണ്ടി നീക്കിവയ്ക്കപ്പെടുന്ന
കുറച്ചു ദിവസങ്ങളും ലേബർ
വീക്കും ആനുവേഴ്സറി സന്നാ
ഹങ്ങളും ഒക്കെക്കൂടിയാകു
മ്പോഴും കൊല്ലം അവസാനി
ക്കുന്നു.

എങ്കിലും അക്ഷരജ്ഞാനം
പോലുമില്ലാത്ത വിദ്യാർത്ഥി
അടുത്ത ക്ലാസ്സിലേക്കു പാസ്സാ
വുന്നു എന്നതാണു് അതിലും
വിചിത്രമായ കാര്യം. ഒരു
മാർക്കു കിട്ടിയ കുട്ടിക്കു്, മാർക്കി
ന്റെ വലതുവശത്തായി വില
യില്ലാത്ത രണ്ടു പൂജ്യങ്ങളും ചേർ
ത്തുകൊടുക്കുമ്പോഴും കടലാസിൽ
മാർക്കു് നൂറായി. കുട്ടി, കടലാ
സ്സിൽ മിടുക്കനുമായി! അങ്ങനെ
കടലാസ്സു മിടുക്കന്മാരെ വാർക്കു
ന്ന ആശ്വാസകരമായ യജ്ഞ
ത്തിലാണു് അധ്യാപകരും. കുട്ടി
യുടെ ഉള്ളിൽ എന്തു് ഉറഞ്ഞു
കൂടി എന്നോ; അവന്റെ
ബുദ്ധിയുടെ വളർച്ച അതുമൂലം
എത്ര സാധിച്ചെന്നോ ഇവിടെ
നോക്കേണ്ട ആവശ്യമില്ല.!

ഹൈസ്കൂൾ ക്ലാസ്സുകളിൽ
പഠിച്ചു പോയാൽ, ഭാഗ്യത്തി
നു് ഗവണ്മെന്റു് വെള്ളം
ചേർത്തു് മാർക്കുണ്ടാക്കിയപ്പോൾ
ഒരുവൻ പത്താംക്ലാസ്സിനു് അപ്പു
റത്തേയ്ക്കു് മറിഞ്ഞു വീണുപോവു
കയോ ചെയ്താൽ വീട്ടുകാർക്കു്
ഭാരം വർദ്ധിച്ചു. തലയും താടി
യും നീട്ടിവളർത്തി ഒരു കൊച്ചു
ഹിപ്പിയായി മനസ്സിലാവാത്ത
ഇംഗ്ലീഷു് നോവൽ കക്ഷത്തി
ലും ഇടുക്കിപ്പിടിച്ചു് അവൻ
തെക്കുവടക്കു് നടക്കും. സമൂഹ
ത്തിനു് അവനെക്കൊണ്ടു് ഒരു
പ്രയോജനവും ഇല്ല. രക്ഷാ
കർത്താക്കൾ വീണ്ടും കൂലി
പ്പണി ചെയ്തു് അവനു് ആഹാരം
കൊടുക്കണം, വസ്ത്രം കൊടുക്ക
ണം; പോക്കറ്റു മണിയും കൊടു
ക്കണം.

എന്നാലും, കൂലിപ്പണി
ചെയ്യുന്ന ഈ രക്ഷാകർത്താക്ക
ളെക്കുറിച്ചു് അവനു് മതിപ്പോ
ബഹുമാനമോ ഇല്ല. എന്തിനു്
ജോലിയോടു തന്നെ അവനു്
വെറുപ്പാണു്.

ജോലിയോടു വെറുപ്പു്, സമൂ
ഹത്തോടു പുച്ഛം, മറ്റുള്ളവർക്കു്
പ്രയോജനമില്ലാത്ത കുത്തഴി
ഞ്ഞ ജീവിതം ഇതൊക്കെ ഇവ
നെവിടന്നു് പഠിച്ചു?

ഇതുപോലെ ദുരുപയോഗപ്പെ
ടുന്ന ലക്ഷങ്ങളുടെ യുവശക്തി
പ്രയോജനപ്പെടുത്താത്തതിന്റെ
കാരണം ഇന്നത്തെ വിദ്യാഭ്യാ
സസമ്പ്രദായം ഒന്നു മാത്ര
മാണു്.

പരിചയിച്ചു് പഠിക്കാൻ
ഒരു തൊഴിലും ആ തൊഴിലി
നോടൊപ്പം അറിവും ലഭിച്ചിരു
ന്നെങ്കിൽ ഈ യുവാവു് ഒരി
ക്കലും രാജ്യത്തിനു് ശാപമായി
ത്തീരില്ലായിരുന്നു. മറിച്ചു്,
ഇവന്റെ യുവശക്തിയെ ഇ
ദരിദ്രരാജ്യത്തിനു് പ്രയോജന
പ്പെടുത്താൻ കഴിയുകയും ചെയ്യു
മായിരുന്നു.


ഭാരതത്തിന്റെ മനസ്സാക്ഷി
യെത്തന്നെ പിടിച്ചുലയ്ക്കുന്ന
ഈ വലിയ പ്രശ്നത്തെക്കുറി
ച്ചു് രാജ്യസ്നേഹികളും ഉറക്കെ
ചിന്തിക്കുകയും ഇന്ത്യയുടെ
മണ്ണിന്റേതായ ഒരു വിദ്യാഭ്യാ
സസമ്പ്രദായം ഇവിടെ എത്രയും
വേഗം വളർന്നു വരുകയും ചെയ്യേ
ണ്ടതു് ആവശ്യമാണു്.



## ലേഖകരുടെ ശ്രദ്ധയ്ക്കു്

'വിദ്യാരംഗം' മാസികയിൽ പ്രസിദ്ധപ്പെടുത്തണമെന്നു് ആഗ്രഹിക്കുന്ന ലേഖനങ്ങളും, ചെറുകഥകളും തുടങ്ങിയവ കടലാസ്സിന്റെ ഒരു പുറത്തു് വ്യക്തമായി എഴുതി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

എഡിറ്റർ, വിദ്യാരംഗം,
വിദ്യാഭ്യാസഡയറക്ടർ കാര്യാലയം
തിരുവനന്തപുരം–695014



നിന്നു തന്നെ ഈ ഉദ്ദേശ്യങ്ങൾ സാധിതപ്രായ മാകുന്നില്ലെന്നതിൽ രണ്ടു പക്ഷമില്ല. എന്നിരുന്നാലും പാഠ്യേതര പ്രവർത്തനങ്ങളുടെ പ്രാധാന്യം ഇന്നു വേണ്ടത്ര അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നു പറയാതെ വയ്യ. ഈ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യങ്ങളും അവയുടെ സ്വഭാവവും സംബന്ധിച്ച് ഒരു പൊതുധാരണ ഇന്നു നിലവിലുണ്ടെന്നു പറയാതെ വയ്യ. അതുകൊണ്ടുതന്നെ ഈ ഉദ്ദേശ്യങ്ങൾ സാധിതപ്രായ മാകുന്നില്ലെന്നതിൽ രണ്ടു പക്ഷമില്ല. എന്നിരുന്നാലും പാഠ്യേതര പ്രവർത്തനങ്ങളുടെ പ്രാധാന്യം ഇന്നു വേണ്ടത്ര അംഗീകരിക്കപ്പെട്ടിട്ട

സൈദ്ധാന്തിക (Theoretical) വിജ്ഞാനം പ്രദാനം ചെയ്യാൻ കഴിയും.

സ്കൂൾ ലൈബ്രറികളുടെ നടത്തിപ്പിലുള്ള പരിഹാര്യമായ അപാകതകൾ മൂലം 'നിർദ്ദോഷികളും, നിഷ്കളങ്കരുമായ കുട്ടികൾ' ദുരിതമനുഭവിക്കുന്നതല്ലോ. മിക്കസ്കൂളുകളിലും സംഭവിക്കുന്നതെന്തെന്നു നോക്കാം.

ലൈബ്രറിയുടെ ചുമതല വഹിക്കുന്നതു് ഏതെങ്കിലും ഒരധ്യാപകനായിരിക്കും. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനു പുറമേയായിരിക്കും ഇതു്. സേവന സന്നദ്ധതയുള്ളയാളാണെങ്കിൽ പ്രതിഫലേച്ഛകൂടാതെ ശരിയായ നിലയിൽ പുസ്തക വിതരണം നടത്തുന്നതിനു തയ്യാറായിരിക്കും. ഇങ്ങനെയുള്ളവരുടെ എണ്ണം അംഗുലീപരിമിതമായിരിക്കും. പല സ്കൂളുകളിലും ലൈബ്രറി തന്നെയുണ്ടോ എന്നു കുട്ടികൾക്കറിയാൻ കഴിയാതെ പോകുന്നതു് മേൽപ്പറഞ്ഞവരുടെ വൈരള്യം കൊണ്ടാണു്. ലൈബ്രറിക്കു പുറമേ സ്കൂളുമായി ബന്ധപ്പെട്ട പല പാഠ്യേതര പ്രവർത്തനങ്ങളിലും മുൻകൈയെടുക്കുന്നതു കൊണ്ടു് ഇക്കൂട്ടർക്കു് മനസ്സുണ്ടെങ്കിലും മാഗ്രമുണ്ടാവില്ല.


അധ്യാപകരുടെ ഇടയിലും ചില 'കഴിമടിയന്മാ'രുണ്ടായിരിക്കും. ചെയ്യേണ്ട ജോലികൾ പോലും ചെയ്യാൻതയ്യാറാകാത്ത ഇവർ, കുട്ടികൾക്കും, വിദ്യാലയത്തിനും ശാപമാണു്. ഇങ്ങനെയുള്ളവരുടെ കൈയിലായിരിക്കും ചിലപ്പോൾ ലൈബ്രറിയുടെ ചാർജ്ജ് കിട്ടുന്നതു്. ഇഷ്ടമുണ്ടായിട്ടല്ലെങ്കിലും, പ്രധാനാധ്യാപകന്റെ സമ്മർദ്ദത്തിനു വഴങ്ങി 'രണ്ടും കല്പിച്ചു്' കൈയേല്ക്കുന്നു. അതോടെ കൂട്ടികളുടെ ഗ്രഹപ്പിഴ ആരംഭിക്കുന്നു.

സ്പെഷ്യൽ ഫീസിൽ നിന്നുള്ള ഒരു വിഹിതമാണല്ലോ പുസ്തകങ്ങൾ വാങ്ങാനുള്ള മൂലധനം. ഇതിന്മേലാണു് മേൽപ്പറഞ്ഞയാളിന്റെ നോട്ടം. ഫണ്ടിലാകെ എത്രരൂപണം വരുമെന്നു് ആദ്യം തന്നെ തിട്ടപ്പെടുത്തുന്നു. പൊടുന്നനവേ ഒരു ദിവസം 'മറന്നാരുമറിയാതെ' പണവുമായി പട്ടണത്തിൽപ്പോകുന്നു. ഏറ്റവും കൂടുതൽ കമ്മീഷൻ നല്കുന്ന പുസ്തകശാലയേതെന്നു് അന്വേഷിക്കുന്നു. പണം നിറഞ്ഞ മടിശ്ശീലയുമായി അവിടേക്കു കയറിച്ചെല്ലുന്നു. ഉടമയുടെ സഹായത്തോടെ ലിസ്റ്റു തയ്യാറാക്കുന്നു. കമ്മീഷനൊഴികെയെല്ലാം കൈയൊഴിയുന്നു. (40 മുതൽ 50% വരെയുണ്ടു് കമ്മീഷൻ !) ഒരിളിഭ്യച്ചിരിയോടെ കമ്മീഷൻ പെലവഴിക്കേണ്ട മാഗ്രം അതുനേരത്തെകണക്കു കൂട്ടിയിട്ടുണ്ടാവും— അന്വേഷിച്ചു് അന്നു തന്നെ പട്ടണത്തിലൂടെ ഒരു ഓട്ട പ്രദക്ഷിണം നടത്തുന്നു. അങ്കം കാണുന്നതിനൊപ്പം തന്നെ താളിയുമൊടിക്കണമല്ലോ.

കുട്ടികളിൽ ചിലർ പുസ്തകം വേണമെന്നാവശ്യപ്പെട്ടാൽ അതിനുവേണ്ട ഏർപ്പാടു് ഉടനടി ചെയ്യും. ഒരു ക്ലാസ്സിലേക്കുവേണ്ട പുസ്തകങ്ങളും മുഴുവൻ ക്ലാസ്സും ടീച്ചറെ കെട്ടിയേല്പിച്ചിട്ടു് സാക്ഷാൽ ലൈബ്രേറിയൻ തീരശ്ശീലയ്ക്കുള്ളിൽ മറയും. ആദ്യത്തെ ചീർപ്പുഡിന്റെ സിംഹഭാഗവും വിതരണത്തിനായി ചെലവഴിക്കുന്നു.

അന്തസ്സാരശൂന്യങ്ങളായ കുറേ അപസർപ്പക നോവലുകളും, വെറും നോവലുകളും, നാടകങ്ങളും, ചെറുകഥകളുമൊക്കെയായിരിക്കും ഈ 'അമൂല്യഗ്രന്ഥങ്ങൾ'. ഇവ കുട്ടികൾ വീട്ടിൽക്കൊണ്ടു പോയി ഭദ്രമാക്കിവയ്ക്കുന്നു. കേട്ടവരുത്തരുതെന്നാണു് ടീച്ചറുടെ താക്കീതു്. അഭ്യസ്തവിദ്യരാണു് വീട്ടിലുള്ളതെങ്കിൽ പുസ്തകം അവർ കാണുന്നു, മറിച്ചു നോക്കുന്നു. വികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന ക്ഷുദ്രകൃതിയാണെന്നു മനസ്സിലാക്കി പുസ്തകങ്ങൾ കൊണ്ടുവരുന്നതിൽ നിന്നു കുട്ടിയെ വിലക്കുന്നു, അവനെ ശാസിക്കുന്നു. നിഗൂഢമായതെന്തോ പുസ്തകത്തിലുണ്ടെന്നു കുട്ടിമനസ്സിലാക്കി— അവിടെയാണല്ലോ താത്പര്യവും അഭിപ്രേരണയുമൊക്കെ(Interest and Motivation) ആരും കാണാതെ വായിക്കുന്നു. നിഷ്കളങ്കമായ ശിശുമനസ്സിൽ ഏതാണ്ടൊക്കെക്കെടന്നു കൂടുന്നു. ഭാരതത്തിന്റെ ഭാവി

(ശേഷം 34-ാം പുറത്തു്)



# "ഇണയെത്തേടി"

കുളത്തൂർ കമലാസനൻ നായർ

ബി. എച്ച്. എസ്സ്.. ചാല, തിരുവനന്തപുരം.

ആയിരം യുഗങ്ങളും തന്നന്തിമകാലം വരെ-
യാരോമലാളേ! നിൻറെയാഗമം പ്രതീക്ഷിപ്പൂ.
പിറന്ന നാട്ടിൽ നമ്മളും വളർന്നു, പൈതങ്ങളായ്-
പിരിയാൻ കഴിയാത്ത മനസ്സുമാത്മാവുമായ്.

കളിയും ചിരിയുമായ് കഴിഞ്ഞു പലവട്ടം
കളിക്കോപ്പുകൾക്കായി പിണങ്ങി പലവട്ടം
വിദ്യാലയത്തിന്നുള്ളിൽ കടക്കും നിന്നെക്കണ്ട്
കൗതുകം ജനിക്കുന്നു സഹപാഠികൾക്കെല്ലാം.

നിന്നെയും പ്രതീക്ഷിച്ച് നിലക്കുമാനിമിഷത്തിൽ
നിന്നുടെ ശബ്ദം മാത്രമാശ്വാസമരുളുന്നു.
കൗമാരം മെല്ലേമാറി യൗവ്വനം കടന്നപ്പോൾ
സ്നേഹാർദ്രമനസ്സുമായ് നാം തമ്മിലടുത്തപ്പോൾ

വീട്ടുകാരെതിർത്തിട്ടും, നാട്ടുകാരെതിർത്തിട്ടും
കൂട്ടരായ്ത്തീരാൻ തന്നെ നമ്മൾ സത്യവും ചെയ്തു
നമ്മൾ തൻ സമാഗമം നിത്യവും നടക്കുന്ന-
പുണ്യക്ഷേത്രമാം പരമേശ്വരൻ തിരുമുമ്പിൽ

ശംഖനാദവും മണിയൊച്ചയും മുഴങ്ങുമ്പോൾ
കുമ്പിട്ട വണങ്ങീടും ഭാവി പൂരിതമാക്കാൻ
കാലത്തിൻ ഗതിമാറ്റാൻ കഴിവില്ലാത്തോർ-
കാലചക്രത്തെ നമ്മളെന്തിനു പഴിക്കുന്നു !

ഒന്നിച്ച് കളിച്ചവരൊന്നിച്ച് വളർന്നോർ നാം,
ഒന്നായി ജീവിക്കുവാൻ നമ്മൾ സത്യവും ചെയ്തു.
അന്നൊരു മുഹൂർത്തത്തിൽ നാം രണ്ടുമൊന്നായ് ത്തീർന്ന-
മംഗല്യമാല്യങ്ങളും നാം തങ്ങളിലണിയിച്ചു.

മംഗളം നേരാനില്ല; അനുമോദിക്കാനില്ല-
നമ്മൾ തൻ ബന്ധുക്കളോ, കൂട്ടുകാരാരും തന്നെ.
മന്നിലീയെതിർപ്പുകളെല്ലാമേ പേറിക്കൊണ്ട്
സുന്ദര മധുവിധു സാമോദമാഘോഷിച്ചു.

നമ്മളംതൻ ദാമ്പത്യമാമാരാമത്തിങ്കൽനിന്നും
സുന്ദര സുമമൊന്നു പിറക്കാറാകുന്നേരം.
എന്തൊരുത്സാഹത്തോട്ട നിന്നെ ഞാൻ ഭിഷഗ്വരം
സന്നിധാനത്തേക്കായിട്ടാനയിച്ചാമോദത്താൽ
ഏകനായ് നിമിഷങ്ങളെണ്ണിഞാൻ കഴിഞ്ഞപ്പോഴും
ആത്മാവിൽ കുളിരേകാൻ ആ കൊച്ചു ശബ്ദം കേട്ടു.
നിമിഷങ്ങൾ കഴിഞ്ഞില്ല പിന്നെ ഞാൻ ഞെട്ടിപ്പോയ്
വാർത്ത ഞാൻ കേട്ടു പിന്നെയെന്തൊക്കെ നടന്നില്ല
ഇണയെ പിരിഞ്ഞൊരു ദു:ഖത്തിലിനിയൊരു
നിമിഷം ജീവിക്കുവാൻ എനിക്കു വയ്യാതായി
എങ്കിലും നിനക്കായി ജീവിതം നയിക്കുന്നി-
തോമനേ, നമ്മളംക്കുള്ള പൊൻമോനെ വളർത്തുവാൻ
ഇന്നു ഞാൻ ജീവിക്കുന്നതതിനായ് മാത്രം തന്നെ
നിത്യവും പ്രാർത്ഥിക്കുന്നു നിന്നെയും തേടിത്തേടി
ആയിരം യുഗങ്ങൾ തന്നന്തിമകാലം വരെ
ആരോമലാളേ ! നിന്റെ യാഗമം പ്രതീക്ഷിപ്പൂ.

---

(32-ാം പുറത്തിന്റെ തുടർച്ച)

ഭാഗധേയം കുള്ളന്റെയും കൊലപ്പുള്ളിയുടെയും കൈയിലമരുന്നു. എണ്ണിയാൽത്തീരാത്ത വർത്തന വ്യതിയാനങ്ങൾ !

പ്രശ്നങ്ങളിങ്ങനെ പലതുമുണ്ട്. ലേഖനദൈർഘ്യംകൊണ്ട് ഇവിടെ പ്രതിപാദിക്കുന്നില്ലെന്നേയുള്ളൂ. അതിനു പരിഹാരമെന്തെന്നല്ലേ ചിന്തിക്കേണ്ടതു്? എന്റെ മനസ്സിൽ പൊന്തിവന്ന ചില ആശയങ്ങൾ നിർദ്ദേശരൂപേണ വ്യക്തമാക്കാം.

1. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നിന്നും കുട്ടികൾക്കുള്ളതും അധ്യാപകർക്കുള്ളതുമായ പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഉത്തരവുമൂലം എല്ലാ സ്കൂളുകളിലും വാങ്ങാൻ നിർബ്ബന്ധിക്കുക.

2. മേൽപറഞ്ഞ പുസ്തകങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കത്തക്ക സംവിധാനം ഏർപ്പെടുത്തുക.

3. ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപകർക്കുവേണ്ടി ഓറിയന്റേഷൻ കോഴ്സുകൾ നടത്തുക.

4. ആഴ്ചയിൽ മുന്നു ദിവസം പ്രവൃത്തിസമയം കഴിഞ്ഞ് (4 മണി മുതൽ 5 മണിവരെ) പുസ്തക വിതരണം നടത്താൻ വേണ്ട ഏർപ്പാടു് ചെയ്യുക.


5. ചുമതല വഹിക്കുന്ന അധ്യാപകർക്ക് തുച്ഛമായ എന്തെങ്കിലും തുക അലവൻസായിനല്കുക. (സ്പെഷ്യൽ ഫീസിൽ നിന്നല്ല)

6. Extra Reading-നു വേണ്ടി ആഴ്ചയിൽ ഒരു പീരിയഡ് അനുവദിക്കുക. ഈ പീരിയഡിന്റെ ചാർജ്ജ് അതാതു ക്ലാസ്സ് ടീച്ചർക്കു കൊടുക്കുക ഒരു പീരിയഡിൽ ഒരു പുസ്തകമെങ്കിലും പരിചയപ്പെടുത്തുക. പുസ്തകങ്ങളെക്കുറിച്ച് കുട്ടികൾ എഴുതുന്ന അഭിപ്രായങ്ങൾക്ക് മാർക്കു നല്കി ഏറ്റവും കൂടുതൽ മാർക്കു് കിട്ടുന്നവർക്ക് സമ്മാനം നല്കുക.

വായിച്ചു വളരുന്നതിനും കുട്ടികൾക്കു മാർഗ്ഗദർശനം നല്കാൻ അധ്യാപകനല്ലാതെ മറ്റാർക്കാണു കഴിയുക ?

"പ്രകൃതിയേടു മല്ലടിച്ചു് ജയിക്കലിലാണു് മനുഷ്യനെ മനുഷ്യനാക്കുന്നതു്. പ്രകൃതിയാകട്ടെ ബാഹ്യവു, ആഭ്യന്തരവുമാണു്. ബാഹ്യപ്രകൃതിയെ ജയിച്ചു കീഴടക്കുന്നതു് വിശിഷ്ടവും ഉജ്ജ്വലവുമായ സംഗതിതന്നെ; പക്ഷേ, കുറെക്കൂടി വിശിഷ്ടവും ഉജ്ജ്വലവുമാണു് ആഭ്യന്തരപ്രകൃതിയെ കീഴടക്കുന്നതു്"

സ്വാമി വിവേകാനന്ദന്റെ വാക്കുകളാണു് മേലുദ്ധരിച്ചതു്.



# ശാസ്ത്രവും മതവും

കെ. കുട്ടിക്കൃഷ്ണൻ
വേളം ഹൈസ്കൂൾ, ചേരാപുരം

മനുഷ്യനുംപ്പടെയുള്ള ഈ പ്രപഞ്ചത്തിലെ സമസ്ത ജീവജാലങ്ങളും അനുനിമിഷം സുഖത്തെ തേടിക്കൊണ്ടിരിക്കുകയാണെന്നുള്ള വസ്തുത ആർക്കും നിഷേധിച്ചുകൂടാ. മനുഷ്യൻറെ ബാഹ്യപ്രകൃതിയെ അപഗ്രഥിക്കുകയും കീഴടക്കുകയും ചെയ്തു് അതുവഴി സുഖം നേടാനാണു് ശാസ്ത്രം യത്നിക്കുന്നതെങ്കിൽ അവൻറെ ആന്തരിക പ്രകൃതിയെ കീഴടക്കി സുഖം തേടുകയാണു് മതം ചെയ്യുന്നതു്. ശാസ്ത്രവും മതവും ഒരേ ലക്ഷ്യത്തെ ലാക്കാക്കി പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ അവ രണ്ടും അന്യോന്യം സഹകരിച്ചേപറ്റൂ. രണ്ടു വിഭാഗത്തിലെയും അതികായന്മാർ ഈ അഭിപ്രായക്കാരാണു്. ആൽബർട്ടു് ഐൻസ്റ്റീൻ പറയുന്നതു നോക്കുക:– "Science without religion is lame. Religion without science is blind." മതമില്ലാത്തശാസ്ത്രം മുടന്തുള്ളതും ശാസ്ത്രമില്ലാത്ത മതം അന്ധവുമാണു്. ഏതായാലും, അന്ധനും മുടന്തനും ലക്ഷ്യത്തിലെത്താൻ വിഷമം തന്നെ ശാസ്ത്രബുദ്ധികൊണ്ടു് മതങ്ങളിലെ അന്ധവിശ്വാസങ്ങളും നീക്കണമെന്നും മതതത്ത്വങ്ങളുടെ കാതൽ ഉൾക്കൊണ്ടു് ശാസ്ത്രം അതിൻറെ മുടന്തു് പരിഹരിച്ചു് യാത്ര സുഗമമാക്കണമെന്നുമല്ലേ നിഷ്പക്ഷമതിയായ ആ ശാസ്ത്രജ്ഞൻ തൻറെ വാക്കുകളിലൂടെ അർത്ഥമാക്കുന്നതു്!

ശാസ്ത്രീയ നേട്ടങ്ങളിലുള്ള അഹന്ത മതങ്ങളെപ്പറ്റി ഒരു അവജ്ഞാബോധം നമ്മളിലുണ്ടാക്കിയിട്ടുണ്ടു്. ശാസ്ത്രപുരോഗതി മതത്തിൻറെ അടിത്തറ ഇളക്കിയെന്നും മതം ഒരു മയക്കുമരുന്നു് മാത്രമാണെന്നുമുള്ള ധാരണ ഇന്നു് യുവതലമുറയെ പിടികൂടിയിട്ടുണ്ടു്. എന്നാൽ ശാസ്ത്രത്തിൻറെ തലപ്പത്തിരിക്കുന്നവർ ഈ അഭിപ്രായക്കാരല്ല; അവർ അഹങ്കരിക്കുന്നുമില്ല. പകരം, അനന്തവിശാലമായ ഈ പ്രപഞ്ചത്തിൽ നമ്മുടെയും, നമ്മുടെ ഈ ദൃശ്യലോക

ത്തിന്റെയും, അതിലെ നേട്ടങ്ങളുടെയും പരിമിതിയോടുകൂടി വിസ്മയിച്ചു വാപൊളിക്കുകയാണു്. മറെറാരു ശാസ്ത്രജ്ഞനായ ലൂയിപാസ്റ്ററുടെ വാക്കുകളിതാ— "A smattering of Science turns people away from God. Much of it, bring them back to Him!" ആധുനിക ശാസ്ത്രം എങ്ങോട്ടു നീങ്ങുന്നുവെന്നും അതിലെ നൂതന നിഗമനങ്ങളും എന്താണെന്നും പരിശോധിച്ചാൽ അവ എങ്ങനെ മതവുമായി യോജിക്കാൻ തയ്യാറെടുക്കുന്നുവെന്നു് നമുക്കു് മനസ്സിലാവും.

## മതങ്ങളിലെ ഏകസത്ത

മനുഷ്യന്റെ ദുഃഖമോചനത്തിനുള്ള അഭിലാഷം, അഥവാ ശാശ്വതസുഖാന്വേഷണം അതാണു് മതത്തെയും ശാസ്ത്രത്തെയും മുന്നോട്ടു നയിച്ചതെന്നു് മുമ്പു് സൂചിപ്പിച്ചല്ലോ. ബാഹ്യപ്രപഞ്ചത്തെ കീഴടക്കാനുള്ള ശ്രമം പ്രാകൃതമനുഷ്യനെ കാറ്റു്, ജലം, അഗ്നി മുതലായ പ്രപഞ്ചശക്തികളുടെ ആരാധകനാക്കി. ക്രമേണ സമൂഹജീവിതം നയിച്ച മനുഷ്യൻ അത്തരം ശക്തികളുടെ പിന്നിലെ രഹസ്യം ആരാഞ്ഞറിയാനും അവയെ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്താനും ആരംഭിച്ചതോടെ അതിമഹത്തായ വിജ്ഞാനസമ്പത്തും സംസ്കാരങ്ങളും ഉടലെടുത്തു. എല്ലാ പ്രപഞ്ചശക്തികളും അന്യോന്യം ബന്ധപ്പെട്ടുകിടക്കുന്നുവെന്നും അവയെ നിയന്ത്രിക്കുന്നതു് ഒരേയൊരു നിയാമകശക്തി അല്ലെങ്കിൽ ഒരു ഏകചൈതന്യം മാത്രമാണെന്നും അവൻ കണ്ടെത്തി.

"ന തത്ര സൂര്യോ ഭാതി, ന ചന്ദ്ര
താരകം,
നേമാ വിദ്യുതോ ഭാന്തി, കുതോയ
മഗ്നി !!
തമേവഭാന്തമനുഭാതി സർവ്വം
തസ്യഭാസാ
സർവ്വമിദം വിഭാതി !!"

(അവിടെ സൂര്യൻ പ്രകാശിക്കുന്നില്ല. ചന്ദ്രനും താരകങ്ങളും പ്രകാശിക്കുന്നില്ല; മിന്നലോ തീയോ പ്രകാശിക്കുന്നില്ല. എന്നാൽ പ്രകാശമാനമായ അതിനെ ആശ്രയിച്ചു സർവ്വവും പ്രകാശിക്കുന്നു. അതിന്റെ പ്രകാശംകൊണ്ടു് എല്ലാം പ്രകാശിക്കുന്നു.)

കഠോപനിഷത്തിലെ ഈ വരികളും, വൈദികകാലജനത ഒരേക ചൈതന്യത്തെ കണ്ടെത്തിയതിനുള്ള തെളിവാണല്ലോ.

പ്രപഞ്ചശക്തികളുടെ ഉറവിടമായ ആ സർഗ്ഗചൈതന്യം എല്ലായിടത്തും ഒരുപോലെ വ്യാപിച്ചുകിടക്കുന്നുവെന്നും സർവ്വശക്തവുമാണെന്നും എല്ലാ മതങ്ങളും ഉച്ചപ്രഖ്യാപിക്കുന്നു. മനുഷ്യശരീരം ആ ചൈതന്യത്തിന്റെ ഏറ്റവും പാവനമായ ക്ഷേത്രമാണെന്നു് വേദങ്ങളും, ബൈബിളും, ഖുറാനും സംശയാതീതമായി പറയുന്നു. ആചാരാനുഷ്ഠാനങ്ങളും വ്യത്യസ്തമാണെങ്കിലും എല്ലാ മതങ്ങളും അടിസ്ഥാനാശയങ്ങളിൽ ഐകരൂപ്യം പുലർത്തുന്നു. അവയുടെ ലക്ഷ്യവും ഒന്നുതന്നെ. എല്ലാ നദികളും നാനാമാർഗ്ഗങ്ങളിലൂടെ ഒഴുകി ഒരു കടലിൽ ചേരുംപോലെ എല്ലാ മതങ്ങളും ഒരേ സത്യത്തിലേക്കു് മനുഷ്യനെ നയിക്കുന്ന വിവിധ മാർഗ്ഗങ്ങൾ മാത്രമാണു്. അവ പരസ്പരവിരുദ്ധങ്ങളല്ല; പരസ്പരപൂരകങ്ങളാണു്.

"ഏകം സദ്വിപ്രാ ബഹുധാ
വദന്തി"
(ശ്വേത. ഉപ.)


ഏകമായ സത്യത്തെ ജ്ഞാനികൾ പലപ്രകാരത്തിൽ പറയുന്നുവെന്നുമാത്രം.

ഇന്നു് ആധുനികശാസ്ത്രം തുറന്നുപറയാൻ വെമ്പുന്ന ഈ ഏകശക്തിയുടെ അസ്തിത്വത്തെപ്പറ്റി, സഹസ്രാബ്ദങ്ങൾക്കുമുമ്പു് ഭാരതത്തിൽ ഉടലെടുത്ത തത്വചിന്തയുടെ ഉത്തുംഗശൃംഗമായി വിലസുന്ന അദ്വൈതാശയങ്ങളിൽ നമുക്കു് കാണാം. ദ്വൈതമല്ലാത്ത അവസ്ഥയാണു് അദ്വൈതം. ഇക്കാണുന്ന സകല ചരാചരങ്ങളും ഉൾപ്പെടുന്ന പ്രപഞ്ചം അതിന്റെ പ്രവേസ്ഥാനവും സാരാംശവുമായ ഏകസത്തയിൽ നിന്നും (ബ്രഹ്മത്തിൽനിന്നും) വിഭിന്നമല്ല; ഒന്നുതന്നെ എന്നാണു് അദ്വൈതം അനുശാസിക്കുന്നതു്. ഈ പ്രപഞ്ചം മാറ്റത്തിനു് വിധേയമായി നമുക്കു് അനുഭവപ്പെടുന്നുവെങ്കിലും അതിന്റെ ആകെത്തുകയായ

ബ്രഹ്മത്തിനു് ഒരു കാലവും ഉത്പത്തിയോ നാശമോ ഇല്ലെന്നും അതുകൊണ്ടു പറയുന്നു. "ബ്രഹ്മം സത്യം ജഗത് മിഥ്യ" അതായതു് പ്രപഞ്ചം വ്യാവഹാരിക സത്യം മാത്രമാണെന്നും പാരമാർത്ഥികസത്യം ചിന്തിച്ചാൽ അതു് വെറും മിഥ്യയാണെന്നും (വിവേചനം ചെയ്യാത്തപ്പോഴാണു് ഉണ്ടെന്നു് തോന്നുന്നതും വിവേചനം ചെയ്താൽ ഇല്ലെന്നറിയുന്നതുമായ വസ്തുവെയാണു് മിഥ്യാവസ്തുവെന്നു് പറയുന്നതു്.) ബ്രഹ്മം മാത്രമാണു് സത്യമെന്നു സാരം. പ്രപഞ്ചം ബ്രഹ്മത്തിന്റെ പ്രകാശിതാവസ്ഥ അല്ലെങ്കിൽ പ്രത്യക്ഷാവസ്ഥ മാത്രമാണു്. ആ ഏകസത്തയിൽനിന്നും വേറിട്ടു് പ്രപഞ്ചത്തിനു് നിലനില്പില്ല. വാക്കും അർത്ഥവുംപോലെ അവ അന്യോന്യം വേർപെടാത്തവയാണു്. അദ്വൈതി, ഇക്കാണുന്ന പ്രപഞ്ചത്തിൽ സ്ഥലകാലാതീതമായ ബ്രഹ്മത്തെമാത്രം ദർശിക്കുന്നു. ("സർവ്വം ഖല്വിദം ബ്രഹ്മ")

## ഏകസത്ത ശാസ്ത്രദൃഷ്ടിയിൽ

മേല്പറഞ്ഞ അദ്വൈതാശയങ്ങൾ ഇന്നു് ശാസ്ത്രം സമർത്ഥിച്ചിരിക്കയാണു്. ഊർജ്ജ ദ്രവ്യരാശികളുടെ സമതയും ഊർജ്ജസംരക്ഷണ നിയമവും തെളിയിച്ചതോടെ ശാസ്ത്രം ഏകസത്തയിൽ ചെന്നു് മുട്ടിയിരിക്കുകയാണു്. കല്ലും മണ്ണും സ്വർണ്ണവും പുല്ലും മൃഗവും മനുഷ്യനും വിഭിന്നങ്ങളല്ല; ഇലക്ട്രോൺ ക്രമീകരണത്തിലുള്ള വ്യത്യാസം മാത്രമാണെന്നു് ശാസ്ത്രം സമ്മതിക്കുമ്പോൾ ഒന്നല്ലാതെ രണ്ടെവിടെ? പ്രപഞ്ചത്തിലെ സമസ്ത ദ്രവ്യവും സമസ്ത ഊർജ്ജവും, ജലവും മഞ്ഞുകട്ടയുംപോലെ ഒരേ സദ്വസ്തുവിന്റെ വിഭിന്നരൂപഭേദങ്ങൾ മാത്രമാണെന്നു് ശാസ്ത്രം പറയുന്നു. ഊർജ്ജവും ദ്രവ്യവുംഒരേ വസ്തുവിന്റെ വിഭിന്നരൂപങ്ങളാണെങ്കിൽ യഥാർത്ഥവസ്തു ഊർജ്ജമോ ദ്രവ്യമോ ആണെന്നു് പറഞ്ഞു കൂടാ. എന്നാൽ അതു് മൂന്നാമതൊരു വസ്തുവല്ല; ഊർജ്ജവും ദ്രവ്യവുമായി പ്രകാശിക്കുന്ന ഏകമായ ഒരു വസ്തുവാണു്.



ഏകീകൃതക്ഷേത്ര സിദ്ധാന്തം ഒരു പടികൂടി മുന്നോട്ടു കയറി. ഗുരുത്വാകർഷണപരവും വിദ്യുത്കാന്തികപരവുമായ ശക്തികൾ പരസ്പരനിരപേക്ഷങ്ങളല്ല; അവ വളരെ സത്യമായ ഭൗതികാർത്ഥത്തിൽ വേർതിരിക്കാനാവാത്തവയാണു് എന്നതത്രെ ആ മഹത്തായ സിദ്ധാന്തം തെളിയിക്കുന്നതു്. പ്രപഞ്ച മുഴുവൻ ഒരേ ശക്തിയുടെ ഒരു മഹാക്ഷേത്രമായി അതു വെളിപ്പെടുത്തുന്നു. അനന്തവൈവിദ്ധ്യത്തിനു് പിന്നിലുള്ള വിശ്വവ്യാപകമായ ആ നിയാമക ശക്തിയുടെ അസ്തിത്വത്തെപ്പറ്റി 20-ാം നൂറ്റാണ്ടിലെ മറ്റനേകം ശാസ്ത്രജ്ഞന്മാരും സൂചിപ്പിച്ചിട്ടുണ്ടു്.

## ചിന്തകന്മാരുടെ അഭിപ്രായം

പ്രപഞ്ചത്തിന്റെ മൗലികസത്തയായി കണ്ടറിഞ്ഞ ആ സത്യത്തിനു് ആസ്തികന്മാരുടെയും നാസ്തികന്മാരുടെയും കൂട്ടത്തിൽപ്പെടുന്ന ചില ചിന്തകന്മാർ നല്കിയ. സാങ്കേതിക നാമങ്ങളും നോക്കുക: കേവലവസ്തു—കൻറു; വിശ്വാത്മാ (oversoul)—എമേഴ്സൺ; ജീവശക്തി (Life force)— ബർനാഡ്ഷാ; കേവല സർഗ്ഗചൈതന്യം (Pure creating energy) —മാതൃ ആർനോൾഡ്; പരമേച്ഛ (Absolute will)-ഷോപ്പനോവർ; വിശ്വവിശാലബുദ്ധി (Cosmic intelligence) —ബോൺഹാർട്ട്മാൻ.

മതങ്ങളാകട്ടെ ഇതേ ചൈതന്യത്തെ യഹോവയെന്നോ, സ്വർഗ്ഗസ്ഥനായ പിതാവെന്നോ, അല്ലാഹുവെന്നോ, പരമാത്മാ അല്ലെങ്കിൽ പരബ്രഹ്മമെന്നോ വിളിച്ചു് പുകഴ്ത്തുന്നു.

## ആപേക്ഷികത ശാസ്ത്രത്തിലും മതത്തിലും

ശാസ്ത്രലോകത്തിൽ ഒരു വലിയ കോളിളക്കം തന്നെ

സൃഷ്ടിച്ച് അനേകം കടംകഥകൾക്ക് ഉത്തരം കണ്ടെത്തിയ ഒരു സിദ്ധാന്തമാണല്ലോ ആപേക്ഷിക സിദ്ധാന്തം. നമുക്ക് ദൃശ്യമായ ദ്രവ്യവും, അളക്കാൻ കഴിയുന്ന ദൂരവും മാത്രമല്ല വിലയേറിയ സമയംപോലും ആപേക്ഷികമാണെന്നതാണ് സത്യം. പ്രപഞ്ചത്തിന്റെ വിശാലത കണക്കിലെടുക്കുമ്പോൾ ഒരു കൊതുകിനു് സമാനമായ ഈ ഭൂമിയിലെ വസ്തുക്കളുടെ സ്വഭാവമാകട്ടെ, അളവുകളാകട്ടെ ആപേക്ഷിക സത്യങ്ങളല്ലാതെ മറെന്താണു്! ഒരു വസ്തുവിന്റെ വേഗത പ്രകാശവേഗത്തോടടുക്കുന്തോറും അതു് നമുക്ക് അദൃശ്യമായിത്തീരുന്നു. നമ്മുടെ മാംസചക്ഷുസ്സുകൊണ്ടു് കാണാൻ സാധിക്കാത്തതിനാൽ അത്തരം ഊർജ്ജവികിരണങ്ങളെ ഇല്ലെന്നു് ശാസ്ത്രം സമ്മതിക്കുകയില്ല. കാണാൻ കഴിയുന്നതുതന്നെ യഥാർത്ഥ സത്യമാണെന്നു് ശാസ്ത്രം സമ്മതിക്കുമോ? അതുമില്ല; കാരണം അവയെല്ലാം 'ആപേക്ഷികത' എന്ന തീരാക്കടുക്കിൽപ്പെട്ടിരിക്കുകയാണല്ലോ. എന്നാൽ പിന്നെ, ഞാനെന്നും എന്റേതെന്നും പറയുന്നതെല്ലാം മായ—മിഥ്യ എന്നു് നമ്മെ ഓർമ്മിപ്പിക്കുന്ന വേദാന്തിക്കു് എന്താണു് തെറ്റു്? പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവുകളും പോലും ആപേക്ഷികമെന്നിരിക്കെ ബാഹ്യവൈരുദ്ധ്യങ്ങളിലുള്ള അസഹിഷ്ണതയ്ക്കെന്താണർത്ഥം! മനുഷ്യൻ മുതൽ ലോകരക്ഷിതങ്ങൾവരെയുള്ള അഭിപ്രായഭിന്നതകളും ഈ പരമാർത്ഥ സത്യത്തിനു് മുമ്പിൽ വെറും ചാപല്യങ്ങളല്ലേ!

ചുരുക്കിപ്പറഞ്ഞാൽ ശാസ്ത്രം പുരോഗമിച്ചു് ഭൗതികതലത്തിൽ നിന്നും ചേതനാമാത്രമായ ഒരു മണ്ഡലത്തിലേക്കു് ഇന്നു് എത്തിനോക്കാൻ ശ്രമിക്കുമ്പോൾ സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ മതങ്ങളും ശാസ്ത്രബുദ്ധിക്കതീതമായ ആ മണ്ഡലത്തിലേക്കു് അഥവാ ആന്തരിക പ്രപഞ്ചത്തിലേക്കു് അന്തർമുഖമായി സഞ്ചരിച്ചു് പല രഹസ്യങ്ങളും വെളിവാക്കി എന്നതാണു് സത്യം. ബാഹ്യ പ്രപഞ്ചത്തിൽ മാത്രമല്ല; ആന്തരിക പ്രപഞ്ചത്തിലും അവ ഒരേ സത്യം കണ്ടെത്തിയിരിക്കുന്നു. മതങ്ങളും കണ്ടെത്തിയ നിയമങ്ങൾക്കു് (ആദ്ധ്യാത്മിക നിയമങ്ങൾക്കു്) വിധേയമായി മനുഷ്യൻ അവന്റെ ജീവിതം രൂപപ്പെടുത്തുമ്പോൾ അഥവാ ഒഴുക്കിനനുസരിച്ചു് നീന്തുമ്പോൾ, ഈ ലോകത്തിൽ സുഖവും സമാധാനവും സ്ഥാപിക്കാൻ കഴിയുമെന്നു് അവ അവകാശപ്പെടുന്നു. നിസ്വാർത്ഥത, ത്യാഗം, സ്നേഹം, സേവനം മുതലായ ഗുണങ്ങളും വളർത്താൻ മതങ്ങളും മനുഷ്യനെ ഉപദേശിക്കുന്നു. അതായതു്, ഭൗതികബുദ്ധിയുപേക്ഷിച്ചു് ആപേക്ഷികതയെ മറികടക്കലാണു് അവയുടെ ലക്ഷ്യം. ആ ലക്ഷ്യത്തിനു് ഒരു മതം നല്കിയ നിർവ്വചനം തന്നെ ഇതാ:—"The term liberation means liberation from bondage to the relative values of life in the world." (മോക്ഷം അല്ലെങ്കിൽ മോചനം എന്ന വാക്കുകൊണ്ടർത്ഥമാക്കുന്നതു്, പ്രാപഞ്ചിക ജീവിതത്തിലെ ആപേക്ഷിക മൂല്യങ്ങളുടെ കെട്ടുപാടിൽ നിന്നുള്ള മോചനമാണു്.)

മേൽപറഞ്ഞ വസ്തുതകളിൽ നിന്നും, ശാസ്ത്രവും മതവും ഒരേ ലക്ഷ്യത്തിലേക്കു് മനുഷ്യനെ നയിക്കുന്ന രണ്ടു് പദ്ധതികൾ മാത്രമാണെന്നും അവ തമ്മിൽ പരസ്പര വൈരുദ്ധ്യത്തിനവകാശമില്ലെന്നും സിദ്ധിക്കുന്നു. മനുഷ്യന്റെ യഥാർത്ഥ സുഖപ്രാപ്തിക്കു് ഈ രണ്ടു് പദ്ധതികളുടെയും സമന്വയമാണാവശ്യം. തീർച്ചയായും ശാസ്ത്രത്തിനു് യുക്തിചിന്ത കൈവെടിയാതെ തന്നെ മതങ്ങളുമായി സഹകരിച്ചു് അതിന്റെ 'മുടന്തു്' പരിഹരിക്കുകയും യാത്ര സുഗമമാക്കുകയും ചെയ്യാവുന്നതേയുള്ളൂ. ഉപരിപ്ലവ വൈവിദ്ധ്യങ്ങളാകാതിരിക്കണമെന്നു് മാത്രം.

★



# കവിത, പ്രതിഭ, ജീവിത വീക്ഷണം



കെ. ബാലകൃഷ്ണൻ നമ്പ്യാർ

ജി. യു. പി. എസ്., ചന്തേര

'വാക്യം രസാത്മകം കാവ്യം' —രസാത്മകമായ വാക്യമാണ് കാവ്യം. വാക്യങ്ങളും ശബ്ദങ്ങളുടെ സമുചിതമായചേർച്ചയാണ്. "അദോഷൗ സഗുണൗ സാലങ്കാരൗ ശബ്ദാർത്ഥൗ കാവ്യം"— ദോഷങ്ങളില്ലാത്തതും, ഗുണങ്ങളോടു കൂടിയതും, ശബ്ദാർത്ഥങ്ങളിൽ അലങ്കാരയുക്തങ്ങളുമായിരിക്കണം കാവ്യം. ("ഗുണാലങ്കാര സഹിതൗ ശബ്ദാർത്ഥൗ ദോഷവർജ്ജിതൗ") ഇവിടെയും ദോഷം, ഗുണം, അലങ്കാരം എന്നിവ ശബ്ദങ്ങളേയുള്ളൂതന്നെ. "കവയതീതി കവിഃ തസ്യ കർമ്മ കാവ്യം" എന്ന വാക്യത്തിലും കവിയുടെ കർമ്മം നിർവഹിക്കപ്പെടുന്നതു് ശബ്ദങ്ങളാലത്രെ. ഈ നിർവ്വചനങ്ങളൊക്കെ പൂർണ്ണങ്ങളാണെന്നു പറഞ്ഞുകൂടെങ്കിലും, ശബ്ദങ്ങളാണ് കാവ്യത്തിന്റെ മുഖ്യമായ ഘടകം എന്നു വന്നുകൂടുന്നുണ്ട്. ഉചിത ശബ്ദങ്ങളും, ഉചിതസ്ഥാനങ്ങളിൽ, ഭാവനാപൂർണ്ണതയോടെ സംയോജിപ്പിക്കപ്പെടുമ്പോഴാണ് കാവ്യനിർമ്മാണം നടക്കുന്നുവെന്നുസാമാന്യമായി സിദ്ധാന്തിക്കാം. ശബ്ദമാണ് കാവ്യകാരന്റെ മാദ്ധ്യമം. രേഖകളും, ചായക്കൂട്ടുകളും എന്നിവയെല്ലാം ഒരു ചിത്രകാരന്റെ രചനയ്ക്കുള്ള മാദ്ധ്യമങ്ങളാണെങ്കിൽ, കവിയെ സംബന്ധിച്ചിടത്തോളം ആ സ്ഥാനമെല്ലാം ശബ്ദങ്ങളിൽത്തന്നെയാണ് നിക്ഷിപ്തമായിട്ടുള്ളതു്. "ഏകഃ ശബ്ദഃ സമ്യക് ജ്ഞാതഃ സുഷ്ഠു പ്രയുക്തഃ സ്വർഗ്ഗേ ലോകേ കാമധുക് ഭവതി." എന്ന വാക്യം, ശബ്ദത്തിന്റെ മാഹാത്മ്യാതിരേകമുൽഘോഷിക്കുന്നു. ഏതെങ്കിലും ചില ശബ്ദങ്ങളുടെ സംയോഗം കാവ്യമായിത്തീരുകയില്ലെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

കാവ്യനിർമ്മാണത്തിനുള്ള അവശ്യഘടകമായ ശബ്ദങ്ങളെ തിരഞ്ഞെടുക്കണമെങ്കിൽ, അഥവാ, നിർദ്ദോഷമായ ഏതെങ്കിലുമൊരു കാവ്യം (കവിത) വാർത്തെടുക്കണമെങ്കിൽ, അതിനിറങ്ങിത്തിരിക്കുന്ന കവിക്കു വേറും ബുദ്ധിശക്തിയുണ്ടായാൽ പോര; 'പ്രതിഭ' എന്ന ബുദ്ധിവിശേഷമുണ്ടാകണം.

> ബുദ്ധി സ്ഥാത്ക്കാലികീ ജ്ഞേയാ
> പ്രജ്ഞാ ത്രൈകാലികീ മതാ
> പ്രജ്ഞാ നവ നവോല്ലേഖ-
> ശാലിനീ പ്രതിഭാ മതാ.

ബുദ്ധി 'താത്ക്കാലികി'യാകുന്നു. അന്യോന്യം ബന്ധപ്പെടാനും, മനസ്സിലാക്കാനുമുള്ള കഴിവുണ്ടാവുക എന്നർത്ഥം. ആ കഴിവു്, നേരായ മാർഗ്ഗത്തിൽ, ഔചിത്യ ദീക്ഷയോടെ, ഉപ

യോഗപ്പെടുത്തുവാൻ സാധിക്കാത്തവനാണ് ഭ്രാന്തൻ. ഉപരിപ്ലവമായ — സാധാരണമായ — ഒരർത്ഥമേ 'ബുദ്ധി'ക്കുള്ളൂ. ഭൂത-ഭാവി-വർത്തമാന കാലങ്ങളെപ്പറ്റി സമഗ്രമായി മനസ്സിലാക്കാനുള്ള ബുദ്ധിശക്തിയാണ് പ്രജ്ഞ. അതായത്, സ്വജീവിതത്തിൽ നിന്നും, സ്വാനുഭവത്തിൽ നിന്നും നേടിയെടുക്കുന്ന അനുഭവജ്ഞാനത്തെ, നൂതന കല്പനകളാക്കി മാറിയെടുക്കുവാനുള്ള ബുദ്ധിവൈഭവം; അതാണ് പ്രതിഭ. ഈ പ്രത്യേകതയുള്ളതുകൊണ്ടാണ് കവികളെ പ്രതിഭാശാലികളെന്നു വിളിച്ചുവരുന്നത്. "മോക്ഷേ ധീഃ ജ്ഞാനമന്യത്ര വിജ്ഞാനം ശില്പശാസ്ത്രയോഃ" എന്ന അമരസിംഹന്റെ നിർവ്വചനമനുസരിച്ച്, മോക്ഷത്തെക്കുറിച്ചുള്ള ബുദ്ധിശക്തിജ്ഞാനമാകുന്നു ശില്പശാസ്ത്രാദികളിലുള്ള പാടവം വിജ്ഞാനവും. ഇതിലാദ്യത്തേതുള്ളയാൾ ആദ്ധ്യാത്മികജ്ഞാനിയായും (സന്ന്യാസി), രണ്ടാമത്തേതുള്ളയാൾ കരകൗശലവിദഗ്ദ്ധനോ, ശാസ്ത്രജ്ഞനോ ആയും തീരുന്നു. ശാസ്ത്രജ്ഞനും പ്രതിഭാശാലിയായിരിക്കാമെങ്കിലും, പ്രതിഭാശാലികളെല്ലാം ശാസ്ത്രജ്ഞന്മാരായിരിക്കണമെന്നില്ല; മറിച്ച്, കവിയോ, സാഹിത്യകാരനോ ആയിത്തീരാനാണ് സാദ്ധ്യത. ചുരുക്കത്തിൽ, പ്രതിഭ എന്ന ബുദ്ധിവിശേഷത്തിൽ നിന്ന് ഉത്തമമായ കാവ്യം (കവിത) ജനിക്കുന്നു.

പ്രതിഭൈവ ശ്രുതാഭ്യാസ-
സഹിതാ കവിതാം പ്രതി
ഹേതുർന്ന മൃദംബുസംബന്ധ-
ബീജ വ്യക്തിർല്ലതാമിവ.

ശ്രുതാഭ്യാസ സഹിതമായ പ്രതിഭ തന്നെയാണ് കവിതയുടെ കാരണമായിത്തീരുന്നത്; മണ്ണും വെള്ളവും യോജിപ്പിച്ചെടുത്തൊരു വിത്തിട്ടാൽ അതു മുളച്ചു ലതാരൂപം പ്രാപിക്കുന്നതുപോലെ, ശ്രുതിസ്മൃതി പുരാണാദികളിൽ നിന്നും, പ്രാപഞ്ചിക ജീവിതത്തിൽ നിന്നും, നിരന്തരാഭ്യാസത്താൽ നേടിയെടുക്കുന്ന ബുദ്ധിശക്തിയാണ് പ്രതിഭ എന്ന വ്യാപകമായ അർത്ഥമാണ് 'ശ്രുതാഭ്യാസ സഹിതാ' എന്ന പ്രയോഗം സൂചിപ്പിക്കുന്നത്. സ്വന്തം പ്രതിഭാവിലാസത്താലാവിഷ്കൃതമാകുന്ന കാവ്യഭാവന എല്ലാ കവികളിലും ഒരുപോലെയായിരിക്കുകയില്ല സ്വാധീനം ചെലുത്തുക. അങ്ങനെയാണെങ്കിൽ, ഒരു സംഭവത്തെ—വസ്തുതയെ— ആധാരമാക്കി നിരവധി കവികൾ, കവിതകളെഴുതുകയാണെങ്കിൽ, അവ ഒരേതരത്തിൽത്തന്നെയായിരിക്കണമല്ലോ. ഒരിക്കലുമങ്ങനെ സംഭവിക്കുന്നില്ല. കവിയുടെ വ്യക്തിത്വവും, ആവിഷ്കരണകൗതുകവും, അനുഭവജ്ഞാനവും കാവ്യങ്ങളെ വേർതിരിച്ചു നിർത്തുന്നു. ഒരുദാഹരണം കൊണ്ടീ പ്രസ്താവന വ്യക്തമാക്കാം.

ഒരു ദിവസം വൈകുന്നേരം, രാജാ ഭോജനും അദ്ദേഹത്തിന്റെ സദസ്യരായ വരരുചി, ഭേഭ്രതി, കാളിദാസൻ എന്നീ കവികളും, സായാഹ്നസഞ്ചാരത്തിനിറങ്ങി. ആയാത്രയിൽ, ഏറെ അകലെയല്ലാത്ത ഒരു വീടിന്റെ ഉമ്മറത്തുനിന്നും പന്തടിച്ചു കളിക്കുകയായിരുന്ന ഒരു സ്ത്രീ അവരുടെ ശ്രദ്ധയിൽ പെട്ടു. മഹാരാജാവിന്റെ സഹൃദയത്വം പുറത്തു ചാടി. കൂടെയുണ്ടായിരുന്ന കവികളോടു്, ചേതോഹരമായ ആ കാഴ്ചയെക്കുറിച്ചു് കവിതയുണ്ടാക്കിച്ചൊല്ലുവാനാഭ്യർത്ഥിച്ചു: "കന്ദുകം വർണ്ണയന്തു കവയഃ" എന്നു്.

വരരുചിയുടെ ഊഴമായിരുന്നു ആദ്യം.

ഏകോഽപി ത്രയയിവ ഭാതി കന്ദു
കോഽയം
കാന്തായാ: കരതല രാഗ രക്ത
രക്ത:
ഭ്രമൗ തച്ചരണ നഖാംശു ഗൗര
ഗൗര:
ഖസ്ഥസ്സൻ നയനമരീചി നീല
നീല:

(ഒന്നു മാത്രമായ ഈ പന്തു്, മൂന്നെന്നപോലെ കാന്തിചിന്തുന്നു. സ്ത്രീയുടെ കരതലത്തിന്റെ ചുകപ്പുനിറംകൊണ്ടു് ചുകചുകന്നതായും, ഭൂമിയിൽ പതിക്കുമ്പോഴും, കാൽനഖങ്ങളുടെ വെള്ളപ്പുനിറത്താൽ വെളുവെളുത്തതായും, അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുമ്പോഴും നേത്രരോഗകൊണ്ടു നീല നീലയായും)

തുടർന്നു്, ഭേഭ്രതി:

വീക്ഷിതം നന്ദ കന്ദുക ! തേ ഹൃദയം
പ്രഭോധര സംഗമ ലുബ്ധയാ
യുവതീകരതാമര സാഹിത:
പതിത: പതിത: പുനരുല്പതസി.

(അല്ലയോ പന്തേ ! നിന്റെ ഉള്ളുകള്ളി എനിക്കസ്സലായി മനസ്സിലായി ഈ സ്ത്രീയുടെ അധര പുംബനത്തിനുവേണ്ടിയുള്ള അത്യാഗ്രഹം കൊണ്ടല്ലേ നീ ഉയർന്നുയർന്നു പോകുന്നതു് ? അതു കൊണ്ടല്ലേ നീ അവളുടെ കൈത്താരിനാൽ അടിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും, വീണ്ടുമെടുത്തു നിന്നു വീണ്ടും വീണ്ടും പൊങ്ങിക്കൊണ്ടിരിക്കുന്നതും ?) ഈ ശ്ലോകത്തിന്റെ രീതിക്കുപോലും പന്തടിക്കുന്നതിനോട് സാദൃശ്യമുണ്ട്.

മൂന്നാമതായി കാളിദാസൻ വരുന്നു. (കാവ്യത്രയത്തിന്റെയും, നാടകത്രയത്തിന്റെയും കർത്താവായ വിശ്വമഹാകവി കാളിദാസനാണിദ്ദേഹമെന്നു് വിശ്വസിക്കാൻ നിവൃത്തിയില്ല. കാരണം, വിക്രമാദിത്യസദസ്സിലെ 'നവരത്ന'ങ്ങളുടെ പട്ടികയിൽ കാളിദാസനോടൊപ്പം വേതാളഭട്ടിയെക്കാണുന്നില്ല; വരരുചിയുണ്ടുതാനും. 'പുഷ്പബാണവിലാസ' തുടങ്ങിയ ശൃംഗാര കാവ്യങ്ങളുടെ കർത്താവും, അഞ്ചാറുനൂറാണ്ടുകൾക്കുശേഷം ജീവിച്ചിരുന്ന ദേഹവുമാണു് ഭോജസദസ്സിലെ കാളിദാസൻ) അദ്ദേഹത്തിന്റെ ശ്ലോകമിതാ:

പയോധരാകാര ധരോ ഹി കന്ദുക:
കരേണ രോഷാദഭിഹന്യതേ മുഹു:
ഇതീവ നേത്രാകൃതി ഭീതമുല്പലം
സ്ത്രീയ: പ്രസാദായ പപാത
പാദയോ:

(അല്ലയോ പന്തേ, നീ ഈ സ്ത്രീയുടെ പയോധരത്തിന്റെ (സ്തനത്തിന്റെ) ആകൃതിയുള്ളവനാണു് അതുകൊണ്ടു വീണ്ടും വീണ്ടും അവളുടെ കൈകൊണ്ടു നീ അടിക്കപ്പെടുന്നു പയോധരത്തിന്റെ ആകൃതിയുള്ളതുകൊണ്ടാണല്ലോ, ഇവൻ അടിക്കപ്പെടുന്നതു എന്നു പേടിച്ചു, നേത്രാകൃതിയുള്ള ഉല്പലദലം (തലയിൽ തിരുകിയതു്) ഈ സ്ത്രീയുടെ പ്രസാദത്തിനുവേണ്ടി (ഏതു കാരണവശാലും, തന്നെ ഉപദ്രവിക്കാതിരിക്കാൻവേണ്ടി) കാല്ക്കൽ വീണു നമസ്കരിക്കുന്നു. പന്തടിക്കുന്ന ബദ്ധപ്പാടിൽ, തലയിൽ ചൂടിയപൂവു്, കാല്ക്കൽ വീണുപോയി എന്നു വസ്തുതയെത്രമാത്രം ചമൽക്കാരത്തോടുകൂടി അവതരിപ്പിച്ചീരിക്കുന്നുവെന്നു നോക്കുക. ഇവയിലാരുടെ കാവ്യഭാവനയാണു്—പ്രതിഭാവിലാസമാണു്—സർവ്വാതിശായിയായി വർത്തിക്കുന്നതെന്നു് ശ്ലോകങ്ങളും വായിക്കുമ്പോൾത്തന്നെ ബോദ്ധ്യമാകും—മൂന്നും അനവദ്യസുന്ദരമാണെങ്കിലും ഒരു താരതമ്യപഠനത്തിനിവിടെ പ്രസക്തിയില്ല. ഉത്തമ കവിക്കുള്ള ഉദാഹരണങ്ങളായി ഉദ്ധരിക്കപ്പെട്ടവയുമല്ലിവ.

ആവിഷ്കരണങ്ങളുടെയൊക്കെ തന്നെങ്കിലും പ്രത്യേകതയില്ലെങ്കിൽ അവ കലാകൃതികളാകുന്നില്ല. കലാകാരന്റെ —കവിയുടെ മുമ്പിൽ മലക്കെ തുറന്നു കിടക്കുന്ന ഏറ്റവും വലിയ ഗ്രന്ഥമാണു് പ്രകൃതി. ആ പ്രകൃതിയെ ആശ്രയിച്ചാൽ മാത്രം മതി, തന്റെ ഭാവനാദാരിദ്ര്യമവസാനിക്കാൻ. വർണ്ണ്യവസ്തുതകൾക്കനുസരണമായി പ്രകൃതിയെ ചിത്രീകരിക്കാൻ അതുമായി അലിഞ്ഞുചേർന്ന ഒരു കവിക്കേ കഴിയൂ. ഈ പ്രകൃതിചിത്രണം തന്നെ ഉത്തമമായ കാവ്യധർമ്മം. പ്രകൃതിയിൽ നിന്നു്, അഥവാ ചുറ്റുപാടിൽ നിന്നു വേർപെട്ടുനിന്നുകൊണ്ടു് ഇതുവരെ ഒരു കവിക്കും കാവ്യനിർമ്മാണം നടത്തി വിജയിക്കുവാൻ കഴിഞ്ഞിട്ടില്ല. റിയലിസം, മിസ്റ്റിസിസം, സിമ്പോളിസം, റൊമാൻറിസിസം എന്നീ വിവിധ "സാഹിത്യരാഷ്ട്രീയ"ങ്ങളിൽ പ്രവർത്തിക്കുന്നവർക്കും പ്രകൃതി ഒരനുഗൃഹീത പ്രതിഭാസമാണു്. പ്രകൃതിചിത്രീകരണമെന്നതുകൊണ്ടുദ്ദേശിക്കുന്നതു് സൂര്യൻ, ചന്ദ്രൻ, കുളിർകാറ്റു്, സമുദ്രം, വൃക്ഷലതാദികളും, പക്ഷിമൃഗാദികളും എന്നിവയെപ്പറ്റിയുള്ള ഭാവനമുറിനിലയ്ക്കുന്ന ചർച്ച മാത്രമാണെന്നു തെറ്റിദ്ധരിക്കരുതു്. അവകൂടി അതിന്റെ ഭാഗമാണെന്നു തീർച്ച.

സമൂഹവും പ്രകൃതിയും വിഭിന്നങ്ങളല്ല. രണ്ടും ഒന്നിന്റെ തന്നെ പര്യായപദങ്ങളത്രെ. പ്രകൃത്യാരാധകനായ കവി,

വാസ്തവത്തിൽ സമൂഹത്തെത്തന്നെയാണു് സാക്ഷാത്ക്കരിക്കുന്നതു്. അചേതനങ്ങളും, അനാവശ്യകങ്ങളുമായ വസ്തുക്കളെയോ, അനന്യോപയോഗപ്രദങ്ങളായ വസ്തുതകളെയോ ദർശിക്കുന്നതിനുപകരം, ജീവിതത്തിന്റെ തുടിപ്പുകളുൾക്കൊള്ളാൻ ശ്രമിക്കുന്നയാളാണു് യഥാർത്ഥകവി. ജീവിതത്തിലാണു് കവിതയുടെ അസ്തിത്വം. വ്യാസനും വാല്മീകിയും, കാളിദാസനും ജീവിതത്തെപ്പറ്റിയാണോ പാടിയതു്? ചിലർക്കു സംശയമുണ്ടു്. അവർ ജീവിച്ചിരുന്ന കാലസ്ഥിതിക്കനുസരിച്ചു തന്നെയാണവർ കാവ്യരചനയ്ക്കൊരുങ്ങിയതെന്നു തന്നെ അനുമാനിക്കണം. അന്നത്തേയും ഇന്നത്തേയും ജീവിതപരിതഃസ്ഥിതികളും തുലോം വ്യത്യസ്തങ്ങളാണു്. ദാരിദ്ര്യത്തെയും, കഷ്ടതകളെക്കാളുമേറെ അജ്ഞതയും അപരിഷ്കൃതത്വവുമാണന്നത്തെ ജനസമുദായമഹിമുഖീകരിച്ചിരിക്കുക. അറിവില്ലായ്മയും, അസാന്മാർഗ്ഗികനടപടികളും കുമെതിരായയത്തിയ, ആദ്യത്തെ 'സ്നേഹഗർജ്ജന'മല്ല, നാം വാല്മീകിയിലൂടെ കേട്ടതു്? വയലാർ വിവരിച്ചതുപോലെ, ഭാസനും, ശൂക്രനും, ഭേഭ്രതിയും, വേദവ്യാസനും, തങ്ങളാലാവുംപോലെ 'ദ്രോഹിപ്പോരെ' പെറുക്കുകയല്ലേ ചെയ്തതു്? അവർ ദന്തഗോപുരവാസികളായിരുന്നുവെന്നും മഹാരാജാക്കന്മാർക്കു സ്തുതിഗീതം പാടുവാൻ വേണ്ടി തങ്ങളുടെ വിലയേറിയ സമയം ചെലവഴിച്ചുവെന്നുമുള്ള പ്രസ്താവനകളിൽ വാസ്തവാംശമുണ്ടായേക്കാം. പക്ഷേ, സമൂഹം അവരുടെ സാഹിത്യ ജീവിതത്തിന്റെ ഒരു ഭാഗം തന്നെയായിരുന്നുവെന്നു സമ്മതിക്കാതെ തരമില്ല. "ആശ്രമമൃഗോയ്യം ന ഹന്തവ്യോ ന ഹന്തവ്യഃ" എന്ന ശാകുന്തളത്തിലെ വൈഖാനസന്റെ വാക്കുകളും, കാളിദാസൻ രാജപക്ഷപാതിയായിരുന്നെങ്കിലും, അന്ധമായി രാജകീയാരാധന നടത്തിയിരുന്നില്ലെന്നു സൂചിപ്പിക്കുന്നുണ്ടു്. പവിത്രമായ ആശ്രമപ്രദേശത്തു്, ജീവിതക്ലേശങ്ങളേതുമറിയാതെ കഴിഞ്ഞുവന്ന ശകുന്തള, ദുഷ്യന്തനോന്നുമ്പോലെ, "തള്ളവാനോ കൊള്ളവാനോ" ഉതകുന്നവളല്ല എന്നു കാളിദാസൻ, ശാകുന്തളത്തിന്റെ പ്രാരംഭത്തിൽത്തന്നെ പ്രഖ്യാപിക്കുന്നു. ജീവിതവീക്ഷണവ്യഗ്രതയുടെ പാരമ്യത്തിലെത്തിയ ഒരാൾക്കല്ലാതെ,



അത്രോഹി കന്യാ പരകീയ ഏവ
ത്വാമദ്യ സംപ്രേഷ്യ പരിഗ്രഹീതുഃ;
ജാതോ മമാത്മം വിശദ പ്രകാമം
പ്രത്യപ്പിതന്യാസ ഇവാന്തരാത്മാ

എന്നൊക്കെയുള്ള കല്പനകളും പൂപ്പെടുവിക്കുവാൻ സാധിക്കുമോ? ഒരു പിതാവിന്റെ ജീവിതാഭിലാഷം സാധിതപ്രായമാകുന്നതിന്റെ ചിത്രം ഇതിലേറെ മികവോടെ വരച്ചുകാട്ടാൻ മറ്റാർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ? അമ്മയുപേക്ഷിച്ച ആ കുഞ്ഞിനെ വളർത്തിയെടുത്ത കണ്വൻ മാനവസമൂഹത്തിന്റെ തന്നെ പിതാവാണു്.

കവിത മനുഷ്യനെ ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും, കരയിക്കുകയും ചെയ്യുന്നു. അവന്റെ ഹൃദയാന്തരാളങ്ങളിൽ ആഞ്ഞിറങ്ങാനുള്ള കഴിവു്, കവി ഭാവനയുണ്ടാകണം. പരോപകാരതത്പരതയും, അന്യരുടെ ജീവിതക്ലേശങ്ങളിൽ സഹതാപവും ജനിപ്പിക്കാൻ പര്യാപ്തമായ കവിതകൾക്കേ നിലനില്പുള്ളൂ.

ലോകൈകശില്പി രജനീ—
വനിതയ്ക്കു പാഠ്യാൻ
നക്ഷത്രമാല പണിചെയ്യുവതിന്നു
വേണ്ടി
സൗവർണ്ണ പിണ്ഡമിതുരുക്കിയെ-
ടുത്തു നീറിൽ
മുക്കുന്നിതാ തപനമണ്ഡലകൈത
വത്താൽ

എന്ന വി. സി. യുടെ പ്രസിദ്ധവും പ്രശസ്തവുമായ അസ്സമനവണ്ണനത്തെക്കാളേറെ,

കുപ്പായമില്ലാ, കുടയില്ല, മാറാ–
പ്പില്ലാ, പുതപ്പില്ല, ചെരിപ്പുമില്ല,
ഇട്ടീർഘയാത്രോദ്യതനുണ്ടേയുള്ള–
ലിരുണ്ട കീറത്തുണിയൊന്ന
മാത്രം

എന്ന വള്ളത്തോളിന്റെ വരികൾ സാധാരണക്കാരിഷ്ടപ്പെടുന്നു. അതിനുകാരണം,

"ചെക്കനു പീസുകൊടുത്തില്ലാ
കോമൻ
പക്കേരിക്കു നികുത്തീലാ,
പുതുമഴ ചിന്നിയ പനിപെട്ട
കുട്ടിക്കൊ–
'രരിയാറും' വാങ്ങിക്കൊടുത്തില്ല.

എന്ന ഇടശ്ശേരിയുടെ വരികളും.

ഇതരസാഹിത്യരൂപങ്ങളായ ചെറുകഥ, നാടകം, നോവൽ എന്നിവയെ അപേക്ഷിച്ച്, സാധാരണക്കാരെ വശീകരിക്കുവാൻ (മനസ്സിലാക്കുന്നെങ്കിൽ) കഴിയുന്നതു കവിതയ്ക്കാണ്. നീട്ടിപ്പുടിയാ സ്വദിക്കുവാൻ കഴിയുന്ന രീതിയാണതിനുള്ളതെന്നതിനാൽ ആരെയുമാകർഷിക്കാനതിനു സാധ്യമാണ്. താളബദ്ധമോ, വൃത്തഗന്ധിയോ അല്ലാത്ത, അത്യന്താധുനിക കവിതയെപ്പറ്റി ഇവിടെ പരിഗണിക്കുന്നില്ല. അതെഴുതുന്ന ആൾതന്നെ അതിന്റെ വിശദീകരിച്ചാലല്ലാതെ മനസ്സിലാക്കൻ നിവൃത്തിയുള്ള ആശാന്റെയും, ഉള്ളൂരിന്റെയും, വള്ളത്തോളിന്റെയും, ജി. യുടെയും, പി. യുടെയും, ശ്രീയുടെയും വരികൾ നമ്മുടെ നാവിൻതലപ്പിൽ തത്തിക്കളിക്കുന്നതു് അവയുടെ ആശയമാധുര്യവും, സംഗീതഗുണവും കൊണ്ടാണു്. ഏതു ഭാഷയിലും കവിതകൾക്കു കൂടുതലുണ്ടാകാനും കാരണം ഈ ആകർഷണീയതതന്നെയായിരിക്കണം.


വികാരോത്തേജനവും, അനുകമ്പാമസൃണതയും കൈവരുത്തുവാൻ കവിതയ്ക്കു കഴിയുന്നതുപോലെ മറ്റൊന്നുകൊണ്ടും സാദ്ധ്യമല്ല. ജിയുടെ "ഇന്നു ഞാൻ നാളെ നീ", "പശ്ചാത്താപം പ്രായശ്ചിത്തം" എന്നീ കവിതകൾ നമ്മെ എത്രമാത്രം ചിന്താധീനരും, വികാരവായ്പുള്ളവരാക്കിത്തീർക്കുമെന്നു പറഞ്ഞറിയിക്കേണ്ടതില്ല. സ്വാർത്ഥചിന്തയേയും, അഹംഭാവത്തെയും, ഉദ്യോഗസ്ഥമേധാവിത്വത്തെയും തുറന്നു കാട്ടുവാനും, അതുവഴി ഒരു പുതിയ ജീവിതവീക്ഷണം സാധിപ്പിക്കുവാനും കവികളുടെ മൂച്ചയേറിയ വാക്കുകൾക്കു സാധിക്കുന്നു.

പീടികത്തിണ്ണ വീടാക്കി–
സ്സഹോദരി മയങ്ങവെ,
കയ്ക്കുലയാൽ ബംഗളാവു–
തീർക്കുവീഞാൻ മരിക്കണം.


പി. യുടെ ഈ വരികൾ വായിക്കുന്ന ആരിലും ഒരു വീണ്ടുവിചാരം നടക്കുമെന്നു നിസ്സംശയം പറയാം — അവർ ഹൃദയമുള്ളവരാണെങ്കിൽ. മിഥ്യാഭിമാനത്തെയും, തൻപ്രമാണിത്തത്തെയും വിലയിരുത്താനും കവിതപോലെ സഹായിക്കുന്ന മറ്റൊരു മാദ്ധ്യമമില്ല.

വഴിതെറ്റുന്നു വയസ്സാവുമ്പോഴും,
അങ്ങേ വീട്ടിൽ–
ക്കയറേണ്ടതോ, ണായാളിറങ്ങി
ക്കുനിക്കുനി.

എന്നു്, പരിഷ്കാരോന്മത്തനായ സന്താജാമാതാവിനോടു് പറഞ്ഞിറങ്ങേണ്ടിവന്ന ആ ഗ്രാമവൃദ്ധന്റെ ചിത്രം (വൈലോപ്പിള്ളി) ആരെയാണു് വശീകരിക്കാതിരിക്കുക? ആ ജാമാതാവിനെപ്പോലുള്ളവർ ഏതുദാശകവിതകളാണു വായിക്കാറുണ്ടോ എന്തോ? ബാഹ്യാഡംബരഭ്രമത്തിൽ, കവിതാവായനയും മറ്റും അവർക്കു 'ഹറാ'മായിരിക്കാനാണു് സാദ്ധ്യത.



ആശാന്റെ കാവ്യസിദ്ധിയെപ്പറ്റി ചിന്തിക്കുമ്പോഴും അതിന്റെ ഉറവിടം ആദ്യം കണ്ടെത്തേണ്ടിയിരിക്കുന്നു. സംസാരബന്ധത്തിൽ നിന്നകന്നു് തപഃസ്വാദ്ധ്യായ നിരതനായി സച്ചിദാനന്ദാമൃതനിഷ്യന്ദിയായ കാവ്യധാരയിൽ ലയിച്ചു കഴിഞ്ഞിരുന്ന ആദ്യഘട്ടമാണു് ലതയുടെ അടിയിൽ കന്ദമെന്നപോലെ ആശാന്റെ കാവ്യകലയുടെ ഉറവിടമായി വർത്തിച്ചതു്. ഈ ഗംഭീരമായ ഹൃദയവ്യവസ്ഥിതിയിൽനിന്നും കുടുംബജീവിതത്തിലേക്കു കടന്നുവന്ന ആശാനു്




# കരുണ—

# ആശാന്റെ കാവ്യസമ്പന്നത

ജോൺ മത്തായി

സെന്റു് അഗസ്റ്റിൻസു്, എറണാകുളം

തപോജീവിതബദ്ധമായ പിരിമുറുക്കമുള്ള ഹൃദയഗതി വിട്ടുമാറുവാൻ വളരെ താമസമെടുത്തു. തത്ത്വചിന്താബന്ധുരമായ ആ കാവ്യവാഹിനിയുടെ മുഴക്കവും ഗാംഭീര്യവുമാണു് വീണപൂവിലും നളിനിയിലും അനുവാചകനു് അനുഭവപ്പെടുന്നതു്. മുറ്റിനിന്ന തത്ത്വചിന്ത ലൗകികതയ്ക്കു വഴങ്ങാൻ വിസമ്മതിക്കുന്നു. അവിടെ അയവുവരാത്തസന്യാസത്തിന്റെ തീവ്രത വിജയിച്ചു നില്ക്കുന്നു. ആശയം മുറ്റിയ ആശാന്റെ ഹൃദയത്തിൽ ഭാഷാമാധ്യമം ശക്തികുറഞ്ഞതായിപ്പോയി. ആശയത്തിന്റെ ഘനം വഹിക്കാൻ ഭാഷയ്ക്കു കെല്പില്ല. നളിനിയും വീണപൂവും ഇക്കാര്യം സ്പഷ്ടമാക്കുന്നു. വീണപൂവു് ഏതാണ്ടു് ആശാന്റെ ആദ്യജീവിതത്തിന്റെ സ്വഭാവമുൾക്കൊള്ളുന്ന തത്ത്വചിന്താമയമായതിനാൽ അവിടെ ഭാഷ അത്ര പ്രസക്തമല്ല. എന്നാൽ ലൗകികതയിലേക്കു് വന്ന സന്യാസിയുടെ ആശയ



സംഘട്ടനത്തിൽനിന്നും സംജാതമായ സ്പഷ്ടീകൃതമാകാത്ത മാനസികാവസ്ഥയും ആശാന്റെ കാവ്യനിർമ്മിതിയിൽ ഒരു വിഘാതമായിക്കൂടായ്കയില്ല. ഏതായാലും ആശയഗംഭീരനായ അദ്ദേഹത്തിന്റെ കാവ്യചിന്താധാരവഹിക്കാൻ ഭാഷ ആദ്യഘട്ടത്തിൽ അശക്തയായിരുന്നു. തന്റെ ഹൃദയനിവേദനങ്ങളെ പുറത്തുകൊണ്ടുവരാൻ മാധ്യമം ശക്തമാകാത്തതിലുള്ള കവിയുടെ അസംതൃപ്തി നളിനിയിൽ പ്രകടമാകുന്നു.

"തന്നതില്ല പരനുള്ളകാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ
വന്നുപോ, പിഴയുമത്ഥശകയാൽ".

എന്നു് അറിയാതെ പാടിപ്പോയതു് അനവസരത്തിലല്ല. വല്ലാത്തൊരു വിമ്മിഷ്ടം ആശാനു് അനുഭവവേദ്യമാകുന്ന നളിനീകാവ്യരചനയിൽ! ലൗകികതയിലേക്കു് കാലുവയ്ക്കുന്നതിന്റെ ഒരറ്റപ്പോ അപ്രായോഗികതയോ അവിടെ കാണാം. അനന്തരമുള്ള കാവ്യവാഹിനിയുടെ ലാഘവമോ ശാലീനതയോ അവിടെയില്ല നാടൻ ഛന്ദസ്സുകളുടെ മസൃണതയില്ല; ജനകീയതയില്ല കാവ്യശില്പം രൂപഭദ്രതകൈവരിക്കുന്നില്ല. കാവ്യകലയുടെ ആത്മാവിലേക്കാഞ്ഞിറങ്ങുന്ന വാസനയുടെ രക്തധമനികളും അവിടെ വിരളമാണു്.

ആശാന്റെ കാവ്യപരിവർത്തനത്തിന്റെ തുടക്കം 'ദുരവസ്ഥ'യിൽ നാം ദർശിക്കുന്നു. ആശാന്റെ കവിത വീണപൂവിലൂടെ ഭാഷയിൽ പുതുമയുടെ യുഗം തുറന്നുവെന്നു വരികിലും പഴയ പല കാവ്യസങ്കേതങ്ങളും അവിടെ പ്രവേശനമുണ്ടായിരുന്നു. ആശയം കുറുകിപ്പറിയ സംസ്കൃതവൃത്തത്തിന്റെ പാരമ്പര്യവരംചൂടി ദുരവസ്ഥവരെയുള്ള കൃതികളെ ബാധിക്കുന്നു. പഴയതിനെ വെടിഞ്ഞു് നവീനസവിശേഷതകളുംകൊള്ളുന്ന കരുണയിലേയ്ക്കുള്ള വളർച്ച ആരംഭിക്കുന്നതു് ദുരവസ്ഥയിലാണെന്നതു്. ഭാഷാപരവും ഛന്ദസ്കൃതവുമായ പരതന്ത്രത ദുരവസ്ഥയിൽ മലയാളത്തിനേറെതായ ശീലിലും ശൈലിയിലും സ്വാതന്ത്ര്യം നേടുന്നു. മലയാളത്തിലെ പാട്ടിന്റെ ഹൃദയഹാരിയായ ഇമ്പം ആശാനെ ആകർഷിച്ചതു് ഒരുപക്ഷേ, അപ്പോഴാകാം. അതോടൊപ്പം ജനകീയത എന്ന കാവ്യസവിശേഷതയും ആകൃതികളെ പുല്കാൻ തുടങ്ങി. അവിടെ നിന്നും മലയാളനാടിന്റെ ശ്രവണാനന്ദകരമായ വഞ്ചിപ്പാട്ടു ശീലിലേക്കു് അതു് ഒഴുകി വീണു! ചണ്ഡാലഭിക്ഷുകിയിൽ ജനകീയതയും പാട്ടുകളുടെ സവിശേഷതയും, മാർദ്ദവമേറിയ ഭാഷാരീതിയും ഉത്സുകമായി തുടങ്ങുന്നു. 'എന്തിനയ്യോ', 'ഗുണമേറും ഭർത്താവേ' തുടങ്ങിയ ഗാനരീതിയിൽ ആരംഭിച്ച ആ ജനകീയത കരുണയിൽ വഞ്ചിപ്പാട്ടിലൂടെ പൂർണ്ണതപ്രാപിക്കുന്നു.

അന്ത്യത്തെ ആദ്യത്തിലൊതുക്കുന്ന കാവ്യകലയുടെ മാന്ത്രികപ്രവർത്തനം കരുണയിൽ കാണാം.

"അനുപമ കൃപാനിധിയഖില
ബാന്ധവൻ ശാക്യ-
ജിനദേവൻ ധർമ്മരശ്മി ചൊരിയും
നാളിൽ"

ആ ധർമ്മരശ്മിയുടെ ശീതളഛായയിൽ നിനക്കു നിത്യശാന്തി കൈവരുമെന്നു് ആശാൻ തന്റെ പാപിനിയായ നായികയെ വ്യംഗ്യഭംഗ്യാ അനുഗ്രഹിക്കുന്നു. അത്യന്തമോഹനമായ കലാമർമ്മജ്ഞതയത്രേ ഈ സിദ്ധി. കാവ്യകലയിലുള്ള അസാധാരണവും അഗാധവുമായ പരിചയസമ്പത്തിൽനിന്നേ ഇത്തരത്തിലുള്ള രൂപഭദ്രത ഉടലെടുക്കാനാവൂ!

കഥാഗതിക്കനുഗുണമായ കാലഘടനയാണു് കരുണയുടെ മറ്റൊരു സവിശേഷത!

"പടിഞ്ഞാറു ചാഞ്ഞുസൂര്യൻ പരി
രമ്യമായു് മഞ്ഞയും
കടുംചുവപ്പും കലർന്ന തരുക്കളുടെ"

എന്നിങ്ങനെ കടുത്ത വർണ്ണമാർന്ന പ്രദോഷത്തിലാണു് കാവ്യാരംഭം. വർണ്ണപ്പൊലിമയാർന്ന ആ സായംസന്ധ്യയിൽ.

"വ്യാളീമുഖം വച്ചുതീർത്ത വളഞ്ഞ
വാതിലാൽനകം
ത്താളിരുന്നാൽ കാണും ചെറുമതി
ലിനുള്ളിൽ

X X X X


രാമച്ചവിശറി പനിനീരിൽമുക്കി
ത്തോഴിയെക്കൊ-
ണ്ടോമൽ കൈവളകിലുങ്ങെയാട്ട
വീശിച്ചും

(ശേഷം 47-ാം പുറത്തു്)

# ഉള്ളൂരിന്റെ കാവ്യകഥകൾ

(7)

# മൂണാളിനി



രാത്രി പത്തുമണി കഴിഞ്ഞിരിക്കുന്നു. സുകൃതികളായ ജനങ്ങൾ സുഷുപ്തിയിൽ സുഖംനേടുന്ന കാലമായി. ഇരുട്ടിലൂടെ തപ്പിത്തടഞ്ഞു നമുക്കു മുമ്പോട്ടുപോവുക. അതാ മുമ്പിൽ ഒരു ചെറുപ്പം കാണുന്നു. അതിനകത്തു് ഒരു പുകപിടിച്ച ചിമ്മിനിവിളക്കു കത്തുന്നുണ്ടു്. ആ വീടിനെ ബാധിച്ച ചേട്ടാഭഗവതിക്കു് ദീപാരാധന നടത്തുകയാണോ അതെന്നു തോന്നുന്നു. ആ കൂരപ്പുരയ്ക്കകത്തു് ചിമ്മിനിവിളക്കിലെ തീയല്ലാതെ മറ്റൊരു തീയുമില്ല. അരി വല്ലതും കിട്ടിയാലല്ലേ അടുപ്പത്തു തീ കത്തിക്കേണ്ടതുള്ളൂ?

തുറന്നുകിടക്കുന്ന ആ പുരയുടെ നടയ്ക്കൽ ഒരു സ്ത്രീ നില്ക്കുന്നുണ്ടു്—മൂണാളിനി. ചടച്ചു് എല്ലും തോലുമായി നില്ക്കുന്ന അവളെ കണ്ടാൽ വിറുതിപ്പിശാചോ ബാധയോ മറ്റോ ആണെന്നു സംശയിച്ചുപോകും. അവൾക്കെന്തുപിഴച്ചു? ജാതകം പിഴച്ചു, അത്രതന്നെ! മറ്റൊരു കുറവും അവൾക്കില്ല. ഒരു കാലത്തു് ലക്ഷ്മീഭഗവതി അവൾക്കു് അടിമപ്പണിചെയ്തിട്ടുണ്ടു്. രതിയോടു സൗന്ദര്യരഹസ്യത്തിൽ മത്സരിക്കാനും ഭാവം മുമ്പു സമർത്ഥയായിരുന്നു. പക്ഷേ, ഇന്നു് എല്ലാം തലകീഴായി് മറിഞ്ഞിരിക്കുകയാണു്. നല്ല മനുഷ്യനാണെന്നു വിചാരിച്ചു് അവൾ ഒരു മൂർഖനെ വിവാഹം ചെയ്തുപോയി, എന്തുചെയ്യാം? മാപ്പെന്നോത്തു് മുഖംമുരുക്കിനെ മുറുപ്പുറിയതോടുകൂടി മൂണാളിനി ഭർത്താവിനെ സ്നേഹിച്ചും പരിചരിച്ചും കഴിഞ്ഞുപോന്നു. അയാളെ ദൈവമായി് ധ്യാനിച്ചും അയാൾക്കുവേണ്ടി തന്റെ സർവ്വസമ്പത്തും ത്യാഗംചെയ്തും അവൾ 'പുത്' കുടികൊള്ളുന്നുണ്ടു് എന്ന വസ്തുത അവൾ ധരിച്ചിരുന്നില്ല. ഭർത്താവു് ഒരു പൊന്നിൻകുടമാണു്. പക്ഷേ ആ കുടത്തിനു് അടിഭാഗമില്ല! തന്റെ വിത്തവും ആരോഗ്യവും രൂപപ്രൗഢിയും പേരും പെരുമയും അയാൾ മദ്യദേവതയുടെ പ്രീതിക്കായി അർപ്പണം ചെയ്തു. അങ്ങനെ തുലോം പതിതനായിത്തീർന്ന പതിയെ സതീരത്നമായ മൂണാളിനി നവീനശിലാവതിയെപ്പോലെ മാണെന്നോർത്തു് അയാളെ മൂണാളിനി വിവാഹം ചെയ്തപ്പോൾ കടി എന്ന ഒരു ദുശ്ശീലം ചന്ദനമരപ്പൊത്തിൽ മൂർഖൻപാമ്പിനെപ്പോലെ അയാളിൽ കുടികൊള്ളുന്നുണ്ടു് എന്ന വസ്തുത അവൾ ധരിച്ചിരുന്നില്ല. ഭർത്താവു് ഒരു പൊന്നിൻകുടമാണു്. പക്ഷേ ആ കുടത്തിനു് അടിഭാഗമില്ല! തന്റെ വിത്തവും ആരോഗ്യവും രൂപപ്രൗഢിയും പേരും പെരുമയും അയാൾ മദ്യദേവതയുടെ പ്രീതിക്കായി അർപ്പണം ചെയ്തു. അങ്ങനെ തുലോം പതിതനായിത്തീർന്ന പതിയെ സതീരത്നമായ മൂണാളിനി നവീനശിലാവതിയെപ്പോലെ യാകുന്ന ആ മുല്ലവള്ളിയുടെ ജീവിതം നരകയാതനകളുടെ വിളനിലമായിത്തീർന്നു.

ഭർത്താവു്! എത്ര നല്ല പേർ! സുന്ദരനും വിത്തവാനും വീരനുമായ ഭർത്താവു്! ഭർത്താവിനെ ദൈവമായി് ധ്യാനിച്ചും അയാൾക്കുവേണ്ടി തന്റെ സർവ്വസമ്പത്തും ത്യാഗംചെയ്തും അവൾ 'പുത്' കുടികൊള്ളുന്നുണ്ടു് എന്ന വസ്തുത അവൾ ധരിച്ചിരുന്നില്ല. ഭർത്താവു് ഒരു പൊന്നിൻകുടമാണു്. പക്ഷേ ആ കുടത്തിനു് അടിഭാഗമില്ല! തന്റെ വിത്തവും ആരോഗ്യവും രൂപപ്രൗഢിയും പേരും പെരുമയും അയാൾ മദ്യദേവതയുടെ പ്രീതിക്കായി അർപ്പണം ചെയ്തു. അങ്ങനെ തുലോം പതിതനായിത്തീർന്ന പതിയെ സതീരത്നമായ മൂണാളിനി നവീനശിലാവതിയെപ്പോലെ

എ. വി. ശങ്കരൻ

മലയാളം എൻസൈക്ലോപീഡിയ

പീപാസാധിവ്യാധിചിന്താഖ്യ പഞ്ചാഗ്നി'കളാൽ ബാധിക്കപ്പെട്ട് നന്നെ പരവശയായിത്തീർന്നു. മദ്യപനായ ഭർത്താവ് അതൊന്നും കാണുന്നില്ല, അറിയുന്നില്ല.

മൂന്നാളിനി പുരയുടെ നടയ്ക്കൽ ഭർത്താവ് കാത്തുനില്ക്കുകയാണെന്നു പറഞ്ഞല്ലോ. അവളുടെ കയ്യിൽ വാത്സല്യ സർവ്വസ്വമായ മണിക്കുഞ്ഞ് വായ വരണ്ടും വിശപ്പിനാൽ വയറ്റിൽ തീ കത്തിയിട്ടും തേങ്ങിത്തേങ്ങി കരയുന്നുണ്ട്. ആർത്തനായ ആ ശിശുവിന്റെ മേനിയിൽ അവളുടെ കണ്ണുനീർ ധാരധാരയായി വീഴുന്നു. അവൾ ഇടയ്ക്കിടയ്ക്ക് അതു തന്റെകൈത്തുമ്പുകൊണ്ടു തുടയ്ക്കുന്നു. പാവം! അവൾക്ക് മറ്റൊന്നും പോംവഴിയാണുണ്ടായിരുന്നതു?

പേരുകൊണ്ടു ഭദ്രനെങ്കിലും ശീലംകൊണ്ട് അഭദ്രനായ അവൻ അതാ ദൂരെനിന്നു വരികയാണ്. മദ്യത്തിന്റെ ലഹരിയിൽ ആടിയും പാടിയും കുറങ്ങിയും പൂഴിമെയ്യിലണിഞ്ഞും വഴിയിൽ വീണുനെറിയിലും നെഞ്ചിലും രക്തം പൊടിഞ്ഞും ഒരു മട്ടിലിഴഞ്ഞുകൊണ്ട് അയാൾ മാടത്തിലെത്തി. വഴിയിലുള്ള വൃക്ഷങ്ങൾക്കും ദീപങ്ങൾക്കും അയാളുടെ ഈ ദുരവസ്ഥയിൽ സഹതാപവും നടുക്കവുമുണ്ടായി.

അയാൾ കാലത്തു വീട്ടിൽ നിന്നു പോകുന്നതു കൂലിവേലയ്ക്കായിട്ടാണ്. പ്രതിഫലമായി ലഭിക്കുന്ന അഞ്ചോ ആറോ പണം പതിവായി കള്ളുകുടിക്കുവാൻ അയാൾ ചെലവഴിക്കും. ഇരന്നോ വല്ല കൂലിപ്പണിയെടുത്തോ വേണം മൂന്നാളിനിക്കും അയാൾക്കും ആഹാരമുണ്ടാക്കുവാനും കുഞ്ഞിനെപ്പോറ്റുവാ

---

(45-ാം പുറത്തിന്റെ തുടർച്ച)

കഞ്ജബാണൻതന്റെ പട്ടംകെട്ടിയ
രാജ്ഞിപോലൊരു
മണ്ഡളാംഗിയിരിക്കുന്ന
മതിമോഹിനി"

വാസവദത്തയുടെ ഏറ്റവും പ്രകാശമാനമായ ജീവിതമാണിതു്. ഈ പ്രകാശധോരണി എരിഞ്ഞടങ്ങിയാൽ തമസ്സായി. പിന്നീടു് പ്രകാശമുള്ള പ്രഭാതം. വാസവദത്തയുടെ ജീവിതത്തിലും ഇതു് അനവദ്യമാണു്. തുടർന്നുവരുന്ന തമോമയമായി ജീവിതത്തെയും ഉപഗുപ്ത സാമീപ്യംകൊണ്ടു് അവൾക്കുണ്ടാകുന്ന പരിവർത്തനം പ്രകാശമാനമായ ജീവിതത്തെയും കുറിക്കുന്നു. പ്രദോഷത്തിലാരംഭിക്കുന്ന കാവ്യം പ്രഭാതത്തിലവസാനിക്കുന്നു; ഒപ്പം നായികയുടെ ജീവിതവും. ഈ ആശയത്തിനു മറ്റൊരു മുഖമുണ്ടു്. അതു് ആശാൻകൃതികളുടെ പൊതുസ്വഭാവത്തെ ബന്ധിക്കുന്നതാണു്. കുറവുകളേതായ കാവ്യകല്പനകളെ കടന്നു് ആശാന്റെ കവിത്വം കുറമറ കല്പനയുടെ പ്രഭാതത്തിലെത്തി നില്ക്കുന്നു, കരുണയിൽ!

പരിണതപ്രജ്ഞനായ ആശാന്റെ പക്വതാപരിണതിയാണു് കരുണ, ആശാന്റെ അവസാനത്തെ കാവ്യതല്ലജം! കാളിദാസന്റെ അവസാനകൃതിയായ ശാകുന്തളം അത്യന്തമനോഹരമായതുപോലെതന്നെയാണു് ആശാന്റെ കരുണയും. രൂപഭാവശില്പങ്ങളുടെ സമഞ്ജസസമ്മേളനം ഈ കൃതിയെ ഭാഷാകാവ്യങ്ങളുടെ കൂട്ടത്തിൽ ഒരപൂർവ്വസൃഷ്ടിയാക്കുന്നു.


മൂന്നു ഭാഗങ്ങളായി കരുണ വിന്യസിക്കപ്പെട്ടിരിക്കുന്നു. മതിമോഹനമായ വാസവദത്തയുടെ ഇരിപ്പു് ആദ്യഭാഗത്തിൽ, അവളുടെ ശപ്ത ജീവിതത്തിന്റെ പരിണാമം രണ്ടാമത്തേതിൽ, മൂന്നാമത്തേതിൽ അവളുടെ അതിദാരുണമായ കിടപ്പും. അന്ത്യമാകട്ടെ ആവശ്യത്തിനുമാത്രംപോന്ന വരികളിൽ കവി വരച്ചുകാട്ടുന്നു. ഒടുവിലത്തെ ഖണ്ഡം അതിബന്ധുരമായെന്നേ പറയേണ്ടൂ! അങ്ങനെ ത്രുപശില്പം പൂർത്തിയാകുന്നു.

വാസവദത്തയുടെ ആദ്യ ഇരിപ്പും, പിന്നീടുള്ളകിടപ്പും, അവളുടെ ചിതാഭസ്മത്തിലേക്കു് ഉള്ളുരുകിയൊലിച്ചു വീഴുന്ന ഉപഗുപ്തന്റെ ഒരുതുള്ളി കണ്ണീരുംകൂടി ഭാവശില്പം മെനഞ്ഞെടുക്കുന്നു. കരുണ അങ്ങനെ ആശാന്റെ കാവ്യകലാസമ്പന്നതയുടെ മഹത്വീകരണം സാധിക്കുന്നു.

★

നും. പക്ഷേ, അന്നു് അവനു് രോഗസ്ഥയായിരുന്നു. ഭർത്താവു് അടുത്തെത്തി എത്തിയില്ല എന്നായപ്പോഴേക്കും അവളുടെ കണ്ണുകളും അയാളുടെ ശരീരത്തിലാകെ ഒന്നു പാഞ്ഞു —കൈകളിൽ, മടിയിൽ, കക്ഷത്തിൽ, ചുമലിൽ...അങ്ങനെ. ഒരിടത്തും ഒന്നും കാണാനില്ല. ധാന്യത്തിന്റെ ഒരു മണിപോലും അയാൾ കൊണ്ടുവന്നിട്ടില്ല. ഹതാശയായിത്തീർന്ന അവൾ പറഞ്ഞു:

"അയ്യോ നേരം പാതിരാ കഴിഞ്ഞുപോയി. കുഞ്ഞു



പട്ടിണികിടന്നു കുടല്വോ. ഞാനിപ്പോൾ ഇലവുകാത്ത കിളിയായല്വോ. ഇനി ഞാനെന്തു ചെയ്യട്ടെ? ഈ അസമയത്തു് എവിടെച്ചെന്നിരക്കട്ടെ? എന്റെ മനം വെന്തുരുകുന്നു. ഈ കുഞ്ഞിനും എനിക്കും ഈ ദുരവസ്ഥ വന്നല്വോ."

അതുകേട്ട ഭർത്താവു് പുലമ്പി:

"ഏതു രാവാണെടീ ഈ നട്ടുച്ചയ്ക്കു്! നീ തനിക്കമ്പക്കാരിയാണു്, അല്ലെങ്കിൽ കുടിച്ചുവന്നവളാണു്. രാവേതു്? പകലേതു്? നീയേതു്? ഈ കിടാവേതു്? ഈ വേളയേതു്? നീ എന്നോടു കളിക്കുന്നോ? നിന്റെ പട്ടിണിപ്പാടും നീയും പണ്ടാരം വെന്തുട്ടെ. നീ കൊല പാതക മുണ്ടാക്കുകയാണോ? ദൂരെപ്പോടി. അല്ലെങ്കിൽ വാടി. എന്റെ തൊണ്ടയ്ക്കുത്തു തീ കുത്തുന്നു. വായ നനയ്ക്കുവാൻ വല്ലതും കൊണ്ടുവാടീ. ഇങ്ങുവാ പൊന്നേ. കുണ്ണേ. കൊണ്ടുവാ വാവാ വേഗം. എങ്ങെടീ? എങ്ങെങ്ങെടീ? എങ്ങെങ്ങെടീ കൂപ്പി? കൂപ്പി ഇപ്പോഴത്തന്നെ വേണം. കൂപ്പി— കുക്കൂപ്പി— കുക്കൂപ്പി— ആനന്ദം —നിത്യാനന്ദം— ആനന്ദം ബ്രഹ്മാനന്ദം. കൊണ്ടുവാ പൊയ്ക്കൊണ്ടുവാ. കൊണ്ടുകൊണ്ടുവാ."

അവൻ ശുണ്ഠികൂടി. പാവം മുണാളിനി!

മുണാളിനി ഇതികർത്തവ്യതാമൂഢയായി. ആദ്യം ഒന്നും പറയാൻ തോന്നീല. പെട്ടെന്നു് പിന്നീടു് അവൾക്കൊരു ഭ്രാന്താവേശമുണ്ടായി. സതീരത്നമായ അവൾ പറഞ്ഞു:

"കൂപ്പിയോ? ഇനിയും കൂപ്പി വേണമെന്നോ? ആകട്ടെ ഞാൻ തരാം ഒരു കൂപ്പി—എനിക്കു് അങ്ങു നലു് കിയിട്ടുള്ള തങ്ക

ക്കപ്പി. അങ്ങ് ഒരു രക്ഷസ്സാണ്. ഈ സമയം പാതിരാവാണ്. മനസ്സുണ്ടെങ്കിൽ ഈ കൂപ്പിയെ രക്ഷിക്കാം. അല്ലെങ്കിൽ ഉടച്ചുകളയാം ഈ ദാഹത്തിനു ശമനമുണ്ടാക്കുക. ഒന്നാവിവേകംകൊണ്ട്, അല്ലെങ്കിൽ ഈ കുസൃതിയുടെ ചോരകൊണ്ട്. ഇനിമേൽ ഇപ്രകാരമൊരു രാത്രി ഇവിടെയുണ്ടാകരുതു്. ഇപ്രകാരമൊരു നില ഈ ലോകത്തിൽ ആർക്കും ഉണ്ടാകരുതു്."

ഇത്രയും പറഞ്ഞശേഷം നൈരാശ്യത്താൽ തന്നെത്താൻ മറന്ന അവൾ തന്റെപ്രേമനിധിയായ ആരോമൽക്കിടാവിനെ ക്രുദ്ധനായ് മുന്നിൽ നില്ക്കുന്ന ഭദ്രന്റെ കയ്യിൽ വെച്ചുകൊടുത്തു. കഷ്ടം! മുടലച്ചെന്തീയിൽ തുമ്പമലർ വീഴ്ത്തിയപോലായി അവളുടെ ആ പ്രവൃത്തി.

"കൂപ്പിയോ? കൊള്ളാമെടീ നല്ല കൂപ്പിയാണ് ഈ കൂപ്പി."

എന്നു പറഞ്ഞുകൊണ്ട് ആ മദ്യപപ്പിശാചു് പൈതലിന്റെ കഴുത്തിൽ ഞെക്കിത്തുടങ്ങി. കുഞ്ഞു് വാവിട്ട കരയാനും തുടങ്ങി.

"ചതിക്കൊല്ലേ. കുഞ്ഞിനെ കൊല്ലല്ലേ".

എന്നു് അയ്യവും വിളിയുമായ് അവൾ താണുകേണു് ഇരന്നു. പൈതലിന്റെ കഴുത്തിൽനിന്നു ആ പാപിയുടെ കൈ തട്ടിക്കളയുന്ന അവസരത്തിൽ മുണാളിനിയുടെമിഴിയിണയിൽനിന്നും ഉതിർന്ന കണ്ണുനീരിന്റെ ചില കണങ്ങൾ അയാളുടെ കയ്യിലും മാർത്തട്ടിലും തെറിച്ചുവീണു. ആ കണ്ണുനീർക്കണങ്ങൾ മുണാളിനിയുടെ ഹൃദയം പൊട്ടിത്തെറിച്ച കഷ്ടനങ്ങൾ പോലെയും തന്റെ ഇളം പൈതലിനെ വിട്ടുകിട്ടുവാൻ വേണ്ടിയുള്ള മോചനപ്രണാമം പോലെയും, ഗ്രീഷ്മകാലാവസാനത്തിൽ ആകാശത്തിൽനിന്നു പതിക്കുന്ന വർഷോപലഖണ്ഡങ്ങൾ പോലെയും, ഭ്രൂണത്തെ ഉച്ചാടനം ചെയ്വാൻ തളിക്കപ്പെട്ട തീർത്ഥജലകണങ്ങൾപോലെയും വിളങ്ങി. ഭദ്രന്റെ ഹൃദയത്തിൽ പൊട്ടുന്ന ഒരു മിന്നൽപ്പിണർ പാഞ്ഞു! അവൻ കുഞ്ഞിന്റെ കഴുത്തിൽനിന്നു കയ്യെടുത്തു. കുഞ്ഞിനെ മടക്കിക്കിട്ടിയ മുണാളിനിയുടെ അശ്രുതോരാത്ത മുഖം അവൻ നിസ്പന്ദമായി നോക്കി. വീണ്ടും വീണ്ടും നോക്കി.

അന്നാണു് തന്റെ കണ്ണിലെ ക്രൂരതരുട്ടുനീങ്ങി തന്റെ ഗൃഹലക്ഷ്മിയെ യഥാർത്ഥത്തിൽ ഭദ്രൻ സാക്ഷാത്കരിച്ചതു്!

ഏതു ക്രൂരതരുട്ടിനും ഒരു ഉഷസ്സുണ്ടു്. എന്തു പ്രളയത്തിനും ഒരു കൃതയുഗമുണ്ടു്. നന്മയുടെ നിഴൽ തട്ടുന്ന തിന്മയ്ക്കു കുശലമുണ്ടാകാതിരിക്കയില്ല. ഗംഗയിൽ ചേരുന്ന മറെറന്തു ജലവും ഗംഗാജലമായി മാറും. ശ്രുദ്ധമേനഗ്നമാക്കാൻ ദുഷ്കാലം തുടങ്ങുമ്പോഴും ഈശ്വരൻ ആവശ്യത്തിനുള്ള ചേലനല്കി സംരക്ഷിക്കും. ഭദ്രനു് അവിചാരിതമായി മാനസാന്തരമുണ്ടായി. അവൻ മുണാളിനിയേയും കുഞ്ഞിനേയും തന്നേയും മാറിമാറി നോക്കി. അവന്റെ തല കറങ്ങി. കരം കത്തിക്കാളിമേനി ചുടുവേർപ്പിൽ നീരാടി.. മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെവിടെ? താനിപ്പോഴും നില്ക്കുന്നതെവിടെ? ഭദ്രൻ ആവഴിക്കു ചിന്തിക്കുവാൻ തുടങ്ങി.

തന്റെ ഭർത്താവിൽ അപ്രതീക്ഷിതമായി വന്ന ഈ വ്യതിയാനം മുണാളിനി ശരിക്കും കണ്ടു മനസ്സിലാക്കി. അവശം കുഞ്ഞിനെ താഴെ കിടത്തിയശേഷം ഭദ്രനെ തന്റെ മേനിയോടടുപ്പിച്ചു. ആ ചാരിത്രശാലിനിയുടെ പുണ്യാംഗസ്പർശത്താൽ അയാളുടെ ശരീരത്തിൽ പ്രതിരോമരന്ധ്രം സുധാരസമൂറി. ഒരു പുനർജന്മം സിദ്ധിച്ചപോലെ സർവ്വതോമുഖ പ്രജ്ഞനായി ഭദ്രൻ പരിലസിച്ചു. അയാളുടെ കണ്ണുകൾ അശ്രുസിക്തങ്ങളായിത്തീർന്നു; മുണാളിനിയോടു് ഇപ്രകാരം മൊഴിഞ്ഞു:

"എന്റെ പ്രാണാധികപ്രേയസി, പുണ്യഫലപൂരമേ, മഹാഗുണശാലിനി, മുണാളിനി, നിന്നാൽ ഞാൻ ഇപ്പോഴും സമുദ്ധൃതനായിരിക്കുന്നു. എന്റെ ദീനംപോയി. ഭ്രമകന്നു. ജാതകപ്പിഴനീങ്ങി. ഞാൻ ഇതാ വീണ്ടും ഞാനായി.

എല്ലാം നിന്റെ കാരുണ്യത്താൽ. നീണ്ടസ്വപ്നം വിട്ടു ഞാൻ ഇതാ ഉണർന്നിരിക്കുന്നു. എന്റെ സഹധർമ്മിണി, എന്നാണെ, ഇക്കുഞ്ഞാണെ, നിന്നാണെ, ഈ അർദ്ധരാത്രിയാണെ, ഈശ്വരന്റെ പാദത്താണെ ഇന്നിമേൽ ഞാൻ മദ്യത്തെ സേവിക്കുകയോ സ്പർശിക്കുകയോ മണക്കുകയോ പോലും ചെയ്യുകയില്ല. മനസ്സുകൊണ്ടു വിചാരിക്കുകയുമില്ല. ഈ പ്രതിജ്ഞയെ അന്യഥാകരിക്കുവാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല."

ഇത്രയും സത്യവാക്കായിപ്പറഞ്ഞശേഷം ഭദ്രൻ തന്റെചെറുപ്പരയുടെ ഒരു കോണിൽ സൂക്ഷിച്ചിരുന്ന മദ്യക്കുപ്പിയെടുത്തു് നിരത്തിലേക്കോടിച്ചെന്നു് ഒരു വലിയ കരിങ്കല്ലിന്മേൽ, ഗണപതിക്കു തേങ്ങയുടയ്ക്കും പോലെ ഓങ്ങി മുട്ടിയുടച്ചു തരിപ്പണമാക്കി. മദിരാപിശാചിയോടു് ഭദ്രൻ അങ്ങനെ അവസാനത്തെ യാത്രപറഞ്ഞു. അകാലമോ എന്നു നോക്കാതെ അയാൾ അല്പം ഭക്ഷണം ഇരന്നുകൊണ്ടുവന്നു് അന്നത്തെ രാത്രി പൈതലിന്റെ വിശപ്പുമാറ്റി.

ശ്രേഷ്ഠമായ രീതിയിൽ സദാചാരനിരതനായി ജീവിതമാരംഭിച്ച ഭദ്രൻ കുറച്ചനാളുകൊണ്ടുള്ളിൽ ആഢ്യനായി, അരോഗിയായി, മൈത്രനായി, മഹാത്മാവായിത്തീർന്നു.

ഇതാണു മുണ്ടാളിനിയുടെ കഥാസാരം. മഹാകവി ഉള്ളൂരിന്റെ കഥാകാവ്യങ്ങളിൽ അഗ്രിമ സ്ഥാനമർഹിക്കുന്ന ഒന്നാണു് ഈ ഖണ്ഡകാവ്യം. ഇതിന്റെ ആദ്യഭാഗം ആരുടെയും കരളലിയിക്കുവാൻ പര്യാപ്തമാണു്. മനുഷ്യസമൂഹത്തിൽ ദരിദ്രന്മാക്കിടയിലും ധനികന്മാക്കിടയിലും മദ്യപാനമുണ്ടു്. എന്നാൽ ദരിദ്രകുടുംബങ്ങളിൽ ഈ ദുരാചാരം എത്രമാത്രം യാതനകൾ സൃഷ്ടിക്കുന്നു എന്നു് വളരെ ഹൃദയസ്പർശിയായ രീതിയിൽ മഹാകവി ഇവിടെ വർണ്ണിച്ചിരിക്കുന്നു. ഗുണശാലിനിയായ ഒരു സഹധർമ്മിണിക്കു് അപഥസഞ്ചാരിയായ ഭർത്താവിനെ സമുദ്ധരിക്കുവാൻ എത്രമാത്രം കഴിവുണ്ടു് എന്നും ഈ കവിതയിൽ അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു. ഭാര്യാഭർത്തൃബന്ധത്തെ ശ്രദ്ധവും ദൃഢവും സുമധുരവുമാക്കുന്നതിൽ വാത്സല്യസർവ്വസ്വങ്ങളായ കുഞ്ഞുങ്ങൾക്കു് പ്രകൃതി എത്രമാത്രം ശക്തിപ്രദാനം ചെയ്തിരിക്കുന്നു എന്നറിയിക്കുവാനും ഈ കൃതിയിലൂടെ മഹാകവി ശ്രമിച്ചിട്ടുണ്ടു്. ഒരു മദ്യപന്റെ പ്രകൃതിയെ ഇതിനുമീതെ തന്മയതയോടുകൂടി കവിതയാക്കുവാൻ മലയാളത്തിൽ മറ്റൊരു മഹാകവിക്കും കഴിഞ്ഞിട്ടില്ല. ഭാവനയിലൂടെ കവി കഥാപാത്രമായിമാറുന്ന സുമനോഹരമായ ദൃശ്യമാണു് നാം ഇവിടെ കാണുന്നതു്.

മദ്യം സേവിച്ചാലേ നല്ല കവിതകളും ഗാനങ്ങളും നോവലും പെറുകഥയും രചിക്കാനാകൂ എന്നു് ചില അധുനാതന സാഹിത്യവിദ്യക്കാർ രഹസ്യമായും നിർല്ലജ്ജം പരസ്യമായും പ്രഖ്യാപിക്കുന്ന ഈ കാലത്തു് മഹാകവി ഉള്ളൂരിന്റെ ഈ കവിത ഒരദ്ഭുത സൃഷ്ടിയായിത്തോന്നാം. ഇതിൽ അദ്ദേഹം ഒരു മദ്യപനെത്തന്നെയാണല്ലോ അവതരിപ്പിച്ചിട്ടുള്ളതു്!


അതേയ്, ഒന്നു പറയട്ടെ. ശാശ്വതമൂല്യമുള്ള കലാവിഭവം ലോകത്തിനു കാഴ്ചവയ്ക്കുവാൻ വെള്ളിയെക്കാളും വെട്ടിത്തിളങ്ങുന്ന പ്രതിഭയാണു് അവശ്യം. പ്രതിഭാധനന്മാരിൽ അഗ്രേസരനായ മഹാകവി ഉള്ളൂർ ഇതിനു് ഉത്തമമായ ഒരു ദൃഷ്ടാന്തമാണു് മുണ്ടാളിനിയിലൂടെ നമുക്കു കാട്ടിത്തന്നിരിക്കുന്നു.

ഈ അനവദ്യസുന്ദരമായ കവിത അവസാനിക്കുന്നതു് ഇങ്ങനെയാണു്:

"തിന്മകൾക്കെല്ലാം തിന്മ
ലോകത്തിൽ മദിര താൻ,
നന്മകൾക്കെല്ലാം നന്മ
പതിദേവതയും താൻ."

"സ്ത്രീകൾ പൂജിക്കപ്പെടുന്നിടത്തു് ദൈവങ്ങൾ സന്തോഷിക്കുന്നു" എന്ന ചൊല്ലിൽ വിശ്വസിക്കുന്ന മഹാകവി തന്റെ കാവ്യപ്രപഞ്ചത്തിൽ സ്ത്രീയെ ഏറ്റവും മഹനീയമായ ഒരു ശക്തിയായി പലയിടത്തും വാഴ്ത്തിയിട്ടുണ്ടു്. മുണ്ടാളിനി അത്തരത്തിലുംപെട്ട ഒരു കാവ്യതല്ലജമാണു്.

●



# ബാൾപെൻ

എസ്. കുലാധരൻ
വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

തുഞ്ചൻ പറമ്പിലെ പഞ്ചാരമണ്ണിൽ
പിഞ്ചുവിരലുകളാലക്ഷരം കുറിച്ചുനാം
'ഹരിഃശ്രീ ഗണപതായേ നമഃ അവിഘ്നമസ്തു'
കാലചക്രത്തിൻ കറക്കത്തിലൂടെ നാം
ഓലയിൽ നാരായത്താൽ എഴുതാൻ പഠിച്ചല്ലോ
മെച്ചമൊട്ടുപായുന്ന കച്ചവടക്കപ്പൽ
കൊച്ചീലെത്തിയതു നങ്കൂരമിട്ട
കടലാസ്സ്, ചിമ്മിനി, കത്തുന്ന തീപ്പെട്ടി
കുട, ലേസ്സ്, മണ്ണെണ്ണ. പെൻസിലുമൊക്കെയും
ഉടനേ വന്നെത്തി നമ്മുടെ സംസ്കാരത്തിൽ
പെൻസിലാൽ കടലാസ്സിൽ ആശയമെഴുതവേ
മനുഷ്യൻ വളർന്നെന്നു പണ്ടാരോ പറഞ്ഞല്ലോ
തൂവലാൽ മഷികൊണ്ടു പേപ്പറിലെഴുതവേ
കൂവി; നാം ഓലയെ, നാരായത്തെ പുച്ഛിച്ചു പുറന്തള്ളി
മഷിയിൽ പേനയാലെഴുതാൻ പഠിച്ചവർ
പേനയിൽ മഷികേറിയെഴുതാൻ പഠിച്ചല്ലോ
മഷിയും വേണ്ടെന്നായ്വന്നപ്പോഴും മനുഷ്യനു
തുണയായ് ദൈവംതന്നു; ബാൾപെൻ—സർവ്വവ്യാപി
ഇങ്ങനെ പോയിപ്പോയി അന്ത്യത്തോടടുക്കുമ്പോഴും
പൊങ്ങിയ മൂക്കിനാൽ 'ക്ഷ' നാം വരച്ചേക്കും

x x x x

ഞാനൊന്നും പറഞ്ഞില്ലേ രാമനാരായണ
മാനവൻ വളരട്ടെ വളർച്ച തടയണ്ട.




# ഗവ: ഹൈസ്ക്കൂൾ,

കോട്ടയം-കുമിളി റോഡിൽ കോട്ടയത്തുനിന്നും 37 കി. മീ റർ അകലെ കാഞ്ഞിരപ്പള്ളി എന്ന ഗ്രാമത്തിന്റെ പ്രാന്തത്തിലാണ് കാഞ്ഞിരപ്പള്ളി ഗവ: ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. സ്കൂളിന്റെ നാമം കാഞ്ഞിരപ്പള്ളി ഹൈസ്കൂളെന്നാണെങ്കിലും, സ്കൂൾ സ്ഥിതിചെയ്യുന്നത് കാഞ്ഞിരപ്പള്ളി പഞ്ചായത്തിനെതൊട്ടുകിടക്കുന്ന ചിറക്കടവ് പഞ്ചായത്തിലാണ്. പഴയ തിരുവിതാംകൂർ സംസ്ഥാനത്തെ എണ്ണപ്പെട്ട ഗവ:ഹൈസ്കൂളുകളിലൊന്നാണ് സഹ്യപ്രാന്തങ്ങളിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത ഹൈസ്കൂൾ.

1910-ൽ ഒരു ഇംഗ്ലീഷ് മീഡിൽ സ്കൂളായി ആരംഭിച്ച പ്രസ്തുത വിദ്യാലയം 1933-ൽ ഒരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഉദ്ദേശം 5 ഏക്കർ വിസ്തൃതി സ്കൂൾവളപ്പിനുണ്ടെങ്കിലും, ഇന്നു വിദ്യാർത്ഥികൾക്കാവശ്യമായത്ര ക്ലാസ്സ്മുറികളും ഇവിടെ ഇല്ല എന്നതു് പരിതാപകരമായ ഒരു വസ്തുതയാണ്. ഈ സ്കൂളിൽ അധ്യാപകരായിരുന്ന പലരും പില്ക്കാലത്തു് ഉന്നത ഔദ്യോഗിക പദവികളും അലങ്കരിച്ചിട്ടുണ്ട്.

ഹൈസ്കൂൾ വിഭാഗത്തിൽ 582 ആൺകുട്ടികളും, 222 പെൺകുട്ടികളും പഠിക്കുന്നു. യു. പി. വിഭാഗത്തിൽ 188 ആൺകുട്ടികളും 165 പെൺകുട്ടികളുമാണ് പഠിക്കുന്നതു്. വിദ്യാർത്ഥികളിൽ 40 ശതമാനത്തോളം പിന്നാക്കവിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികളാണ്. വിദ്യാഭ്യാസപരമായിട്ടും പിന്നാക്കം നില്ക്കുന്ന വിദ്യാർത്ഥികളെ മാത്രമാണ് ഈ സ്കൂളിനു് ലഭ്യമാകുന്നതു്. ചുറ്റുപാടുമുള്ള കോൺവെന്റ് സ്കൂളുകളും, ഇംഗ്ലീഷ് മീഡിയം സ്കൂളും പഠിത്തത്തിൽ മുന്നാക്കം നില്ക്കുന്ന ഒരു നല്ല ശതമാനം വിദ്യാർത്ഥികളെ അവിടങ്ങളിലേക്കാകർഷിക്കുന്നതാണ് ഇതിനു് കാരണം. എന്നിരുന്നാലും ഇവിടത്തെ അധ്യാപകരുടെ ആത്മാർത്ഥതയോടുകൂടിയ കഠിനാധ്വാനംമൂലം ഈ സ്കൂളിനെ എസ്സ്. എസ്സ്. എൽ. സി. വിജയശതമാനത്തിൽ കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിലെ ഗവ:



ശ്രീ. ആർ. ഭാസ്കരൻ നായർ
ഹെഡ്മാസ്റ്റർ

ഹൈസ്കൂളുകളിൽ മുൻപന്തിയിൽ എത്തിച്ചിരിക്കുന്നതായിക്കാണാം. കഴിഞ്ഞ മാർച്ചിലെ എസ്സ്. എസ്സ്. എൽ. സി. പരീക്ഷയിലെ ഈ സ്കൂളിലെ വിജയശതമാനം 46 ആയിരുന്നു.

ടീച്ചിംഗ് വിഭാഗത്തിൽ ഒരു ക്ലാർക്കടക്കം പ്പടെ ആറു പേരുണ്ട്. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ആർ. ഭാസ്കരൻ നായരാണ്. 12 വർഷക്കാലം അദ്ദേഹം ഈ സ്കൂളിലെ തന്നെ ഒരധ്യാപകനായിരുന്നിട്ടുണ്ട്. ഈ നിലയിൽ കൈവന്നിട്ടുള്ള ഭരണപരിചയവും ഹൈസ്കൂൾ മേധാവി എന്ന നിലയിലുള്ള തന്റെ ഏഴുവർഷത്തെ ഭരണപരിചയവും സ്കൂൾ സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിൽ വിനയാന്വിതനായ

# കാഞ്ഞിരപ്പള്ളി

കെ. പി.


ഹൈസ്കൂൾ വിഭാഗത്തിൽ 27-ം, യു. പി. വിഭാഗത്തിൽ 13-ം പേരാണ് ഇവിടെ അധ്യാപകരായിട്ടുള്ളത്. നോൺ

സ്കൂളിന്റെ ഭരണഭാരം അദ്ദേഹം ഏറെറടുത്തിട്ട് അഞ്ചു വർഷങ്ങളോളമായി. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്ന

ഹെഡ്മാസ്റ്റർക്ക് വേണ്ടത്ര ഉത്തേജനം നൽകുന്നുണ്ട്, ഇവിടത്തെ അധ്യാപകരും, പ്രാധ്യാപകനും തമ്മിൽ സുദൃഢ



സ്കൂൾ കെട്ടിടം



വള്ളംകളി കരയിലുമായിക്കൂടെ! പഞ്ചായത്തു് രജതജൂബിലിയാഘോഷവേളയിൽ കാഞ്ഞിരപ്പള്ളി ഗവ: ഹൈസ്കൂൾ വിദ്യാർത്ഥികൾ പ്രദർശിപ്പിച്ച ഒരു മനോഹരദൃശ്യം

മായ ബന്ധം പുലർത്തി വരുന്നുവെന്നാണു് സ്കൂളിന്റെ വൈവിധ്യമാർന്ന ശ്രേഷ്ഠങ്ങളായ പ്രവർത്തനങ്ങളിൽ നിന്നു് മനസ്സിലാകുന്നതു്.


ഈ സ്കൂൾവിദ്യാർത്ഥികളുടെ അച്ചടക്കം പ്രശംസാർഹമാണു്. തൊട്ടതിനും പിടിച്ചതിനുമൊക്കെ വിദ്യാർത്ഥികളെ തെരുവിലിറക്കുന്നതിനോടു ഇവിടത്തെ സ്കൂൾലീഡറന്മാർക്കു് താത്പര്യമില്ല. സ്കൂൾലീഡറായ റോബിൻ ഡി. ചീരൻ വേലിയോടു് വിദ്യാർത്ഥി സമരങ്ങളെ സംബന്ധിച്ചു് ആ കുട്ടിയുടെ അഭിപ്രായമെന്തെന്നു് ചോദിച്ച വിവിധ ചോദ്യങ്ങൾക്കു് കിട്ടിയ മറുപടി ഇതായിരുന്നു: "ഞങ്ങൾ പഠിത്ത കാര്യങ്ങൾക്കാണു് മുൻതൂക്കം നല്കുന്നതു്. സമരം ചെയ്യേണ്ട സന്ദർഭങ്ങളുണ്ടാകാതെ സൂക്ഷിക്കുക ഞങ്ങളുടെ കടമയാണു്. ഒരുപക്ഷേ, സമരം ചെയ്യേണ്ടിവരുന്നുവെങ്കിൽപ്പോലും ഹെഡ്മാസ്റ്ററോടും, അധ്യാപകരോടുമുള്ള സ്നേഹ ബഹുമാനാദരങ്ങൾക്കു യാതൊരു കോട്ടവും തട്ടാതെയും, സ്കൂളിനു് ഒരു നാശനഷ്ടവും വരുത്താതെയുമുള്ള സമരങ്ങൾ മാത്രമേ ഇവിടെ നടത്തുകയുള്ളൂ." സ്നേഹത്തിന്റെ ഉറവിടങ്ങളായ ഗ്രാമപ്രദേശങ്ങളിലെ ഗുരുശിഷ്യബന്ധം ഇന്നും ദൃഢതരമെന്നാണല്ലോ ഇതു സൂചിപ്പിക്കുന്നതു്.

പാഠ്യപ്രവർത്തനങ്ങൾക്കു നല്കുന്നതുപ്രാധാന്യം ഇവിടെ പാഠ്യേതര പ്രവർത്തനങ്ങൾക്കും നല്കുന്നുണ്ടു്. എൻ. സി. സി., യംഗ് ഫാർമേഴ്സ് ക്ലബ്ബ്, സോഷ്യൽ സർവ്വീസ് ലീഗ്, സയൻസ് ക്ലബ്ബ്,

ആർട്സ് ക്ലബ്ബ്, സഹകരണ സംഘം എന്നിവയെല്ലാം ഇവിടെ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ വർഷമുൾപ്പടെ പല വർഷങ്ങളിലും ഈ സ്കൂൾ ആൺകുട്ടികളുടെ സീനിയർ ജൂനിയർ വിഭാഗങ്ങളിൽ വോളിബാളിനും ജില്ലാക്കിരീടം അണിഞ്ഞിട്ടുണ്ട്. മനോരമ ട്രോഫി, ഡി. സി. എൽ. ട്രോഫി എന്നിവയും ഇവിടത്തെ കുട്ടികൾ പല പ്രാവശ്യം നേടുകയുണ്ടായി. ഷട്ടിൽ ബാറ്റ്മിൻറനിൽ കഴിഞ്ഞ വർഷം സ്കൂൾ ടീം ചാമ്പ്യൻ കപ്പ് നേടി. ഈ സ്കൂൾ ടീമംഗമായിരുന്ന നിസാർ അഹമ്മദ് കഴിഞ്ഞ വർഷം സംസ്ഥാന വോളിബാൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഇക്കഴിഞ്ഞ നാഷണൽ വോളിബാൾ ജൂനിയറിൽ കേരള ടീമിലെ ഒരംഗമായിരുന്ന കഴിഞ്ഞ വർഷം ഇവിടെ പഠിച്ചിരുന്ന ജോഷി തോമസ് ഈ സ്കൂൾ കാഞ്ഞിരപ്പള്ളി റൂറൽ സ്പോർട്സ് കോച്ചിംഗ് സെൻറർ കുടിയാണ്. യൂണിവേഴ്സിറ്റി താരമായി ശോഭിച്ച എം. ഏ. ജോർജ്ജ് നാലു വർഷങ്ങൾക്കു മുൻപ് ഈ സ്കൂളിലെ ടീം ക്യാപ്റ്റനായിരുന്നുവെന്നതും പ്രസ്താവയോഗ്യമാണ്.

കായികരംഗത്തെന്നപോലെ തന്നെ കലാരംഗത്തും ഈ സ്കൂൾ നേട്ടങ്ങൾ കൈവരിച്ചു തുടങ്ങിയിരിക്കുന്നു. 1976-ലെ സംസ്ഥാനയുവജനോത്സവത്തിൽ പെയിൻറിംഗിൽ രണ്ടാം സ്ഥാനം നേടിയ ഇവിടത്തെ പി. സതീശ് എന്ന പൂർവ്വ വിദ്യാർത്ഥി പ്രസ്തുതരംഗത്തു് അടുത്ത വർഷം ഒന്നാം സമ്മാനം നേടുകയുണ്ടായി. കേരളത്തിലെ ഏറ്റവും നല്ല ബാലചിത്രകാരനുള്ള മനോരമമെഡലും, പി. സതീശ് ഒരു മത്സരത്തിലൂടെ കൈയ്യിലാക്കി.



ഒരു പദ്യംകൂടി കാണാതെ പഠിക്കാനുണ്ട്, പഠിച്ചോട്ടെ!
ശ്രീ. പി. സതീശിൻറെ കലാവിരുത്

ഈ സ്കൂളിലെ ഡ്രോയിംഗ് മാസ്റ്ററായ ശ്രീ. കെ. കെ. ജേക്കബ്ബിൻറെ നിസ്തുലസേവനങ്ങളും ഇത്തരുണത്തിൽ സ്മരണീയമാണ്. കലാവാസനയുള്ള വിദ്യാർത്ഥികളെ കണ്ടുപിടിച്ച് പരിപോഷിപ്പിക്കുന്നതിൽ അദ്ദേഹം അതീവ താത്പര്യമാണ് കാണിക്കുന്നതു്. തൻറെ കീഴിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികളുടെ കരവിരുതുകളും ഈ ലേഖകനു് കാണിച്ചു തരുമ്പോൾ ശ്രീ. ജേക്കബ്ബ് ആത്മനിർവൃതി അടയുന്നതു കാണാമായിരുന്നു. എല്ലാ ഡ്രോയിംഗ് മാസ്റ്റർമാരും ശ്രീ. ജേക്കബ്ബിൻറെ മാതൃക പിൻതുടരാമെങ്കിൽ സതീശിനെപ്പോലെയുള്ള ഭാവനാസമ്പന്നരായ അനേകം ചിത്രകാരന്മാരെ നമ്മുടെ കൊച്ചു കേരളത്തിനു് ലഭ്യമാകുന്നതാണു്.

ജില്ലാ സയൻസ് ഫെയറിൽ ഈ സ്കൂൾ 1975-ൽ ഒന്നാം സ്ഥാനവും, 1977-ൽ രണ്ടാം സ്ഥാനവും നേടുകയുണ്ടായി. ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന സയൻസ് ഫെയറിൽ രണ്ടുപ്രാവശ്യം ഈ സ്കൂൾ പങ്കെടുത്തിട്ടുണ്ട്.

കരിപ്പാപ്പറമ്പിൽ ശ്രീ. ചെറിയാൻ ഡൊമിനിക്ക് കൺവീനറായുള്ള സ്കൂൾ വികസനസമിതി കഴിഞ്ഞവർഷം ഉദ്ദേശം 28,000 രൂപചെലവിൽ മലയോരപ്രദേശമായ ഈ സ്കൂൾ കാംപൗണ്ടിൽ ഒന്നര ഏക്കറോളം വരുന്ന പ്രദേശത്തു് ഒരു സ്റ്റേഡിയം നിർമ്മിക്കുന്ന



സ്കൂൾ വളപ്പിലെ പച്ചക്കറിത്തോട്ടം

തിനുള്ള ആദ്യഘട്ടം പൂർത്തിയാക്കിയിരിക്കുകയാണു്. കൂടാതെ ഉദ്ദേശം 7,500 രൂപ ചെലവിൽ പ്രസ്തുത സമിതി ഒരു ക്ലാസ്സുമുറി സ്കൂളിനു് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. സ്കൂളിനോടു് നാട്ടുകാരുടെ താത്പര്യം അത്യന്തം പ്രോത്സാഹജനകമാണു്.

കാഞ്ഞിരപ്പള്ളി മുഗാശു പത്രിയധികൃതർവഴി സ്കൂളിനു് മുഖേന നല്ലയിനം കോഴികളെയും, പന്നിക്കുഞ്ഞുങ്ങളെയും തത്പരരായ വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുവരുന്നുണ്ടു്. ഐ. സി. ഡി. പി-യുടെ ഒരു പച്ചക്കറിത്തോട്ടം പ്രദർശന സ്കൂൾവക സ്ഥലത്തുണ്ടു്. ഇവിടെനിന്നും പച്ചിൻകടകൾ ആവശ്യാനുസരണം വിദ്യാർത്ഥികൾക്കു് നല്കുന്നുണ്ടു്.


ശരിയായ പരിശീലനവും മാർഗ്ഗനിർദ്ദേശവും നല്കിയാൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിലുള്ള സ്കൂളുകളിൽ നിന്നും അമൂല്യ പ്രതിഭാശാലികളെ വാർത്തെടുക്കാൻ സാധിക്കുമെന്നുള്ളതിനു് പ്രകടമായ തെളിവാണു് കാഞ്ഞിരപ്പള്ളി ഗവണ്മെൻറു് ഹൈസ്കൂൾ.

# തിലോദകം

എം. ആർ. നളിനമ്മ

[കേരള ഹിന്ദി പ്രചാര സഭയുടെ ഒരു സജീവ പ്രവർത്തകയും ടി സഭാ സെക്രട്ടറി ശ്രീ. എം. കെ. വേലായുധൻ നായരുടെ സഹധർമ്മിണിയുമായിരുന്ന ശ്രീമതി ബി. സരസ്വതി തങ്കച്ചി, എം. എ. 28-7-1978-ൽ അകാല മരണമടഞ്ഞു. 'വിദ്യാരംഗം' അച്ചടിച്ചു പുറത്തിറക്കുന്ന രാഷ്ട്രഭാഷാ മുദ്രണാലയത്തോട് ബന്ധപ്പെട്ടവരെയാകമാനം നിയതിയുടെ ആ ക്രൂരവിനോദം ദുഃഖത്തിലാഴ്ത്തുകയുണ്ടായി. നികത്താനാകാത്ത ആ വേർപാടിൽ ശ്രീമതി എം. ആർ. നളിനമ്മ മനം നൊന്തു കേഴുകയാണ് ഈ കവിതയിൽ. ]

സഹ പത്രാധിപർ



ശ്രീലതികോദ്യാനത്തിൽ വിരിഞ്ഞു വിളങ്ങിയ
സൂര്യകാന്തിപ്പൂ വീണു, വീണപൂവായിത്തീർന്ന
ശ്രീലേഖാ ശ്രീകുമാർ, അക്കലാമുകുളങ്ങൾ
പൂവായിക്കാണും മുമ്പേ ഹന്ത നീ മറഞ്ഞായോ !

മറക്കാനാവുന്നീല, ആ മഞ്ജുള മന്ദസ്മേരം
മറക്കാനാവുന്നീല, ആ നമസ്തേ പറയലും !
മംഗള ദീപാഞ്ജലിയത്തൊഴ കൈയായ് വന്ന
ഞങ്ങളെയാരാണിനി സ്വാഗതം ചെയ്തീടുവാൻ

ഹാ 'സരസ്വതീ'ദേവീ നിൻ നാമം ജയിക്കുന്ന
കേരളത്തിൻെറ കൊച്ചു കസ്തൂർബാ ജയിക്കുന്ന
ആ നീലാകാശത്തിങ്കൽ തിളങ്ങുമരുന്ധതീ-
ദേവിയായുയർന്നു നീ കിരണം ചൊരിയുന്ന

നിൻ തൃക്കാലടികളിൽ അശ്രുബിന്ദുക്കളാലേ
ഞങ്ങളിത്തിലോദകമർപ്പിപ്പൂ, നമസ്കാരം !

# ഗവൺമെൻറും ഡിപ്പാർട്ടുമെൻറലും ഓർഡറുകൾ

നമ്പർ എച്ച്. 3—69967/78

വിദ്യാഭ്യാസ ഡയറക്ടർ ആഫീസ്,

തിരുവനന്തപുരം, 3-8-1978

സർക്കുലർ

വിഷയം:— മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികളും.

സൂചന:— പൗരസ്ത്യ ഭാഷാധ്യാപക സംഘടനയുടെ 29-5-78-ലെ കത്ത്.

ഭരണഭാഷാമാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും വിവിധ ആഫീസ് തലങ്ങളിലും സ്കൂളുകളിലും കർശനമായി നടപ്പിലാക്കേണ്ടതാണ്. മലയാളത്തിൽ എഴുതിയ പരാതികളിൽ മലയാളത്തിൽത്തന്നെ നടപടി എടുക്കണമെന്നും വീണ്ടും ഓർമ്മപ്പെടുത്തുന്നു.

മലയാളത്തിൽ കത്തിടപാടുകളും നടത്തുന്നതിനും നിശ്ചയിച്ചിട്ടുള്ള സെക്ഷനുകളിൽ മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നതിൽ വീഴ്ച വരുത്തുവാൻ പാടില്ല. ഈ ആഫീസിൽ നിന്നും എച്ച്. 3-181879/77-ാം നമ്പരിൽ 26-5-1978-ൽ അയച്ച സർക്കുലറിലേക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധക്ഷണിക്കുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങളും കർശനമായി നടപ്പിൽ വരുത്തണമെന്നും അഭ്യർത്ഥിക്കുന്നു. സ്കൂളുകളെ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങളും ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, സബ്ബ് ആഫീസുകളുടെയും സ്കൂൾ അധികൃതരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

1. ഹാജർ പുസ്തകങ്ങളും മലയാളത്തിലുള്ള ഫാറങ്ങളും ഉപയോഗിക്കണം.
2. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പേരും മറ്റു വിവരങ്ങളും ഹാജർ പുസ്തകങ്ങളിൽ മലയാളത്തിലെഴുതണം.
3. അകപ്പറൻസ് രജിസ്റ്റർ മലയാളത്തിൽ എഴുതി സൂക്ഷിക്കണം.
4. സ്കൂൾ അധികൃതർ പുറപ്പെടുവിക്കുന്ന അറിയിപ്പുകളും, വിദ്യാർത്ഥികളുടെ പ്രോഗ്രസ് കാർഡുകളും മലയാളത്തിലായിരിക്കണം.
5. സ്കൂളിന്റെ നാമഫലകം മലയാളത്തിലായിരിക്കണം.
6. എഴുത്തുകുത്തുകളും കഴിയുന്നത്ര മലയാളഭാഷയിലായിരിക്കണം.

(ഒപ്പ്)

വിദ്യാഭ്യാസ ഡയറക്ടർ

നമ്പർ എച്ച്‌ 3—37475/78, വിദ്യാഭ്യാസ ഡയറക്‌ടർ ആഫീസ്‌,

തിരുവനന്തപുരം 3-8-1978

## സർക്കുലർ

വിഷയം:— മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതു സംബന്ധിച്ച്‌—ഔദ്യോഗിക ഭാഷാ സമിതിയുടെ തീരുമാനം നടപ്പാക്കുന്നതു സംബന്ധിച്ച്‌—

സൂചന:— 25-6-1978-ലെ 37132-ജി 3-78—പൊ. വി. നമ്പരിലുള്ള സർക്കാർ കത്തു്‌.

പൊതുഭരണ—ഔദ്യോഗിക ഭാഷാവകുപ്പ്‌ പ്രസാധനം ചെയ്യുന്ന 'ഭരണഭാഷ' മാസിക ഹൈസ്‌ക്കൂൾ ലൈബ്രറികളിൽ വാങ്ങേണ്ടതാണു്‌. മാസികയുടെ വാർഷിക വരിസംഖ്യ 6 (ആറു്‌) രൂപയാണു്‌. വരിസംഖ്യ പത്രാധിപർ, ഭരണഭാഷാ മാസിക, ഔദ്യോഗിക ഭാഷാവകുപ്പ്‌, ഠഠി. സി. 26-392, പൂന്തൻ റോഡു്‌, തിരുവനന്തപുരം-പിൻ, 695001" എന്ന വിലാസത്തിലാണു്‌ അയയ്ക്കേണ്ടതു്‌.

ഇതു സംബന്ധിച്ച്‌ ആവശ്യമായ നിർദ്ദേശങ്ങളും ഹൈസ്കൂളും മേധാവികൾക്കു്‌ നല്കണമെന്നു്‌ ജില്ലാ വിദ്യാഭ്യാസ ആഫീസ്സറന്മാരോടു്‌ അഭ്യർത്ഥിക്കുന്നു.

(ഒപ്പു്‌)

വിദ്യാഭ്യാസ ഡയറക്ടർ

## ഔദ്യോഗിക-ആവശ്യത്തിനു മലയാളഭാഷ ഉപയോഗിക്കൽ

1. ഔദ്യോഗികഭാഷ — നിയമമനുസരിച്ചു്‌ മലയാളവും ഇംഗ്ലീഷും ഔദ്യോഗിക ഭാഷകളാണു്‌. രണ്ടും ഉപയോഗിക്കാവുന്നതാണു്‌. അടുത്ത അഞ്ചുവർഷത്തിനകം ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുക എന്നതാണു്‌ ഗവണ്മെൻറിൻെറ നയം. മലയാളത്തിൽ കിട്ടുന്ന ഹർജികൾക്കു മലയാളത്തിൽത്തന്നെ മറുപടി കൊടുക്കണം.

2. താലൂക്കുവരെ സകല ജോലിയും മലയാളത്തിൽ ചെയ്യണം. ജില്ലാതലം മുതൽ മാത്രമേ മുകളിലോട്ട്‌ ഇംഗ്ലീഷ്‌ ഉപയോഗിക്കാവൂ. എന്നാൽ കാസർകോട്ട്‌ തുടങ്ങിയ ഭാഷാന്യൂനപക്ഷ പ്രദേശത്തു്‌ ഇംഗ്ലീഷ്‌ ഔദ്യോഗികഭാഷയായി തുടരേണ്ടതാണു്‌.

3. ഈ നിർദ്ദേശം നടപ്പാക്കുന്നുണ്ടോ എന്നറിയാൻ ഗവണ്മെൻറിനു പ്രത്യേക സംവിധാനമില്ല. അതുകൊണ്ടു്‌ അതാതു്‌ ജില്ലാകളക്ടർ ആഫീസിലും ഡിപ്പാർട്ടുമെൻറു്‌ അദ്ധ്യക്ഷൻെറ ആഫീസിലും ഓരോ പ്രത്യേക ആഫീസറന്മാരെ നിയമിക്കുക. ഇവർ ആഫീസു്‌ പരിശോധിക്കുമ്പോൾ മലയാളം ഉപയോഗിക്കേണ്ടതിൻെറ ആവശ്യകത പറഞ്ഞു മനസ്സിലാക്കുകയും ഗവണ്മെൻറിലേക്കു്‌ റിപ്പോർട്ടുകൾ അയയ്ക്കുകയും വേണം.

4. ഒരു നയമെന്ന നിലയിൽ എല്ലാ ഫാറങ്ങളും മലയാളത്തിലാക്കണം. ഏതൊക്കെയാണു്‌ മലയാളത്തിലാക്കണമെന്ന വിവരം വകുപ്പദ്ധ്യക്ഷന്മാർ ഔദ്യോഗികഭാഷാവകുപ്പിനെ അറിയിച്ചാൽമാത്രമേ ഇതിന്മേൽ നടപടി സാദ്ധ്യമാവൂ.

5. ഇപ്പോഴുള്ള സ്റ്റെനോഗ്രാഫർമാർ മലയാളത്തിൽ യോഗ്യത നേടിയിരിക്കണം. ടൈപ്പ്‌റൈറ്ററിൻെറ അഭാവമാണെങ്കിൽ കൂടുതൽ വരുത്താവുന്നതാണു്‌.

6. ഇംഗ്ലീഷിനെ പാടേ തുടച്ചുമാറ്റാനുള്ള അടവല്ലിതു്‌. ഭരണഭാഷ മാത്രമേ മാറ്റുന്നുള്ളൂ. നടപ്പാക്കുന്നതു്‌ ഘട്ടംഘട്ടമായി മാത്രം മതിയെന്നാണു്‌ തീരുമാനിച്ചിരിക്കുന്നതു്‌. വില്ലേജ്‌തലത്തിൽ ഭരണഭാഷ മലയാളമാകണം. ജനങ്ങൾക്കു കൂടുതൽ പ്രയോജനപ്പെടുകയും മനസ്സിലാകുകയും ചെയ്യുന്ന ഭാഷയിലായിരിക്കണം ഭരണം നടത്തേണ്ടതു്‌.

(ശരിപ്പകർപ്പു്‌)

18734

# GOVERNMENT OF KERALA

**ABSTRACT**

General Education—Promotion of Graduate Nursery School Teachers—Orders issued.

---

GENERAL EDUCATION (J) DEPARTMENT

G. O. (MS) 102/78/G.Edn. Dated, Trivandrum, 21st July 1978.

---

Read: 1. G. O. (MS) 24/77/G. Edn. dated 8-2-1977

2. Letter No. B1-9692/78 dated 25-4-1978 from the Director of Public Instruction, Trivandrum.

## ORDER

In the G. O. read as 1st paper above Government have ordered that Nursery School Teachers who have training (T. T. C. / B. Ed.) are eligible for grade promotion as in the case of P. D. Teachers. The Director of Public Instruction in his letter read above has reported that the qualifications prescribed for the post of Nursery School Teachers are S. S. L. C. and Nursery Teachers, Training; hence it is not possible to give higher grade to the Nursery school teachers on the basis of the said G. O. In the circumstance Government order that the qualified Nursery School Teachers will be eligible for grant of higher grade ie. those possesstng S. S. L. C. and the Nursery teachers' training qualification as in the case of P. D. teachers. The G. O. read above is modified accordingly.

By order of the Governor,

P. S. RAMAN PILLAI,

*Joint Secretary to Government.*

---

Printed and Published by K. Uppiliappan, Director of Public Instruction for the Department of Education, Kerala State, at the Rashtravani Mudranalaya, Trivandrum-695014
Chief Editor: K. Jacob Cherian. Editor M. P. Raman Nair.
Joint Editor K. P. Krishnan Nair

18234

KL/T.V./159

# Vidyarangam (MONTHLY)

Regd. No. R N 27929/76 Vol. III No. 8 AUGUST 15, 1978 Price: Re. 1



Cover Printed At The Corporation Litho Works, Sivakasi.